# BALASANKARAM

## A Commentary on kaladeepa

## Vol. 1

THE SRÎ VANCHI SÊTU LAKSHMI SERIES.

No. 8.

OFFICE OF THE MALAYALAM IMPROVEMENT COMMITTEE ERNAKULAM.

# BALASANKARAM

## A Commentary on Kaladeepa

VOL. I.

EDITED

**With an Introduction**

BY

KOLATTERI SANKARA MENON, M. A., L. T.,

*Director of Ayurveda, Travancore*

*and*

*Curator for the Publication of Ayurveda,
Jyotisha (Astronomy and Astrology) and
Malayalam Manuscripts.*

---

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

---

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS

1927.

*All Rights Reserved.*] [Price Chs. 14

ശ്രീവഞ്ചിക്ഷ്മാലവാലാ കനകമയലതാ
കാപി കല്പദ്രുസക്താ
കാലേ നീതിപ്രവാളാ സുരഭിലസുകൃതോ-
പാത്തബോധപ്രസൂനാ
ഭൂരിശ്രേയഃഫലാഢ്യാ ദ്വിജകുലകലിതാ
ച്ഛായയാപാസ്തതാപാ
സേയം ഭക്ത്യേകസാരാ വിലസതി സകലാ-
ഭീഷ്ടദാ സജ്ജനാനാം.

തയാജ്ഞപ്തോ ലക്ഷ്മ്യാ ധരണിഗതയാ ജ്യോതിഷമുഖ-
പ്രബന്ധാൻ പ്രാചീനാൻ പ്രകടയിതുമന്തർവ്വിനിഹിതാൻ
സദാസോയം ചിന്വൻ വിദധദപി ശുദ്ധാൻ നയതി താൻ
പ്രകൃഷ്ടാൻ പ്രാകാശ്യം; തമിമമനുഗൃഹ്ണന്തു സുധിയഃ.

കൊളത്തേരി ശങ്കരമേനോൻ.

## അവതാരിക.

പുരാതനഹിന്ദുക്കളുടെ അഭിപ്രായത്തിൽ വിദ്യകൾ പതിന്നാലാകുന്നു. അവ ഏതെല്ലാമാണെന്നു താഴെ ചേൎത്തിരിക്കുന്ന പ്രമാണശ്ലോകത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

"അംഗാനി വേദാശ്ചത്വാരോ
മീമാംസാ ന്യായവിസ്തരഃ
പുരാണം ധൎമ്മശാസ്ത്രം ച
വിദ്യാ ഹ്യേതാശ്ചതുൎദ്ദശ."

നാലുവേദങ്ങൾ, ആറുശാസ്ത്രങ്ങൾ, മീമാംസ, ന്യായശാസ്ത്രം, പുരാണം, ധൎമ്മശാസ്ത്രം എന്നിവ പതിന്നാലുംതന്നെ വിദ്യകൾ.

പിന്നീടു നാലെണ്ണംകൂടി ചേൎത്തു വിദ്യകളെ പതിനെട്ടാക്കി കല്പിച്ചിരിക്കുന്നു. ആ നാലെണ്ണത്തിന്റെ വിവരം താഴെ ചേൎക്കുന്നു.

"ആയുൎവ്വേദോ ധനുൎവ്വേദോ
ഗാന്ധൎവ്വോ വേദ ഏവ ച
അൎത്ഥവേദശ്ചതുൎത്ഥശ്ച
വിദ്യാ ഹ്യഷ്ടാദശ സ്മൃതാഃ."

ആയുൎവ്വേദം, ധനുൎവ്വേദം, ഗാന്ധൎവ്വവേദം, അൎത്ഥവേദം എന്നിവ നാലും ഉൾപ്പെടെ വിദ്യകൾ പതിനെട്ടായിത്തീൎന്നു.

"സ ചതുൎവ്വിധഃ ഋഗ്വേദോ യജുൎവ്വേദ-
സ്സാമവേദോഽഥൎവ്വവേദശ്ചേതി."

എന്ന വചനപ്രകാരം ഋക്, യജുസ്സ്, സാമം, അഥൎവ്വണം എന്നിവ നാലുംതന്നെ വേദങ്ങൾ.

വേദാംഗങ്ങൾ ആറ് എന്നു പറഞ്ഞിരിക്കുന്നവ ഏതെല്ലാമെന്നു നിരൂപിക്കാം.

"വേദാംഗാനി ഷഡേതാനി
ശിക്ഷാ വ്യാകരണം തഥാ
നിരുക്തം ജ്യോതിഷം കല്പഃ
ഛന്ദോവിചിതിരിത്യപി

മേൽപറഞ്ഞ പ്രമാണശ്ലോകത്തിൽനിന്നു ശിക്ഷ, വ്യാകരണം, നിരുക്തം, ജ്യോതിഷം, കല്പം, ഛന്ദോവിചിതി എന്നിവ ആറും വേദാംഗങ്ങൾ എന്നു സിദ്ധിക്കുന്നു.

വേദോച്ചാരണലക്ഷണത്തെ ഉപദേശിക്കുന്ന ശാസ്ത്രത്തിന്നു ശിക്ഷ എന്നു പേർ.

„ശിക്ഷാ ശിക്ഷയതി വ്യക്തം
വേദോച്ചാരണലക്ഷണം."

സംഹിതാപദലക്ഷണങ്ങളെ ഉപദേശിക്കുന്ന ശാസ്ത്രം വ്യാകരണമാകുന്നു.

„വക്തി വ്യാകരണം തസ്യ
സംഹിതാപദലക്ഷണം."

വേദനിർവ്വചനത്തെച്ചെയ്യുന്ന ശാസ്ത്രത്തിന്നു നിരുക്തം എന്നു പേർ.

„വക്തി തസ്യ നിരുക്തം തു
വേദനിർവ്വചനം സ്ഫുടം."

അഗ്നിഷ്ടോമാദിവൈദികകർമ്മങ്ങളുടെ കാലത്തെ ഉപദേശിക്കുന്ന ശാസ്ത്രം ജ്യോതിഷം.

„ജ്യോതിശ്ശാസ്ത്രം വദത്യത്ര
കാലം വൈദികകർമ്മണാം."

വൈദികകർമ്മാനുഷ്ഠാനക്രമത്തെ ഉപദേശിക്കുന്ന ശാസ്ത്രം കല്പം ആകുന്നു.

„ക്രമം കർമ്മപ്രയോഗാണാം
കല്പം തത്ര പ്രചക്ഷതേ."

ഗായത്ര്യാദി ഛന്ദസ്സുകളുടെ ലക്ഷണങ്ങളെ ഉപദേശിക്കുന്ന ശാസ്ത്രത്തിന്നു ഛന്ദോവിചിതി എന്നു പേർ.

„മന്ത്രാക്ഷരാണാം സംഖ്യോക്താ
ഛന്ദോവിചിതിഭിസ്തഥാ."

ശിക്ഷാദികൾ ആറും വേദൈകശേഷങ്ങൾ. അപ്രകാരം മീമാംസയ്ക്കും വേദൈകശേഷത്വമുണ്ടു.

„സ്വാദ്ധ്യായോഽദ്ധ്യേതവ്യഃ."

എന്നതുകൊണ്ടു വേദാദ്ധ്യയനം ചെയ്യുന്നതു വേദാംഗജ്ഞാന പൂൎവ്വം വേണമെന്നുതന്നെ സിദ്ധിക്കുന്നു.

വേദാൎത്ഥവിചാരം ചെയ്യുന്നതിന്നുപയുക്തമായ ശാസ്ത്രത്തിന്നു മീമാംസ എന്നു പേർ.

"മീമാംസാ സൎവ്വവേദാൎത്ഥ-
പ്രവിചാരപരായണാ."

മീമാംസയിൽ ആകെ ഇരുപതു് അദ്ധ്യായം ഉണ്ടു്. ആദ്യത്തെ പന്ത്രണ്ടു് അദ്ധ്യായം പൂൎവ്വമീമാംസ. പിന്നത്തെ നാലു് അദ്ധ്യായം മദ്ധ്യമമീമാംസ. ഒടുവിലത്തെ നാലു് അദ്ധ്യായത്തിന്നു് ഉത്തരമീമാംസ എന്നു പേർ. അവിടെ പൂൎവ്വമീമാംസയിൽ അഗ്നിഷ്ടോമാദികൎമ്മങ്ങളുടെ വിധികളെ വിസ്തരിച്ചു നിരൂപിക്കുന്നു. പൂൎവ്വമീമാംസയിൽ വിധിച്ചിരിക്കുന്നപ്രകാരം അഗ്നിഷ്ടോമാദികൎമ്മങ്ങളെച്ചെയ്തു് അന്തഃകരണശുദ്ധിയെ പ്രാപിച്ചു മോക്ഷേച്ഛുവായിരിക്കുന്നവന്നു മദ്ധ്യമമീമാംസ സകളബ്രഹ്മോപാസനപ്രകാരത്തെ വിചാരണചെയ്യുന്നു. തദനുഷ്ഠാനംകൊണ്ടു സാധനചതുഷ്ടയസമ്പന്നനായിരിക്കുന്നവന്നു് ഉത്തരമീമാംസ മോക്ഷസാധനത്തെക്കുറിച്ചു വിചാരിക്കുന്നു. ഇപ്രകാരം കാണ്ഡത്രയാൎത്ഥവിചാരമായിട്ടുള്ളതാകുന്നു മീമാംസാത്രയം.

പ്രത്യക്ഷാദിപ്രമാണങ്ങളുടെ ലക്ഷണത്തെ ഉപദേശിച്ചു് അവൈദികന്മാരിൽനിന്നു വേദത്തെ ന്യായശാസ്ത്രം രക്ഷിക്കുന്നു.

പുരാണം ഇതിഹാസത്തിന്നുംകൂടി ഉപലക്ഷണമെന്നു ധരിച്ചുകൊള്ളേണ്ടതാണു്. ഇതിഹാസപുരാണാത്മികയായുള്ള വിദ്യ വേദത്തോടു തുല്യമായിപ്പറയപ്പെട്ടിരിക്കുന്നു.

"ഇതിഹാസഃ പുരാണം ച
പഞ്ചമോ വേദ ഉച്യതേ."

എന്നും.

"ഇതിഹാസപുരാണാഭ്യാം
വേദം സമുപബൃംഹയേത്."

എന്നും പറഞ്ഞിരിക്കുന്നു.

പുരാണം അഞ്ചു ലക്ഷണങ്ങളോടുകൂടിയിരിക്കുന്നു. സൎഗ്ഗം, പ്രതിസൎഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നിവതന്നെ പുരാണലക്ഷണങ്ങൾ.

"സൎഗ്ഗശ്ച പ്രതിസൎഗ്ഗശ്ച
വംശോ മന്വന്തരാണി ച
വംശാനുചരിതം ചേതി
പുരാണം പഞ്ചലക്ഷണം."

എന്നു പ്രമാണം.

അവിടെ സൎഗ്ഗം എന്നു സൃഷ്ടി; പ്രതിസൎഗ്ഗം എന്നു പ്രളയം; വംശം എന്നു സൂൎയ്യവംശം തുടങ്ങിയവ; മന്വന്തരം എന്നു സ്വായംഭുവാദികളുടെ കാലം; വംശാനുചരിതം എന്നു വംശ്യന്മാരായ മഹത്തുക്കളുടെ ചരിത്രം. ഈ പറഞ്ഞ അഞ്ചുലക്ഷണങ്ങളും പുരാണത്തിന്നുണ്ടായിരിക്കണം.

ഇങ്ങനെ ഉള്ള പുരാണങ്ങൾ പതിനെട്ടുണ്ടു്.

"ബ്രാഹ്മം പാദ്മം വൈഷ്ണവം ച
ശൈവം ഭാഗവതം തഥാ
ഭവിഷ്യന്നാരദീയം ച
മാൎക്കണ്ഡേയം തഥാപരം.

ആഗ്നേയം ബ്രഹ്മവൈവൎത്തം
ലൈംഗം വാരാഹമേവ ച
സ്കാന്ദം ച വാമനം ചൈവ
കൌൎമ്മം മാത്സ്യം ച ഗാരുഡം.

ബ്രഹ്മാണ്ഡം ചൈവ പുണ്യോƒയം
പുരാണാനാമനുക്രമഃ."

ഈ പുരാണങ്ങളുടെ പേരുകളെത്തന്നെ വ്യാസൻ മറെറാരവസരത്തിൽ സംഗ്രഹിച്ചു പറഞ്ഞിരിക്കുന്ന പ്രകാരം താഴെ ചേൎക്കുന്നു

"മദ്വയം ഭദ്വയം ചൈവ
ബ്രത്രയം വചതുഷ്ടയം
അനാപലിംഗകൂസ്കാനി
പുരാണാനി പൃഥൿ പൃഥൿ."

മദ്വയം=മ എന്നു് ആദിയായിട്ടു രണ്ടു പുരാണങ്ങൾ. അവ മത്സ്യപുരാണം, മാൎക്കണ്ഡേയപുരാണം.

ഭദ്വയം=ഭ എന്നു് ആദിയായിട്ടു രണ്ടു്, അവ ഭവിഷ്യത് പുരാണം, ഭാഗവതപുരാണം.

ബ്രത്രയം=ബ്ര എന്ന് ആദിയായി മൂന്ന്. അവ ബ്രഹ്മപുരാണം, ബ്രഹ്മാണ്ഡപുരാണം, ബ്രഹ്മവൈവൎത്തപുരാണം.

വചതുഷ്ടയം=വ എന്ന് ആദിയായി നാല്. അവ വായുപുരാണം, വാമനപുരാണം, വരാഹപുരാണം, വിഷ്ണുപുരാണം.

"അനാപലിംഗക്രസ്കാനി" എന്നതിലെ ഓരോ അക്ഷരവും ഓരോ പുരാണത്തിന്റെ പേരാണ്. അ=അഗ്നിപുരാണം; നാ=നാരദപുരാണം; പ=പത്മപുരാണം; ലിം=ലിംഗപുരാണം; ഗ=ഗരുഡപുരാണം; ക്രൂ=ക്രൂൎമ്മപുരാണം; സ്കാ=സ്കാന്ദപുരാണം ഇങ്ങനെ പുരാണം പതിനെട്ട്. ഇവയിൽ എല്ലാംതന്നെ വേദാൎത്ഥത്തെ ഉപബൃംഹണം ചെയ്തിരിക്കുന്നു.

മാനവപാരാശരാദികൾ ധൎമ്മശാസ്ത്രങ്ങളാകുന്നു. അപ്രത്യക്ഷശ്രുതിമൂലങ്ങളായിരിക്കുന്ന ധൎമ്മങ്ങളെ പുരസ്കരിച്ചു ദേശകാലാധികാരിഭേദേന വൎണ്ണാശ്രമാദിധൎമ്മങ്ങളെ പ്രതിപാദിച്ചു പ്രത്യക്ഷവേദത്തിന് അനുഗ്രാഹകമായിരിക്കുന്നതിന്നു ധൎമ്മശാസ്ത്രം എന്നു പേർ.

വേദോക്തകൎമ്മങ്ങളെ യഥാവിധി അനുഷ്ഠിക്കുന്നതിന് ഉപയോഗിയായിരിക്കുന്ന ശരീരത്തിന്റെ നീരോഗതയെ സമ്പാദിക്കുന്നതിന്നുപദേശം നൽകുന്നു ആയുൎവ്വേദം; അതിനാൽ അതു വേദോപയോഗിയാകുന്നു.

പ്രജാപരിപാലനത്തിൽപരന്മാരായിരിക്കുന്ന രാജാക്കന്മാൎക്കു പാപിഷ്ഠന്മാരായ പരന്മാരുടെ പരിഭവാൎത്ഥമായി പലവിധമായ ശസ്ത്രാസ്ത്രങ്ങളുടെ പ്രയോഗത്തെ ധനുൎവ്വേദം ഉപദേശിക്കുന്നു; അതിനാൽ ഇതും വേദോപയോഗിതന്നെ.

സാമഗാനത്തിങ്കലേക്കു ഉപയോഗിയായിരിക്കുന്ന സ്വരലക്ഷണത്തെ ഗാന്ധൎവ്വവേദം ഉപദേശിക്കുന്നു; ആകയാൽ അതും വേദോപയോഗിതന്നെ.

സന്ധിവിഗ്രഹാദിഷഡ്ഗുണങ്ങൾ സാമാദിസപ്തോപായങ്ങൾ മുതലായവയുടെ സ്വരൂപാദികളേയും കൃഷിഗോരക്ഷാദികളെക്കൊണ്ടു ചരുപുരോഡാശാദികളുടെ സമ്പാദനത്തേയും അൎത്ഥവേദം ഉപദേശിക്കുന്നു. അതിനാൽ ഇതും വേദോപയോഗിതന്നെ.

ഇപ്രകാരം ഇവിടെ പതിനെട്ടു വിദ്യകളുടേയും സ്വരൂപം സാമാന്യമായി പറഞ്ഞുകഴിഞ്ഞു. പതിനെട്ടു വിദ്യകളിൽ നാലു വേദം ഒഴിച്ചുള്ള ശേഷം പതിനാലും വേദോപയോഗികളെന്നു വ്യക്തമാക്കുകയും ചെയ്തു.

വേദം കഴിഞ്ഞാൽ പിന്നെ പ്രാധാന്യം വേദാംഗങ്ങൾക്കാണ്. അതിൽ ആറും ശേഷം എട്ടിനും. ഇനി വേദാംഗങ്ങളിൽ പ്രാധാന്യം ഏതിനാണെന്നു നിരൂപിക്കാം.

„ഛന്ദഃ പാദൌ തു വേദസ്യ
ഹസ്തൌ കല്പോഽഥ കഥ്യതേ
ജ്യോതിഷാമയനം ചക്ഷു-
ർന്നിരുക്തം ശ്രോത്രമുച്യതേ.

ശിക്ഷാ ഘ്രാണം തു വേദസ്യ
മുഖം വ്യാകരണം സ്മൃതം
ഏതാന്യംഗാനി വേദസ്യ
നിത്യം ജ്ഞേയാനി വൈ ബുധൈഃ."

എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു വേദപുരുഷന്റെ പാദം ഛന്ദഃശാസ്ത്രം എന്നും, ഹസ്തം കല്പം എന്നും, ചക്ഷുസ്സു ജ്യോതിഷം എന്നും, ശ്രോത്രം നിരുക്തം എന്നും, മൂക്കു ശിക്ഷ എന്നും, മുഖം വ്യാകരണമെന്നും സിദ്ധിക്കുന്നു. ഇതിനെത്തന്നെ ഒരു ആചാര്യൻ.

„ഛന്ദഃ പാദം ശബ്ദശാസ്ത്രം ച വക്ത്രം
കല്പഃ പാണി ജ്യോതിഷം ചക്ഷുഷീ ച
ശിക്ഷാ ഘ്രാണം ശ്രോത്രമുക്തം നിരുക്തം
വേദസ്യാംഗാന്യേവമാഹുർമ്മുനീന്ദ്രാഃ."

എന്നവിധത്തിൽ പറഞ്ഞിരിക്കുന്നു. ഇതിനുംപുറമെ,

„വേദസ്യ ചക്ഷുഃ കില ശാസ്ത്രമേതത്
പ്രധാനതാംഗേഷു തതോഽസ്യ യുക്താ
അംഗൈര്യുതോഽന്യൈരപി പൂർണ്ണമൂർത്തി-
ശ്ചക്ഷുർവ്വിനാ കഃ പുരുഷത്വമേതി."

എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു ജ്യോതിഷത്തിനുള്ള സർവ്വപ്രാധാന്യം ആപാദിതമായി.

„മുഖമദ്ധം ശരീരസ്യ
സർവം വാ മുഖമുച്യതേ
തത്രാപി നാസികാശ്രേഷ്ഠാ
ശ്രേഷ്ഠേ തത്രാപി ചക്ഷുഷീ.”

ഈ പ്രമാണശ്ലോകത്തിൽ നിന്നു സർവ്വശരീരാംഗങ്ങളിലും വച്ചു ചക്ഷുസ്സിന്നു പ്രാധാന്യമുണ്ടെന്നു സിദ്ധിക്കുന്നു.

„സർവേന്ദ്രിയാണാം നയനം പ്രധാനം.”

എന്നും പ്രമാണം ഉണ്ടു്.

അപ്രകാരം പ്രാധാന്യമുള്ള ചക്ഷുസ്സാണു് ജ്യോതിഷമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ജ്യോതിഷത്തിന്നു മററുള്ള വേദാംഗങ്ങളെക്കാൾ പ്രാശസ്ത്യമുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

„യഥാ ശിഖാ മയൂരാണാം
നാഗാനാം മണയോ യഥാ
തഥാ വേദാംഗശാസ്ത്രാണാം
ജ്യോതിഷം മൂർദ്ധനി സ്ഥിതം.”

എന്നുള്ള പ്രമാണം ജ്യോതിഷത്തിൻെറ സർവ്വപ്രാധാന്യത്തെ തന്നെ പ്രബലപ്പെടുത്തുന്നു.

ഇപ്രകാരം വേദാംഗശാസ്ത്രങ്ങളിൽവച്ചു പ്രാധാന്യമേറിയ ജ്യോതിഷമാണു് ഇവിടെ പ്രതിപാദ്യമായിട്ടുള്ളതു്. ഇനി അതിൻെറ സ്വരൂപത്തെക്കുറിച്ചു കുറഞ്ഞൊന്നു ചിന്തിക്കാം.

„സ്കന്ധത്രയാത്മകം ജ്യോതി-
ശ്ശാസ്ത്രമേതത് ഷഡംഗവത്
ഗണിതം സംഹിതാ ഹോരാ
ചേതി സ്കന്ധത്രയം മതം.”

ജ്യോതിശ്ശാസ്ത്രത്തിന്നു മൂന്നു സ്കന്ധങ്ങളും ആറു് അംഗങ്ങളുമുണ്ടു്. ഗണിതം, സംഹിത, ഹോര എന്നിവ മൂന്നും സ്കന്ധങ്ങളാണു്.

„ജാതകഗോളനിമിത്ത-
പ്രശ്നമുഹൂർത്താഖ്യഗണിതനാമാനി
അഭിദധതീഹ ഷഡംഗാ-
ന്യാചാര്യാ ജ്യൌതിഷേ മഹാശാസ്ത്രേ.”

എന്ന വചനത്തിൽനിന്നു ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നീ ആറും അംഗങ്ങളെന്നു സിദ്ധിക്കുന്നു.

"ഗോളോ ഗണിതം ചേതി
ദ്വിതയം ഖലു ഗണിതസംജ്ഞകേ സ്കന്ധേ
ഹോരാസംഹിതയോരപി
നിമിത്തമന്യത്ത്രയം ച ഹോരാഖ്യേ."

ജ്യോതിശ്ശാസ്ത്രത്തിന്റെ ആറംഗങ്ങൾ സ്കന്ധത്രയത്തിൽ എങ്ങനെ അന്തർഭവിച്ചിരിക്കുന്നു എന്ന് ഈ ശ്ലോകം വ്യക്തമാക്കിയിരിക്കുന്നു. ഗണിതസ്കന്ധത്തിൽ അംഗങ്ങളായ ഗോളഗണിതങ്ങളും, ഹോരാസ്കന്ധത്തിൽ ജാതകപ്രശ്നമുഹൂർത്തങ്ങളും, സംഹിതാസ്കന്ധത്തിൽ നിമിത്തവും പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഹോരാസ്കന്ധത്തിൽകൂടി നിമിത്തം പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി വിസ്മരിച്ചുകൂടാത്തതാകുന്നു.

സംഹിതാസ്കന്ധത്തിൽ നിമിത്തം മാത്രമെ പറവാനുള്ളു എങ്കിൽ അതിനെക്കുറിച്ചു ഹോരാസ്കന്ധത്തിൽ പ്രതിപാദിക്കുന്ന സ്ഥിതിക്കു സംഹിതാസ്കന്ധം നിരർത്ഥകമെന്നു തോന്നിപ്പോകും. ആ മിത്ഥ്യാജ്ഞാനത്തെ പരിഹരിക്കുന്നതിന്നുവേണ്ടി സംഹിതാസ്കന്ധസ്വരൂപത്തെ വ്യക്തമായിത്താഴെ ചേർക്കുന്നു.

"ജനപുഷ്ടിക്ഷയവൃദ്ധി-
ദ്വിരദതുരംഗാദിസർവ്വജന്തൂനാം
കേതൂല്ക്കാദീനാം വാ
ലക്ഷണമുദിതം ഹി സംഹിതാസ്കന്ധേ."

ജനപുഷ്ടിക്ഷയവൃദ്ധിദ്വിരദതുരംഗാദി സർവ്വവസ്തുക്കളുടേയും കേതൂല്ക്കാദികളുടേയും ലക്ഷണം സംഹിതാസ്കന്ധത്തിൽ പറഞ്ഞിരിക്കുന്നു.

മേൽപറഞ്ഞവയിൽനിന്നു ജ്യോതിശ്ശാസ്ത്രത്തിന്റെ മൂന്നു സ്കന്ധങ്ങളും, ആറംഗങ്ങളും ഇന്നിന്നവയെന്നും അവയിൽ ഏതേതംഗങ്ങൾകൂടി ഏതേതു സ്കന്ധങ്ങൾ ഉണ്ടാകുന്നു എന്നും വ്യക്തമായല്ലൊ.

ജ്യോതിശ്ശാസ്ത്രത്തെ മറെറാരുപ്രകാരം നിരീക്ഷണംചെയ്യുമ്പോൾ രണ്ടു വലിയ വിഭാഗങ്ങളായി പിരിക്കാവുന്നതാണ്,

"പ്രമാണഫലഭേദേന
ദ്വിവിധം ച ഭവേദിദം."

ജ്യോതിശ്ശാസ്ത്രത്തെ പ്രമാണം എന്നും ഫലം എന്നും രണ്ടായി വിഭജിക്കാം. അങ്ങനെ പിരിക്കുമ്പോൾ ഗണിതസ്കന്ധം പ്രമാണവും, സംഹിതാഹോരാസ്കന്ധങ്ങൾ ഫലസ്വരൂപങ്ങളുമെന്നു മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു.

"പ്രമാണം ഗണിതസ്കന്ധം
സ്കന്ധാവന്യൌ ഫലാത്മകൌ."

എന്നുള്ള വചനം കാണുക.

പ്രമാണമായ ഗണിതസ്കന്ധത്തിനു ഗണിതഗോളങ്ങളെന്നു രണ്ടു് അംഗങ്ങളുണ്ടെന്നു മുൻപുതന്നെ പറഞ്ഞല്ലൊ. അവയിൽ ഗണിതത്തിനുതന്നെ പത്തു പിരിവുകൾ ഉണ്ടു്.

"ദ്യുഗണാനയനം ഖേട-
മദ്ധ്യമസ്പുടയോസ്തഥാ
ഗ്രഹണദ്വിതയം ഖേട-
കലഹസ്തത്സമാഗമഃ

അസ്തോദയൌ ച ഖേടാനാം
നക്ഷത്രാണാം ച സംഗമഃ
ഇതി ഭേദാസ്തു വിജ്ഞേയാ
ഗ്രഹാണാം ഗണിതേ ദശ."

അഹർഗ്ഗണത്തെവരുത്തുക, ഗ്രഹമദ്ധ്യമത്തെവരുത്തുക, ഗ്രഹസ്പുടത്തെവരുത്തുക, സൂര്യഗ്രഹണത്തെ ഗണിക്കുക, ചന്ദ്രഗ്രഹണത്തെ ഗണിക്കുക, ഗ്രഹയുദ്ധത്തെ പരീക്ഷിക്കുക, ഗ്രഹങ്ങളുടെ പരസ്പരസമാഗമത്തെ പരീക്ഷിച്ചറിയുക, ഗ്രഹങ്ങളുടെ ഉദയത്തെ പരീക്ഷിച്ചറിയുക, അവയുടെ അസ്തമയത്തെ പരീക്ഷിച്ചറിയുക, നക്ഷത്രങ്ങളുടെ യോഗത്തെ പരീക്ഷിച്ചറിയുക എന്നിങ്ങനെയുള്ള പത്തു പിരിവുകളും ഗണിതത്തിൽ ഉൾപ്പെട്ടതാകുന്നു.

ഗണിതസ്കന്ധത്തിൽ ഉൾപ്പെട്ട ഗണിതഗോളാംഗങ്ങളുടെ സ്വരൂപം നല്ലവണ്ണം മനസ്സിലാക്കുന്നതിനു പഞ്ചസിദ്ധാന്തങ്ങൾ നല്ലവണ്ണം പഠിച്ചിരിക്കേണ്ടതുകൊണ്ടു് അവയുടെ ചുരുങ്ങിയ സ്വരൂപനിരൂപണം താഴെ ചേർക്കുന്നു.

„ബ്രാഹ്മഃ സൌരശ്ച വാസിഷ്ഠോ
രൌമശഃ പൌലിശസ്തഥാ
സിദ്ധാന്താ ഇതി പഞ്ച സ്യുഃ
കഥ്യന്തേ ചെല്പ തദ്ഭിദഃ.

സ്പഷ്ടോ ബ്രാഹ്മസ്തു സിദ്ധാന്ത-
സ്തസ്യാസന്നസ്തു രൌമശഃ
സൌരഃ സ്പഷ്ടതരോ/സ്പഷ്ടൌ
വാസിഷ്ഠഃ പൌലിശസ്തഥാ.

കദാചിദ് ബ്രഹ്മസിദ്ധാന്ത-
സ്സാവിത്രസ്തു കദാചന
കദാചിദ്രൌമശഃ സ്പഷ്ടോ
ന കദാചിത്തഥേതരൌ."

ബ്രാഹ്മം, സൌരം, വാസിഷ്ഠം, രൌമശം, പൌലിശം എന്നിങ്ങനെ സിദ്ധാന്തങ്ങൾ അഞ്ച്. അതിൽ ബ്രഹ്മസിദ്ധാന്തം സ്പഷ്ടമാകുന്നു. രൌമശം അതിനോട് ഏററവും അടുത്തതാകുന്നു. സൌരസിദ്ധാന്തം സ്പഷ്ടതരമാകുന്നു. വാസിഷ്ഠവും പൌലിശവും അസ്പഷ്ടങ്ങളാകുന്നു.

ബ്രഹ്മസിദ്ധാന്തം ഒരുകാലത്തു സ്പഷ്ടമായി ഭവിക്കും. സാവിത്രം മറെറാരുകാലത്തു സ്പഷ്ടമായി ഭവിക്കും. ഒരുകാലത്തു രൌമശം സ്പഷ്ടമായി ഭവിക്കും. വാസിഷ്ഠപൌലിശങ്ങൾ ഒരു കാലത്തും സ്പഷ്ടങ്ങളായി ഭവിക്കുന്നതല്ല.

ഇപ്രകാരം ഗണിത,ഹോരാ,സംഹിതാസ്കന്ധങ്ങളുടെ സ്വരൂപനിരൂപണം ചെയ്തുകഴിഞ്ഞു. ഹോരാസ്കന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന മുഹൂർത്താംഗമാണ് നമ്മുടെ വിഷയം.

മേൽ പറഞ്ഞിട്ടുള്ളതിൽനിന്നു പതിനെട്ടു വിദ്യകളുടെ സ്വരൂപങ്ങളും അവയിൽ വേദങ്ങൾ ഒഴികെയുള്ള ശേഷം പതിനാലു വിദ്യകളിൽ വെച്ചു ജ്യോതിശ്ശാസ്ത്രത്തിനുള്ള പ്രാധാന്യവും അതിന്റെ സ്കന്ധാംഗാദിവിഭാഗങ്ങളും അതിൽ മുഹൂർത്തശാസ്ത്രത്തിനുള്ള സ്ഥാനവും വ്യക്തമായിരിക്കുമെന്നു വിചാരിക്കുന്നു.

ഇനി മുഹൂർത്തം എന്നാൽ എന്തു് എന്നുള്ളതാണ് ആദ്യമായി വിചാരിക്കുവാൻ പോകുന്നതു്. ശ്രൌതകർമ്മകർത്താവിനേ, വിഘ്നങ്ങളുണ്ടായാൽ അവയിൽനിന്നു താരണംചെയ്തു് അയാൾക്കു

പൂൎണ്ണഫലപ്രാപ്തിയെ ഉണ്ടാക്കിക്കൊടുക്കുന്നതിന്നു സമൎത്ഥമായ കാലവിശേഷത്തെ മുഹൂൎത്തമെന്നു പറയുന്നു.

"മുഹുൎമ്മുഹുസ്താരയതേ
കൎത്താരം ശ്രൌതകൎമ്മണാം
തസ്മാന്മുഹൂൎത്ത ഇത്യാഹുർ-
മ്മുനയസ്തത്വദൎശിനഃ."

എന്നു ശങ്കരഗൃഹ്യസൂത്രഭാഷ്യത്തിൽ കാണുന്നു.

വിഹിതകാലത്തിൽ ചെയ്യുന്നതിന്നു ഫലസിദ്ധിയുള്ളതായും അവിഹിതകാലത്തു ചെയ്യുന്നതു നിഷ്ഫലമായും നാം സാധാരണ കണ്ടുവരുന്നുണ്ടല്ലൊ. ഓരോ ശ്രൌതകൎമ്മവും യഥാവിധി വിഘ്നം കൂടാതെ ചെയ്യുന്നതിനും അതിൻെറ പൂൎണ്ണമായ ഫലം യഥാകാലം സിദ്ധിക്കുന്നതിനും സൎവ്വപ്രകാരേണയും മുഹൂൎത്തം സഹായിക്കുന്നു. അതുകൊണ്ടാണ് ഹിന്ദുക്കൾ ഇന്നും സൎവ്വകൎമ്മങ്ങളും മുഹൂൎത്തംനോക്കിച്ചെയ്യുന്നത്. ദോഷരഹിതമായ മുഹൂൎത്തം കിട്ടുവാനുള്ള വൈഷമ്യംകൊണ്ടും, ശാസ്ത്രജ്ഞാനമില്ലാത്തവർ യഥാമതി മുഹൂൎത്തം ചാൎത്തിക്കൊടുക്കുന്നതുകൊണ്ടും, ഉദ്ദിഷ്ടഫലസിദ്ധി ചിലപ്പോൾ ഉണ്ടാവുന്നില്ലെന്നതുനിമിത്തം ശാസ്ത്രം അപവാദഗ്രസ്തമായിത്തീരുന്നില്ലല്ലൊ.

അതിഗഹനമായ മുഹൂൎത്തശാസ്ത്രം അനേകം ഉത്സൎഗ്ഗാപവാദങ്ങളോടുകൂടിയതാണ്. അവയെല്ലാം നല്ലവണ്ണം മനസ്സിലാക്കി ഒരു മുഹൂൎത്തം നിശ്ചയിക്കുന്ന കാൎയ്യം ഒരിക്കലും സുകരമല്ല. പിന്നെ യഥാമതി പറഞ്ഞുകൊടുക്കുന്ന മുഹൂൎത്തങ്ങൾക്കു വൈഫല്യം ഭവിക്കുന്നതിൽ ഒട്ടും ആശ്ചൎയ്യപ്പെടുവാനില്ലല്ലൊ.

കേരളാചാൎയ്യന്മാർ അനേകം മുഹൂൎത്തഗ്രന്ഥങ്ങളെ സംസ്കൃതത്തിലും ഭാഷയിലും എഴുതീട്ടുണ്ട്. അവയെല്ലാം ശാസ്ത്രസിദ്ധാന്തങ്ങൾക്കനുഗുണമായവിധത്തിൽതന്നെ ആയതുകൊണ്ടു ആ ഗ്രന്ഥങ്ങൾക്കെല്ലാററിനും പ്രാധാന്യവും പ്രാമാണ്യവും സിദ്ധിച്ചു. എന്നാൽ ഋഷീശ്വരന്മാരുടെ മതങ്ങളെ അനുസരിച്ചെഴുതിയിരിക്കുന്ന ഈ ഗ്രന്ഥങ്ങളെല്ലാംതന്നെ വിഷയകാഠിന്യംകൊണ്ടും സംഗ്രഹമായി എഴുതിയിരിക്കുന്നതുകൊണ്ടും കേവലം ദുൎഗ്രഹമാണ്.

കേരളീയൎക്കു സാധാരണമായി വിഷയങ്ങളെ സംഗ്രഹിച്ചെഴുതുന്നതിന്നാണു കൂടുതൽ പാടവമുള്ളതു്. എന്നാൽ മുഴ

മംഗലം മുഹൂൎത്തശാസ്ത്രത്തെ വളരെ വിസ്തരിച്ചെഴുതിയിരിക്കുന്നതു വലിയ അനുഗ്രഹം തന്നെ. ബാലശങ്കരൻനമ്പൂരി എഴുതിയിരിക്കുന്ന കാലദീപികാവ്യാഖ്യാനം — ബാലശങ്കരം — ഒരു സ്വതന്ത്രഗ്രന്ഥംതന്നെയാണു്. അദ്ദേഹം ഭാഷയിൽ സംഗ്രഹിച്ചെഴുതിയിരിക്കുന്ന കാലദീപത്തിലെ ആശയങ്ങളെ വിപുലമാക്കി ഇതിൽ സപ്രമാണം വിശദമാക്കുകമാത്രമെ ചെയ്തിട്ടുള്ളു. ഋഷീശ്വരന്മാരുടേയും കേരളീയാചാൎയ്യന്മാരുടേയും മുഹൂൎത്തശാസ്ത്രഗ്രന്ഥങ്ങളെ ഇതിൽ കൂലംകഷമായി നിരൂപണം ചെയ്തിട്ടുണ്ടു. ശാസ്ത്രാനുരോധേന സ്വമതത്തെ പലദിക്കിലും സ്ഥാപിച്ചിട്ടുണ്ടു്. കുലദേശാചാരങ്ങളെ അതിക്രമിച്ചുപോകരുതെന്നു പ്രത്യേകംനിഷ്കൎഷിച്ചിട്ടുണ്ടു. ഒരു വിഷയത്തെക്കുറിച്ചുള്ള അഭിപ്രായഭേദങ്ങളെ സാകല്യേന കാണിച്ചു് അതിൽ സ്വീകാൎയ്യമേതെന്നറിവാൻ അന്നന്നു പ്രമാണഭൂതരോടു ചോദിച്ചറിഞ്ഞുകൊള്ളണമെന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ഗ്രന്ഥകാരനു ജ്യോതിശ്ശാസ്ത്രത്തിലുള്ള വിശ്വാസവും ഋഷീശ്വരന്മാരുടെ വാക്യങ്ങളിലുള്ള ബഹുമാനവും വ്യക്തമായിത്തീരുന്നു.

ബാലശങ്കരമെന്ന ഈ മുഹൂൎത്തശാസ്ത്രഗ്രന്ഥത്തെ മൂന്നുഭാഗങ്ങളായിത്തിരിച്ചിരിക്കുന്നു. അതിലെ പൂൎവ്വഭാഗത്തിൽ മുഹൂൎത്തദോഷങ്ങളെക്കുറിച്ചും മദ്ധ്യമഭാഗത്തിൽ ഷോഡശകൎമ്മങ്ങളുടെ മുഹൂൎത്തങ്ങളെക്കുറിച്ചും ഉത്തരഭാഗത്തിൽ പ്രതിഷ്ഠ, രാജാഭിഷേകം മുതലായ പലവക വിഷയങ്ങളുടെ മുഹൂൎത്തങ്ങളെക്കുറിച്ചും വിസ്തരിച്ചു പ്രതിപാദിച്ചു ഗ്രന്ഥം സമഗ്രമാക്കീട്ടുണ്ടു്.

പൂൎവ്വഭാഗമെന്ന ദോഷപ്രകരണത്തിൽ പതിനൊന്നു് അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാമദ്ധ്യായത്തിൽ മുഹൂൎത്തം നിരൂപിക്കുമ്പോൾ ഓൎത്തിരിക്കേണ്ടതായ സാമാന്യനിയമങ്ങളെ പ്രതിപാദിച്ചുകൊണ്ടു ഗ്രന്ഥം ആരംഭിക്കുന്നു. അവ അയനം, ഷഡ്ദോഷം, രവിമാസം, ദിനരാത്രിവിഭാഗം, ഗ്രഹണം, സന്ധ്യ, സായാഹ്നം, രാശികൾ, ഗ്രഹങ്ങൾ, പക്ഷം, വാരൎക്ഷതിഥികൾ അവയുടെ യോഗങ്ങൾ, രവിസംക്രമം, നവദോഷങ്ങൾ എന്നിവയെ യഥാക്രമം ചിന്തിക്കേണ്ടതാണെന്നു പറഞ്ഞു് ഒരോന്നിനേയും ശാസ്ത്രരീത്യാ നിരൂപണം ചെയ്യുന്നു. ഈ ക്രമത്തിൽ ഒന്നാമദ്ധ്യായത്തിൽ അയനചിന്തനവും, രണ്ടാമദ്ധ്യായത്തിൽ ഷഡ്ദോഷനിരൂപണവും, മൂന്നാമദ്ധ്യായത്തിൽ ദിനവിഭാഗാദി

കഥനവും, നാലാമദ്ധ്യായത്തിൽ രാശിഗ്രഹകഥനവും, അഞ്ചാമദ്ധ്യായത്തിൽ പക്ഷതിഥിവിചിന്തനവും ആറാമദ്ധ്യായത്തിൽ സംക്രാന്തിനിൎണ്ണയവും, ഏഴാമദ്ധ്യായത്തിൽ നവദോഷകഥനവും, എട്ടാമദ്ധ്യായത്തിൽ യാദൃച്ഛികദോഷകഥനവും, ഒൻപതാമദ്ധ്യായത്തിൽ ഗുണാദികഥനവും, പത്താമദ്ധ്യായത്തിൽ കൎത്തൃവൎജ്ജ്യജന്മാദികഥനവും, പതിനൊന്നാമദ്ധ്യായത്തിൽ സാവനാദികാലമാനനിരൂപണവും ചെയ്തു പൂൎവ്വഭാഗത്തെ സമഗ്രമാക്കിയിരിക്കുന്നു.

പൂൎവ്വഭാഗമായ ദോഷപ്രകരണത്തിൽ ഉൾപ്പെട്ടിരിക്കുന്ന സമസ്തദോഷങ്ങളേയും രണ്ടു വലിയ വിഭാഗങ്ങളായിത്തിരിക്കാം. അവയിൽ ഒന്നാമത്തേതു മുഹൂൎത്തദോഷങ്ങളും രണ്ടാമത്തേതു കൎത്തൃദോഷങ്ങളുമാകുന്നു. ഇനി മുഹൂൎത്തദോഷങ്ങളെത്തന്നെ സാമാന്യദോഷമെന്നും ഷഡ്ദോഷമെന്നും വിഭജിക്കാം. അവയിൽ സാമാന്യദോഷം നൈസൎഗ്ഗികദോഷമെന്നും യാദൃച്ഛികദോഷമെന്നും രണ്ടു പിരിവുകളോടു കൂടിയതായിത്തീരുന്നു. ഇനി നൈസൎഗ്ഗികദോഷങ്ങൾക്കു നിത്യദോഷം എന്നും നവദോഷം എന്നും രണ്ടു പിരിവുകൾ കല്പിക്കാം. ഇപ്രകാരം വിഭജിക്കുന്നതു കൊണ്ടു ദോഷങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ഇവയിൽ ഓരോന്നിനേയും ചുരുങ്ങിയവിവരണത്തോടുകൂടിത്താഴെ ചേൎക്കുന്നു.

നിത്യദോഷങ്ങളിൽ അയനം, രവിമാസം, ദിനരാത്രിവിഭാഗം, ഗ്രഹണം, സന്ധ്യ, സായാഹ്നം, രാശികൾ, ഗ്രഹങ്ങൾ, പക്ഷം, വാരൎക്ഷതിഥികൾ, അവയുടെ യോഗങ്ങൾ, രവിസംക്രമം എന്നിവ ഉൾപ്പെടുന്നു.

ഗുളികൻ, വിഷ്ടി, ഗണ്ഡാന്തം, വിഷം, ഉഷ്ണം, ഏകാൎഗ്ഗളം, അഹിമസ്തകം, ലാടം, വൈധൃതം എന്നിവ ഒൻപതിനും നവദോഷങ്ങൾ എന്നു പേർ.

മേൽപറഞ്ഞ നിത്യദോഷങ്ങളും നവദോഷങ്ങളും കൂടിയാൽ അതിന്നു നൈസൎഗ്ഗികദോഷങ്ങൾ എന്നു പേർ.

ഉല്ക്കാനിപാതം, ഭൂകമ്പം, കേതൂദയം, ശിവാരുതം മുതലായവ യാദൃച്ഛികദോഷങ്ങളാകുന്നു.

നൈസർഗ്ഗികദോഷവും യാദൃച്ഛികദോഷവും സാമാന്യദോഷങ്ങളുടെ വിഭാഗങ്ങളാണ്. ഷഡ്ദോഷങ്ങളെന്നു പറയുന്നവയിൽ അംഹസ്പതി, അധിമാസം, സംസപ്പം, പകൽ മാംസചക്ഷുസ്സുകൊണ്ടു ഗുരുശുക്രന്മാരെക്കാണുക, അവരുടെ മൌഢ്യം, അവരുടെ പരസ്പരദൃഷ്ടി എന്നിവ ഉൾപ്പെടുന്നു.

മേൽപറഞ്ഞ സാമാന്യദോഷങ്ങളും ഷഡ്ദോഷങ്ങളും മുഹൂർത്തദോഷവിഭാഗത്തിൻെറ അംഗങ്ങളാകുന്നു. ഇനി ഇതിൽനിന്നു ഭിന്നമായി നില്ക്കുന്ന കർത്തൃദോഷങ്ങളിൽ അഷ്ടാശീത്യംശകം, അഷ്ടോത്തരശതാംശകം, വിപദ്വധപ്രത്യരനക്ഷത്രങ്ങൾ, അഷ്ടമരാശി, അഷ്ടമരാശിക്കൂറു മുതലായവ ഉൾപ്പെടുന്നു.

ഈവകദോഷങ്ങളൊന്നുംതന്നെ തട്ടാതെ ഒരു മുഹൂർത്തം നിശ്ചയിക്കുന്നതു ശ്രമസാദ്ധ്യമെന്നു വന്നുകൂടുന്നു. കലിയുഗത്തിൽ നിർദ്ദോഷമായ മുഹൂർത്തം കിട്ടുവാനും പ്രയാസം. എന്നാലും ഏററവും നിരപായമായ മുഹൂർത്തം നിശ്ചയിക്കേണ്ടതും മുഹൂർത്തദോഷപ്രായശ്ചിത്തങ്ങൾ ഏതെങ്കിലും വേണ്ടതായിവന്നാൽ അതു യഥാശാസ്ത്രം വിധിക്കേണ്ടതും ദൈവജ്ഞൻെറ കൃത്യമാണ്. എന്നാൽ

"ജ്യൌതിഷം വ്യവഹാരം ച
പ്രായശ്ചിത്തം ചികിത്സിതം
വിനാ ശാസ്ത്രേണ യോ ബ്രൂയാത്
തമാഹുർബ്രഹ്മഘാതകം."

എന്ന ശാസ്ത്രവാക്യത്തെ ദൈവജ്ഞൻ സദാ സ്മരിച്ചുകൊള്ളേണ്ടതാണ്.

ശുഭമുഹൂർത്തത്തിൽ തുടങ്ങുന്നതുകൊണ്ടുതന്നെ കർമ്മങ്ങൾക്കു പൂർണ്ണമായ ഫലസിദ്ധി ഉണ്ടാകുമെന്നു വിചാരിച്ചുപോകരുത്. ഉപകരണങ്ങളും പ്രയത്നവും അനുഗുണമായിരിക്കേണ്ടതു് അത്യാവശ്യമാണ്. ഇവ മൂന്നിൻേറയും സമ്പ്രയോഗം പൂർണ്ണഫലപ്രാപ്തിയെ സദാ സമ്പാദിക്കുമെന്നതു നിശ്ചയംതന്നെ. എന്നാൽ സുമുഹൂർത്തത്തിൽ തുടങ്ങുന്ന കർമ്മം മററു രണ്ടിൻേറയും അഭാവത്തിലും ഏതാണ്ടു ഫലോന്മുഖമായിത്തീരുമെന്നും ഉപകരണപ്രയത്നങ്ങൾക്കു തുല്യപ്രാധാന്യമുണ്ടായാലും ദുർമ്മുഹൂർത്തത്തിൽ തുടങ്ങുന്ന

കൎമ്മം വൈഫല്യത്തെ പ്രാപിക്കുമെന്നുമുള്ള വ്യത്യാസം ധരിച്ചിരിക്കേണ്ടതാണു്. ദുൎമ്മുഹൂൎത്തങ്ങളിൽ തുടങ്ങുന്ന കൎമ്മങ്ങൾ മദ്ധ്യേ മദ്ധ്യേ ഉണ്ടാകുന്ന വിഘ്നങ്ങളെക്കൊണ്ടു ഹതമായിപ്പോകും. ശുഭമുഹൂൎത്തത്തിൽ തുടങ്ങുന്നവയെല്ലാം അന്തരാന്തരാ ഉണ്ടാവുന്ന പ്രത്യൂഹങ്ങളെ ജയിച്ചു പ്രയത്നോപകരണങ്ങൾക്കനുഗുണമായൊ അവയെ അതിക്രമിച്ചതായൊ ഉള്ള ഫലത്തെ പ്രദാനം ചെയ്യും. ഭാഗ്യവാന്മാർ മുഹൂൎത്തം നോക്കാതെ ചെയ്യുന്ന കൎമ്മങ്ങൾ പ്രായേണ ശുഭമുഹൂൎത്തംകൊണ്ടു തുടങ്ങുന്നതിന്നിടവരുന്നതും ഹതഭാഗ്യന്മാർ ശുഭമുഹൂൎത്തത്തിൽ ആരംഭിക്കുവാൻ വിചാരിച്ചാലും സാധിക്കാതെവരുന്നതും നമുക്കുതന്നെ പലപ്പോഴും അനുഭവസിദ്ധമാണല്ലൊ. ന വിവിധമായ സംഭാരങ്ങളോടുകൂടിയ ദുൎയ്യോധനനു ഭാരതയുദ്ധത്തിൽ പാണ്ഡവന്മാരെ നാമാവശേഷമാക്കുവാൻതക്ക ശുഭമുഹൂൎത്തം സഹദേവൻതന്നെ ചാൎത്തിക്കൊടുത്തിരുന്നെങ്കിലും ഭാഗ്യശൂന്യതയാൽ ആ ശുഭമുഹൂൎത്തത്തിൽ യുദ്ധത്തിന്നു പുറപ്പെടുവാൻ സാധിച്ചില്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലൊ.

കാൎയ്യഗതി ഇപ്രകാരംതന്നെ എങ്കിലും പൌരുഷത്തിന്നു ശക്തിയുള്ളതുകൊണ്ടു ശുഭമുഹൂൎത്തത്തിൽതന്നെ കാൎയ്യങ്ങൾ ആരംഭിച്ചു നിരന്തരമായി പ്രയത്നിക്കുന്നതുകൊണ്ടു സാഫല്യം സിദ്ധിക്കുമെന്നു സമാധാനപ്പെടുവാൻ ധാരാളം അവകാശം ഉണ്ടു്.

മുഹൂൎത്തലക്ഷണങ്ങൾ ഇന്നിന്നവയെന്നറിഞ്ഞു മുൻകൂട്ടി പറയുന്നതിന്നുപകരിക്കുന്ന ചില ഗ്രന്ഥങ്ങളുണ്ടായിട്ടില്ലെന്നില്ല. എന്നാൽ അവയെല്ലാം കാലക്രമത്തിൽ നാമാവശേഷമായിപ്പോയെങ്കിലും ‘മുഹൂൎത്തലാഞ്ഛനം’ എന്ന പ്രസിദ്ധഗ്രന്ഥം ഇപ്പോഴും ദുൎല്ലഭമായിത്തീൎന്നിട്ടില്ല. അതിൽ എല്ലാമുഹൂൎത്തങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥത്തെ കേരളീയജ്യോത്സ്യന്മാർ സവിശേഷം അഭ്യസിച്ചുപോന്നിരുന്നു എന്നതിന്നു ലക്ഷ്യമായിപ്പല ഐതിഹ്യങ്ങളും പറഞ്ഞുവരുന്നുണ്ടെങ്കിലും വിസ്തരഭയത്താൽ അവയെ ഇവിടെ ചേൎക്കുന്നില്ല.

മഴമംഗലം, അച്യുതപ്പിഷാരോടി, ആഴ്വാതിരി, പുലിമുകത്തു പോററി, രാമനാശാൻ, കൊച്ചുകൃഷ്ണനാശാൻ, പാഴൂർ രാമക്കണി

യാർ, ഇഞ്ചക്കഴ്വാ മാധവക്കണിയാർ, മച്ചാട്ടു് ഇളയതു്, കാരക്കാട്ടു വാരിയർ, എരമത്തു ഗോവിന്ദമേനോൻ, കുമ്പളപ്പിള്ളിമേനോൻ മുതലായ ദൈവജ്ഞന്മാർ അതാതുകാലത്തു മുഹൂർത്തലക്ഷണം പറഞ്ഞു ഫലിപ്പിച്ചു വളരെ കീർത്തിസമ്പാദിച്ചിട്ടുള്ളവരായി കേട്ടിട്ടുണ്ടു്.

അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിരിക്കുന്ന അരിഷ്ടലക്ഷണങ്ങളെ സൂക്ഷ്മാവലോകനംചെയ്തു മുൻകൂട്ടി കണ്ടുപിടിച്ചുപറഞ്ഞു ഫലിപ്പിക്കുന്നതു ശ്രമസാദ്ധ്യമായിരിക്കുന്നതുപോലെ മുഹൂർത്തലാഞ്ഛനത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങളെല്ലാം സൂക്ഷ്മമായി നിരീക്ഷണം ചെയ്തു കണ്ടുപിടിച്ചു പറഞ്ഞൊപ്പിക്കുന്നതു സുകരമല്ലെന്നു ധരിച്ചിരിക്കേണ്ടതാണു്. ഗ്രന്ഥസഹായംകൊണ്ടു വളരെ എളുപ്പത്തിൽ സ്വാധീനമാക്കാവുന്നൊരു വിദ്യയല്ലെങ്കിലും ഇതു നിരന്തരപരിശ്രമംകൊണ്ടെങ്കിലും കാലക്രമത്തിൽ സ്വായത്തമായിത്തീരുമെന്നതിന്നു വാദമില്ല.

മുഹൂർത്തശാസ്ത്രത്തിൽ ദൃഢമായ പാണ്ഡിത്യം സമ്പാദിച്ചവൎക്കു മാത്രമെ മുഹൂർത്തലാഞ്ഛനം സ്വാധീനമായിത്തീരുകയുള്ളു. മുഹൂർത്തശാസ്ത്രത്തിൽ പരിപൂർണ്ണജ്ഞാനം സമ്പാദിക്കണമെന്നു വിചാരിക്കുന്നവൎക്കു ബാലശങ്കരത്തേക്കാൾ ഉത്കൃഷ്ടമായ ഒരു ഗ്രന്ഥം ഒരുഭാഷയിലും ഉണ്ടെന്നു തോന്നുന്നില്ല. അതിലും വിശേഷിച്ചു മദ്ധ്യമഭാഗത്തിലും ഉത്തരഭാഗത്തിലും പറഞ്ഞിരിക്കുന്ന കാൎയ്യങ്ങളെ സംപൂർണ്ണമായി മനസ്സിലാക്കുന്നതിന്നു പൂർവ്വഭാഗത്തിലെ ദോഷപ്രകരണം നല്ലവണ്ണം ധരിച്ചിരിക്കേണ്ടതാണു്. മുഹൂർത്തസൌധത്തിൽ പ്രവേശിച്ചു വിഹരിക്കുന്നതിന്നു് ഇച്ഛിക്കുന്നവരെല്ലാം ഈ പ്രഥമപടത്തിൽ കാലുതെററിപ്പോകാതെ ഉറച്ചുനിന്നു ശീലിക്കുന്നതുതന്നെ സമുചിതമായിരിക്കും.

മഴമംഗലത്തു ബാലശങ്കരൻനമ്പൂരിയാണു് ഈ ഗ്രന്ഥത്തിൻെറ കൎത്താവെന്നു മുൻപറഞ്ഞിട്ടുള്ളവയിൽനിന്നുതന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നതാണല്ലൊ. ഈ ഗ്രന്ഥവും, ആയിരം സംവത്സരത്തെ മുഹൂർത്തംഗണിച്ചു രേഖപ്പെടുത്തീട്ടുള്ള മറെറാരു ഗ്രന്ഥവുംകൂടി തൻെറ ഗുരുവായ ചെങ്ങന്നൂർ വാഴമാവേലി പരമേശ്വരൻപോററിക്കു ഗുരുദക്ഷിണ ചെയ്തിട്ടുള്ളതായി കേൾവിയുണ്ടു്. ഇപ്രകാരം രണ്ടു ഗ്രന്ഥം എഴുതി ഗുരുദക്ഷിണചെയ്തതി

ന്റെ ആവശ്യകതയെക്കുറിച്ചു ഗുരുനാഥൻ ചോദിച്ചപ്പോൾ ഒരായിരം സംവത്സരകാലത്തേക്കു വാഴുമാവേലിഇല്ലത്തു വിദ്വാന്മാർ ഉണ്ടാകയില്ലെന്നു കണ്ടിരിക്കുന്നതുനിമിത്തം ക്ഷേത്രങ്ങളിൽ മുഹൂർത്തംപറഞ്ഞുവരുന്ന കുടുംബധർമ്മം കാലക്രമേണ ലുപ്തമായിപ്പോയെങ്കിലൊ എന്നുഭയന്നു ഭാഷയിൽ വിപുലമായശാസ്ത്രഗ്രന്ഥവും, ആയിരം സംവത്സരത്തെ മുഹൂർത്തങ്ങളും ഇപ്രകാരം എഴുതി ഗുരുപാദത്തിങ്കൽ സമർപ്പിച്ചതാണെന്നു ബാലശങ്കരൻനമ്പൂരി മറുപടിപറഞ്ഞു. ഗുരുനാഥൻ ഇതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ യാഥാർത്ഥ്യം മനസ്സിലാവുകയും തന്റെകുടുംബത്തിനു കാലക്രമത്തിൽ ഉണ്ടാകുവാൻ പോകുന്ന അധഃപതനത്തെ മുൻകൂട്ടി അറിഞ്ഞു പരിഹാരത്തെ ഉണ്ടാക്കിയ ശിഷ്യൻ ബാലശങ്കരൻനമ്പൂരിയെ മനസ്സലിഞ്ഞ് അനുഗ്രഹിക്കയും ചെയ്തതായി ഐതിഹ്യങ്ങൾ ഉണ്ട്.

മദ്ധ്യതിരുവിതാംകൂറിലുള്ള ക്ഷേത്രങ്ങളിലെ അടിയന്തിരാദികൾക്കു മുഹൂർത്തം ചാർത്തിക്കൊടുക്കുന്നതിനുള്ള അവകാശം ഇന്നും വാഴുമാവേലിഇല്ലത്തേക്കാണ്. പരമേശ്വരൻപോററിയുടെ കാലശേഷം ആ ഇല്ലത്ത് ഒരു വിദ്വാൻ ഉണ്ടായിട്ടുള്ളതായി കേട്ടുകേൾവിയുമില്ല. മഴമംഗലം എഴുതിക്കൊടുത്തിട്ടുള്ള ആയിരം സംവത്സരത്തെ മുഹൂർത്തഗ്രന്ഥം ഉണ്ടെന്നുപറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ കാണ്മാൻ സംഗതിയായിട്ടില്ല.

ഇതിന്റെ ഒന്നാമത്തെ ആദർശഗ്രന്ഥം വാഴുമാവേലി ഇല്ലത്തുനിന്നുകിട്ടിയ ഒരു താളിയോലഗ്രന്ഥമാണ്. അതു നാനൂറു കൊല്ലത്തിലധികം പഴക്കം തോന്നിക്കുന്നുണ്ട്. ഇടക്കാലത്തുണ്ടായ ഒരു് അഗ്നിബാധയിൽ ഗ്രന്ഥത്തിന്റെ ഏതാനുംഭാഗം കത്തി നശിച്ചുപോയിരിക്കുന്നു. പിന്നെ ആ ഗ്രന്ഥത്തിൽ ഇട്ടിരുന്ന ഓലകളുടെ സംഖ്യകളെല്ലാം ദഹിച്ചുപോയതുകൊണ്ട് ക്രമംതെററികോർത്തുകെട്ടിയിരുന്ന ഈ ഗ്രന്ഥത്തെ ക്രമപ്പെടുത്തുന്ന കാര്യംതന്നെ കേവലം അസാദ്ധ്യമായിട്ടാണ് കലാശിച്ചത്. ഗ്രന്ഥത്തിന്റെ ഉടമസ്ഥനായ വാഴുമാവേലി പോററി ഈഗ്രന്ഥം തന്നപ്പോൾ ഇതു മഴമംഗലത്തിന്റെ സ്വന്തകയ്യടയാണെന്നു പറഞ്ഞിരുന്നു എങ്കിലും ആ ഗ്രന്ഥത്തിന്റെ പലഭാഗങ്ങളും വായിച്ചസമയത്ത് ആ അഭിപ്രായം അടിസ്ഥാനരഹിതമെന്നു തന്നെ തോന്നിപ്പോയി.

മഴമംഗലത്തു ബാലശങ്കരൻനമ്പൂരിയുടെ കാലത്തേക്കുറിച്ചുള്ള വിവരങ്ങൾ മഹാത്തിംപദവിയുടെ ബാലശങ്കരവ്യാഖ്യാനത്തിൻെറ അവതാരികയിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇവിടെ അതിനെത്തന്നെ എടുത്തുപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മദ്ധ്യമഭാഗത്തിലും ഉത്തരഭാഗത്തിലും മഴമംഗലം പറഞ്ഞിരുന്ന പലെ മൌഹൂർത്തികന്മാരുടെ പേരുകളെക്കൊണ്ടുംമററുംഅദ്ദേഹത്തിന്റെ കാലത്തെക്കുറിച്ചു മുൻപുപറഞ്ഞിട്ടുള്ള അഭിപ്രായത്തെത്തന്നെ സ്ഥിരപ്പെടുത്തുവാൻ സാധിക്കുന്നതാണ്. അവയെക്കുറിച്ചുള്ള വിചിന്തനം ബാലശങ്കരം രണ്ടുംമൂന്നും ഭാഗങ്ങളുടെ അവതാരികയിലേക്കുതന്നെ നീക്കിവച്ചിരിക്കുന്നു.

വിശിഷ്യ മഴമംഗലം ബാലശങ്കരൻ നമ്പൂരിയുടെ ചരിത്രം പല കേരളീയദൈവജ്ഞന്മാരുടേയും ചരിത്രവുമായിപലപ്രകാരത്തിൽ അനുബന്ധിച്ചുകിടക്കുന്നതുകൊണ്ടും അവയെല്ലാററിൻേറയും ഒരു സംക്ഷിപ്തനിരൂപണത്തിനുകൂടെ ഈ അവതാരികയിൽ സൌകര്യമില്ലാത്തതുകൊണ്ടും ആവക ചരിത്രവിഷയങ്ങളെക്കുറിച്ചുള്ള പ്രതിപാദനം ബാലശങ്കരം രണ്ടും മൂന്നും ഭാഗങ്ങളുടെ അവതാരികയിൽ ആയിക്കൊള്ളുവുന്നതാണ.

ഈ ഗ്രന്ഥം അച്ചടിപ്പിക്കുന്നവിഷയത്തിൽ ഉപയോഗപ്പെടുത്തിയ ഒന്നാമത്തെ ആദൎശത്തേക്കുറിച്ചു മുൻപു പ്രസ്താവിച്ചുവല്ലൊ. ആറന്മുള മംഗലപ്പിള്ളി വാസുദേവൻ മൂത്തതു് അവകളുടെ ഗ്രന്ഥപ്പുരയിൽനിന്നു കിട്ടിയ രണ്ടാമത്തെ ആദൎശഗ്രന്ഥവും പഴക്കം കൂടിയതാണ്. അതിലും പല സ്ഖലിതങ്ങൾ ഉണ്ടായിരുന്നു. കിടങ്ങൂർ കല്ലംപിള്ളി ഇല്ലത്തുനിന്നു കിട്ടിയ മൂന്നാമത്തെ ആദൎശം ഏകദേശം രണ്ടാമത്തെ ആദൎശഗ്രന്ഥത്തോടു പലപ്രകാരത്തിലും സാദൃശ്യം വഹിക്കുന്നുണ്ടു്. ഈ മൂന്നു ആദൎശഗ്രന്ഥങ്ങളേയും കഴിയുന്നതും ഒത്തുനോക്കി ബാലശങ്കരത്തെ വേണ്ടവിധത്തിൽ തിരുത്തി ശരിപ്പെടുത്തി പൂൎവ്വഭാഗം ഇദംപ്രഥമമായി ഇപ്രകാരം അച്ചടിപ്പിച്ചു സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,<br>
൧൦-൯൨-൧൧൦൨. } കെ. ശങ്കരമേനോൻ.

# വിഷയാനുക്രമണിക.

## അദ്ധ്യായം ൧.

## അയനചിന്തനം.


| വിഷയം. | | | പുറം. |
|---|---|---|---|
| മംഗളാചരണം | ... | ... | 1 |
| മുഹൂൎത്തദോഷനിരൂപണം | ... | ... | ,, |
| (1) അയനം | ... | ... | 2 |
| (2) ഷഡ്ദോഷങ്ങൾ | ... | ... | ,, |
| (3) രവിമാസം | ... | ... | ,, |
| (4) ദിനരാത്രിവിഭാഗം | ... | ... | ,, |
| (5) ഗ്രഹണം | ... | ... | ,, |
| (6) സന്ധ്യാ | ... | ... | ,, |
| (7) സായാഹ്നം | ... | ... | ,, |
| (8) രാശികൾ | ... | ... | ,, |
| (9) ഗ്രഹങ്ങൾ | ... | ... | ,, |
| (10) പക്ഷം | ... | ... | ,, |
| (11) വാരം | ... | ... | ,, |
| (12) നക്ഷത്രം | ... | ... | ,, |
| (13) തിഥി | ... | ... | ,, |
| (14) മൃത്യുയോഗം | ... | ... | ,, |
| (15) ദഗ്ദ്ധയോഗം | ... | ... | ,, |
| (16) രവിസംക്രമം | ... | ... | ,, |
| (17) നവദോഷങ്ങൾ | ... | ... | ,, |
| അയനലക്ഷണം | ... | ... | 4 |
| ദക്ഷിണായനത്തിൽ വൎജ്ജിക്കേണ്ട കൎമ്മങ്ങൾ | ... | ... | |


## അദ്ധ്യായം ൨.

## ഷഡ്ദോഷനിരൂപണം.


| | | | |
|---|---|---|---|
| ഷഡ്ദോഷങ്ങൾ | ... | ... | ,, |
| കാലമാനം | ... | ... | 6 |

| വിഷയം. | | | പുറം. |
|---|---|---|---|
| സൌരാദിദിനവ്യവസ്ഥ | ... | ... | 6 |
| സൌരാദിമാസവ്യവസ്ഥ | ... | ... | ,, |
| സൌരാദിസംവത്സരവ്യവസ്ഥ | ... | ... | ,, |
| സൌരമാസലക്ഷണം | ... | ... | 7 |
| ചാന്ദ്രമാസലക്ഷണം | ... | ... | ,, |
| സാവനമാസലക്ഷണം | ... | ... | ,, |
| നാക്ഷത്രമാസലക്ഷണം | ... | ... | ,, |
| ചാന്ദ്രമാസനാമങ്ങൾ | ... | ... | 8 |
| ചൈത്രാദിമാസനാമാന്തരങ്ങൾ | ... | ... | ,, |
| ചൈത്രാദിമാസലക്ഷണം | ... | ... | 9 |
| ഋതുലക്ഷണം | ... | ... | 10 |
| ഋതുനാമങ്ങൾ | ... | ... | ,, |
| അധിമാസലക്ഷണം | ... | ... | ,, |
| സംസർപ്പലക്ഷണം | ... | ... | 11 |
| അംഹസ്പതിലക്ഷണം | ... | ... | ,, |
| കാലദീപികാരീത്യാ സംസർപ്പാംഹസ്പതികളുടെ ലക്ഷണനിരൂപണം | ... | ... | 12 |
| അധിമാസമതഭേദകഥനം | ... | ... | ,, |
| മധ്യാധിമാസജ്ഞാനലഘൂപായം | ... | ... | 13 |
| കല്യബ്ദാനയനം | ... | ... | 14 |
| മലമാസലക്ഷണം | ... | ... | ,, |
| അധിമാസാദികളെക്കുറിച്ചുള്ള മതഭേദം | ... | ... | ,, |
| അധിമാസം വരുന്ന സൌരമാസപ്രതിപാദനം... | | ... | 17 |
| അംഹസ്പതിവരുന്ന കാലത്തെ വിഷുക്കാലികൾ | ... | ... | 18 |
| സ്ഫുടാധിമാസമധ്യാധിമാസങ്ങളിൽ ശുഭകർമ്മ പ്രതിഷേധം | ... | ... | ,, |
| പകൽ ഗുരുശുക്രന്മാരെക്കാണുന്നതിനെക്കുറിച്ചുള്ള വിശേഷവിവരം | ... | ... | 19 |
| മലമാസത്തിൽ വർജ്ജ്യാവർജ്ജ്യങ്ങളായ കർമ്മങ്ങളുടെ വിഭാഗം | ... | ... | 20 |
| ആത്രേയമതം | ... | ... | 23 |
| മതഭേദങ്ങൾ | ... | ... | ,, |
| (1) താമരനല്ലൂർ | ... | ... | 24 |
| (2) മാധവീയം | ... | ... | ,, |
| (3) നാരദീയം | ... | ... | 25 |
| (4) ആഗസ്ത്യം | ... | ... | ,, |

| വിഷയം. | | | പുറം. |
|---|---|---|---|
| (5) നാരസിംഹം | ... | ... | 25 |
| (6) സാർവസിദ്ധികം | .... | .... | ,, |
| സ്ഫുടാധിമാസമതഭേദത്തിങ്കൽ | | | |
| (1) ഹാരീതകമതം | ... | ... | 26 |
| (2) ബാദരായണമതം | ... | ... | ,, |
| (3) ഭാസ്കരാചാർയ്യമതം | ... | ... | ,, |
| (4) ജാബാലിമതം | ... | ... | 27 |
| (5) ഗർഗ്ഗമതം | .... | ... | ,, |
| ഗ്രന്ഥാന്തരത്തിൽ പറഞ്ഞിട്ടുള്ള സംസർപ്പാംഹസ്പതികളുടെ ലക്ഷണം | ... | ... | ,, |


---

## അദ്ധ്യായം ൩.

## ദിനവിഭാഗാദികഥനം.


| | | | |
|---|---|---|---|
| ആർത്തവമൃതസൂതകങ്ങളുടെ ദിനനിർണ്ണയം | ... | ... | 28 |
| നിശാദ്യന്ത്യാംശദ്വയത്തിങ്കൽ വർജ്ജ്യങ്ങളായ മുഹൂർത്തങ്ങൾ | ... | ... | 29 |
| രാത്രിമുഴുവൻ വർജ്ജിക്കേണ്ടുന്ന മുഹൂർത്തങ്ങൾ | .... | ... | ,, |
| ഗ്രഹണംനിമിത്തം വർജ്ജ്യമായ കാലം | ... | ... | 30 |
| മതഭേദം | ... | ... | 31 |
| സന്ധ്യാകാലങ്ങൾ | ... | ... | 32 |
| സന്ധ്യാകാലങ്ങളിൽ വർജ്ജിക്കേണ്ടവയെക്കുറിച്ചുള്ള ആചാരസ്ഥിതി | ... | ... | 33 |
| ബലാബലനിരൂപണം | .. | ... | 34 |
| വിജയയോഗം | ... | ... | 35 |
| അരുണോദയസമയത്തിൽ കർത്തവ്യങ്ങളും വർജ്ജ്യങ്ങളുമായ കർമ്മങ്ങൾ | ... | .... | ,, |
| അഭിജിന്മുഹൂർത്തപ്രതിപാദനം | ... | ... | 36 |
| ത്രയോദശിപ്രദോഷസമയത്തു വർജ്ജ്യങ്ങളായ കർമ്മങ്ങൾ | ... | ... | 37 |
| പ്രാഹ്ണാദികളുടെ ലക്ഷണം | ... | ... | 38 |
| പാട്ടുരാശി | ... | ... | 39 |
| സായാഹ്നത്തിൽ വർജ്ജിക്കേണ്ട മുഹൂർത്തങ്ങൾ | ... | ... | ,, |

## അദ്ധ്യായം ൪.

### രാശിഗ്രഹകഥനം.


| വിഷയം. | പുറം |
|---|---|
| നിന്ദ്യപുഷ്കരം ... ... | 41 |
| ശസ്തപുഷ്കരം ... ... | ,, |
| മതാന്തരം ... ... | 42 |
| മുഹൂൎത്തങ്ങൾക്കു വൎജ്ജിക്കേണ്ട ഗ്രഹസ്ഥിതി ... ... | ,, |
| പാപഗ്രഹങ്ങൾ ... ... | 43 |
| ശുഭഗ്രഹങ്ങൾ ... ... | ,, |
| ശുഭാശുഭഗ്രഹങ്ങളെക്കുറിച്ചുള്ള മതഭേദം ... ... | 44 |
| കേതു ... ... | ,, |
| ഗ്രഹദൃഷ്ടി ... ... | 45 |
| ലഗ്നത്തിൽ ആദിത്യനിരിക്കുമ്പോൾ വൎജ്ജ്യങ്ങളായ കൎമ്മങ്ങൾ ... ... | ,, |
| ലഗ്നത്തിൽ ചന്ദ്രനിരിക്കുമ്പോൾ വൎജ്ജ്യങ്ങളായ കൎമ്മങ്ങൾ ... ... | 46 |
| സാമാന്യവിധിക്കുള്ള അപവാദങ്ങൾ ... ... | ,, |


## അദ്ധ്യായം ൫.

### പക്ഷതിഥിവിചിന്തനം.


| | |
|---|---|
| പൂൎവ്വപക്ഷത്തിൽ വിഹിതങ്ങളായ കൎമ്മങ്ങൾ ... ... | 47 |
| പൂൎവ്വപക്ഷത്തിലും അപരപക്ഷത്തിൽ പഞ്ചമ്യന്തത്തോളവും വിഹിതങ്ങളായ കൎമ്മങ്ങൾ ... ... | 48 |
| മുഹൂൎത്തങ്ങൾക്കു വൎജ്ജിക്കേണ്ട പക്ഷങ്ങൾ ... ... | ,, |
| മുഹൂൎത്തഭേദേന അവയ്ക്കുള്ള അപവാദങ്ങൾ ... ... | 49 |
| കൃഷ്ണചതുൎദ്ദശിനിമിത്തം ശ്രാദ്ധാദികൾക്കു വൎജ്ജിക്കേണ്ടുന്ന ദിവസങ്ങൾ ... ... | ,, |
| പെരുമനത്തെ ആചാരസ്ഥിതി ... ... | 50 |


## അദ്ധ്യായം ൬.

### സംക്രാന്തിനിൎണ്ണയം.


| | |
|---|---|
| മൃത്യുയോഗലക്ഷണം ... ... | 51 |
| ദശായോഗലക്ഷണം ... ... | |

| വിഷയം. | | പുറം. |
|---|---|---|
| അവമയിൽ വർജ്ജ്യകാലം | ... ... | 52 |
| സംക്രമംനിമിത്തം വർജ്ജിക്കേണ്ടകാലം | ... ... | ,, |
| സംക്രാന്തിനേരത്തു കർത്തവ്യങ്ങളായ കർമ്മങ്ങൾ | ... ... | 54 |
| സംക്രാന്തികളുടെ വിശേഷനാമങ്ങൾ | ... ... | ,, |
| സംക്രാന്തിയെക്കുറിച്ചുള്ള മതഭേദങ്ങൾ | ... ... | ,, |


## അദ്ധ്യായം ൬.

## നവദോഷകഥനം.


| | | |
|---|---|---|
| നവദോഷങ്ങൾ | ... ... | 59 |
| ഗുളികോദയം | ... ... | ,, |
| ഗുളികോദയമതഭേദം | ... ... | 60 |
| ഗുളികസ്വരൂപം | ... ... | 61 |
| കരണലക്ഷണം | ... ... | 62 |
| ചരകരണങ്ങൾ | ... ... | ,, |
| സ്ഥിരകരണങ്ങൾ | ... ... | ,, |
| തിഥികളുടെ വിശേഷനാമങ്ങൾ | ... ... | 63 |
| ഗണ്ഡാന്തം | ... ... | 64 |
| (1) നക്ഷത്രഗണ്ഡാന്തം | ... ... | ,, |
| (2) വിഷ്ടിഗണ്ഡാന്തം | ... ... | ,, |
| (3) തിഥിഗണ്ഡാന്തം | ... ... | ,, |
| (4) രാശിഗണ്ഡാന്തം | ... ... | ,, |
| മതഭേദങ്ങൾ | ... ... | 65 |
| വിഷ്ട്യുദയനാഴികകൾ | ... ... | ,, |
| വിഷ്ടിസ്വരൂപം | ... ... | ,, |
| രാശി, തിഥി, നക്ഷത്രഗണ്ഡാന്തങ്ങളുടെ നാഴികകൾ | ... ... | 67 |
| ഗണ്ഡാന്തവിഷയമായ മതഭേദങ്ങൾ | ... ... | ,, |
| വിഷഘടിക | ... ... | 68 |
| മതാന്തരം | ... ... | ,, |
| ആചാരസ്ഥിതി | ... ... | 69 |
| ഉഷ്ണശിഖ | ... ... | ,, |
| ഏകാർഗ്ഗളലക്ഷണം | ... ... | 70 |
| ഏകാർഗ്ഗളസ്വരൂപം | ... ... | 71 |
| അഹിമസ്തകം | ... ... | ,, |

| വിഷയം. | പുറം. |
|---|---|
| ലാടം ... ... | 71 |
| വൈധൃതം ... ... | ,, |
| ഗുളികവിഷഘാൎണ്ണങ്ങളെ വൎജ്ജിക്കേണ്ടുന്നേടത്തെ പ്രകാരഭേദം ... ... | 72 |
| അഹിമസ്തകവിഷ്ടിഗണ്ഡാന്തൈകാൎഗ്ഗളങ്ങളെ വൎജ്ജിക്കേണ്ടുന്നേടത്തെ പ്രകാരഭേദം ... ... | 73 |
| ലാടവൈധൃതങ്ങളെ വൎജ്ജിക്കേണ്ടുന്നേടത്തെ പ്രകാരം ... ... | ,, |
| വ്യതീപാതസ്വരൂപം ... ... | 74 |
| വ്യതീപാതത്തെക്കുറിച്ചുള്ള മതഭേദങ്ങൾ ... ... | 75 |
| ആചാരസ്ഥിതി ... ... | 76 |


## അദ്ധ്യായം ൮.

## യാദൃച്ഛികദോഷകഥനം.


| | |
|---|---|
| സൎവകൎമ്മങ്ങൾക്കും വൎജ്ജിക്കേണ്ടുന്ന യാദൃച്ഛികദോഷങ്ങൾ ... ... | ,, |
| എല്ലാമുഹൂൎത്തങ്ങൾക്കും നിന്ദ്യമായുള്ള തിഥിവാരഗ്രഹസ്ഥിതികൾ ... ... | 77 |
| ദോഷങ്ങളുടെ ബലാബലങ്ങൾ ... ... | 79 |
| മതഭേദങ്ങളിൽ കുലധൎമ്മദേശാചാരങ്ങളുടെ പ്രാധാന്യം ... ... | 80 |


## അദ്ധ്യായം ൯.

## ഗുണാദികഥനം.


| | |
|---|---|
| എല്ലാമുഹൂൎത്തങ്ങൾക്കും പ്രശസ്തമായ ഗ്രഹസ്ഥിതികൾ ... ... | 81 |
| പാപഗ്രഹങ്ങൾക്ക സ്ഥാനഭേദം നിമിത്തം ദോഷന്യൂനതാനിരൂപണം ... ... | ,, |
| ഗ്രഹങ്ങളുടെ ദക്ഷിണാദ്രവ്യങ്ങൾ ... ... | 82 |
| മുഹൂൎത്തങ്ങളുടെ ആവൎത്തനം ... ... | ,, |


## അദ്ധ്യായം ൧൦.

## കൎത്തൃവൎജ്ജ്യജന്മാദികഥനം.


| | |
|---|---|
| അശ്വിന്യാദിനക്ഷത്രങ്ങളുടെ അംശകങ്ങൾക്കു മേഷാദിസംജ്ഞാകഥനം ... ... | 83 |

വിഷയം. ... പുറം.


മേഷാദിരാശികളുടേയും മേഷാദ്യംശകങ്ങളുടേയും അധിപന്മാർ ... ... 84

ജന്മനക്ഷത്രംതുടങ്ങിയുള്ള നക്ഷത്രങ്ങളുടെ വിശേഷനാമങ്ങൾ ... ... ,,

ജന്മാനുജന്മനക്ഷത്രങ്ങളിൽ വർജ്ജിക്കേണ്ട മുഹൂർത്തങ്ങൾ ... ... 85

ജന്മനക്ഷത്രത്തിൽമാത്രം വർജ്ജിക്കേണ്ടുന്ന മുഹൂർത്തങ്ങൾ ... ... 86

ഉപനയനനക്ഷത്രത്തിൽ വർജ്ജിക്കേണ്ട മുഹൂർത്തങ്ങൾ ... ... ,,

ജന്മാനുജന്മനക്ഷത്രങ്ങളിൽ കൊള്ളാവുന്ന മുഹൂർത്തങ്ങൾ ... ... 87

ഋഗോമാസങ്ങളും കാവാലിക്കാലുകളും ... ... 88

വൈനാശാഖ്യദോഷനിരൂപണം ... ... 89

അഷ്ടോത്തരശതാംശദോഷനിരൂപണം ... ... ,,

ലഗ്നാഷ്ടമാഷ്ടമരാശ്യാദികളുടെ വർജ്ജ്യാവർജ്ജ്യകഥനം ... ... ,,

ജന്മാദികർത്തൃദോഷങ്ങളുടെ ബലാബല നിരൂപണം ... ... 91

ത്രിപഞ്ചസ്വരനക്ഷത്രങ്ങളുടെ ക്രമേണ ദോഷാധിക്യകഥനം ... ... 94

ജന്മാദിനക്ഷത്രങ്ങളിൽ ചെയ്യുന്ന കർമ്മങ്ങളുടെ ശുഭാശുഭനിരൂപണം ... ,,

മൂന്നഞ്ചേഴാംനാളുകളുടെ ദോഷാപവാദം ... ... 96

അഷ്ടമരാശ്യപവാദം ... ... 97

വൈനാശികാപവാദം ... ... ,,

അഷ്ടമരാശ്യംശകാപവാദം ... ... 98

ലഗ്നാഷ്ടമാപവാദം ... ... ,,


---

## അദ്ധ്യായം ൧൧.

## സാവനാദികാലമാനനിരൂപണം.


സാവനമാനപ്രധാനമായ മുഹൂർത്തങ്ങൾ ... ... 99

സൌരമാനപ്രധാനമായ മുഹൂർത്തങ്ങൾ ... ... ,,

സൌരത്തിലും സാവനത്തിലും ചെയ്യാവുന്ന മുഹൂർത്തങ്ങൾ ... ... ,,

| വിഷയം. | പുറം. |
|---|---|
| ആപത്തിങ്കൽ ചാന്ദ്രമാനസ്വീകരണം ... ... | 99 |
| മദ്ധ്യമചാന്ദ്രസംവത്സരത്തിന്റെ സാവന ദിവസം .... ... | 105 |
| സൌരവസംവത്സരത്തിലുള്ള സാവന ദിവസം ... .... | ,, |
| സ്ഫുടസൌരചാന്ദ്രങ്ങളെക്കൊണ്ട് ആറാം തിങ്ങളറിവാനുപായം ... ... | 106 |
| സൌരാദിസംവത്സരങ്ങളുടെ സാവനദിന സംഖ്യകൾ ... ... | 107 |

## ബാലശങ്കരകൎത്താവു പൂൎവ്വഭാഗത്തിൽ സ്മരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ.

(1) കാലദീപിക.

(2) ഷട്സൂത്രം.

(3) ആത്രേയം.

(4) മാധവീയം.

(5) നാരദീയം.

(6) സൎവ്വസിദ്ധി.

(7) ഹാരീതകസ്മൃതി.

(8) മുഹൂൎത്തദീപിക.

(9) ബാൎഹസ്പത്യം.

(10) ആചാരസംഗ്രഹം.

(11) മുഹൂൎത്തരത്നം.

(12) ആചാരദീപിക.

(13) വരാഹഹോര.

(14) സൂൎയ്യസിദ്ധാന്തം.

(15) വിധിരത്നം.

(16) ബോധായനഗൃഹ്യം.

(17) പഞ്ചാശിക.

(18) അൎണ്ണവം.

(19) കാലവിധാനപദ്ധതി.

(20) ബ്രഹ്മസിദ്ധാന്തം.

(21) താമരനല്ലൂർ.

(22) കാലദീപം-ഭാഷ.

## ബാലശങ്കരകൎത്താവു പൂൎവ്വഭാഗത്തിൽ സ്മരിച്ചിട്ടുള്ള

## ആചാൎയ്യന്മാർ.

(1) അഗസ്ത്യൻ.

(2) നൃസിംഹൻ.

(3) ബാദരായണൻ.

(4) ജാബാലി.

(5) ഗൎഗ്ഗൻ.

(6) ലല്ലൻ.

(7) ശ്രീപതി.

(8) ബൃഹസ്പതി.

(9) വരാഹമിഹിരൻ.

(10) ദേവരാതൻ.

(11) ഭരദ്വാജൻ.

THE MALAYALAM IMPROVEMENT COMMITTEE
COCHIN GOVERNMENT.

കാലദീപകവ്യാഖ്യാനം

# ബാലശങ്കരം

(പൂർവ്വഭാഗം).

---

## പ്രഥമോഽദ്ധ്യായഃ.

### അയനചിന്തനം.

തുമ്പതിങ്കളൊട്ടു കെങ്കതന്നെയും
ചൂട്ടമപ്പൻടെയോമലുണ്ണികൾ
ബാലകായ പൊഴുതൊട്ടു ഭാഷയായ്
ചൊല്ലുവാനിഹ തുണപ്പുതാക മേ.

ധാത്രീ യൽകരസമ്പക്കാൽ
സഗ്രഹർക്ഷാ വിരാജതേ
തസ്മൈ സർവ്വാത്മനേഽജായ
ഭാസ്വരായ നമോ നമഃ.

വന്ദേ ഗിരീശം ഗിരിജാസമേതം
കൈലാസശൈലേന്ദ്രഗൃഹാഗ്രസംസ്ഥം
അങ്കേ നിഷണ്ണേന വിനായകേന
സ്കന്ദേന ചാത്യന്തസുഖായമാനം.

കരോമി വാചം നത്വാഹം
ഗുരും ച പരമേശ്വരം
ശുഭകർമ്മസു ബാലാനാം
കാലജ്ഞാനായ ദീപകം.

G. P. T. 355. 300. 31-10-102.          B

യാതൊരു പൊഴുതുനിരൂപിപ്പാൻ തുടങ്ങുമ്പോൾ അങ്ങോ ടിങ്ങോട്ട പരിഭ്രമിച്ചുനിരൂപിയാതെ ഇക്രമത്താലെ നിരൂപിച്ചു കൊൾകിൽ എളുപ്പവുമുണ്ട്. പിഴയാതെ ഇരിപ്പാനും നന്ന്. എന്നിട്ടിക്രമത്താലെ നിരൂപിച്ചുകൊള്ളണം എന്നു ചൊല്ലുന്നു നടെ.

അയനം ചാഥ ഷഡ് ദോഷാ
രവിമാസാ ദിവാനിശോഃ
വിഭാഗോ ഗ്രഹണം സന്ധ്യാ
സായാഹ്നം രാശയോ ഗ്രഹാഃ.

പക്ഷോ വാരർക്ഷതിഥയ-
സ്തദ്യോഗോ രവിസംക്രമഃ
നവദോഷാഃ ക്രമാദേതേ
വിചിന്ത്യാശ്ശുഭകർമ്മസു.

ഉത്തരായണത്തിലും ദക്ഷിണായനത്തിലും കൊള്ളാവുന്ന തൊ ഇപ്പൊഴുതു, എന്നിയെ ഉത്തരായണത്തിൽത്തന്നെ കൊള്ളേ ണ്ടുന്നതൊ എന്നു നിരൂപിപ്പൂ നടെ. അവിടെ ഉത്തരായണ ത്തിൽത്തന്നെ കൊള്ളേണ്ടുന്നതത്രെ ഇപ്പൊഴുത് എങ്കിലൊ ഉത്ത രായണത്തിൽ തന്നെയല്ലയൊ അതു നിരൂപിക്കേണ്ടതും.

പിന്നെ അംഹസ്പത്യാദിഷഡ്ദോഷങ്ങളെ വർജ്ജിക്കേണ്ടുന്ന തൊ വർജ്ജിക്കേണ്ടാത്തതൊ ഇതു് എന്നു നിരൂപിച്ചാൽ ഷഡ്ദോ ഷം വർജ്ജിക്കേണ്ടുന്നതു് ഇതു് എങ്കിൽ നടെ ഷഡ്ദോഷം നിരൂ പിച്ചാൽ ഷഡ്ദോഷമില്ലാത്ത നാളല്ലൊ അതു നിരൂപിക്കേ ണ്ടതും.

എന്ന്യേ മേടഞായർ, ഇടവഞായർ എന്നു തുടങ്ങിയുള്ള രവിമാസങ്ങളിൽ ചിലവററിൽ വർജ്ജിക്കേണ്ടുന്നതൊ വർജ്ജിക്കേ ണ്ടാത്തതൊ ഇതു് എന്നു നിരൂപിച്ചാൽ ചിലവററിൽ വർജ്ജി ക്കേണ്ടുന്നതിതു്, എങ്കിലൊ ആ മാസങ്ങളൊഴിച്ചുള്ള മാസങ്ങളി ലല്ലൊ അതു നിരൂപിക്കേണ്ടതും.

പിന്നെ രാവും പകലും കൊള്ളാവുന്നതൊ ഇതു് എന്നി യെ പകൽതന്നെ കൊള്ളേണ്ടുന്നതൊ പകൽതന്നെയുമപ

രാഹനത്തിന്നുമുൻപെ കൊള്ളേണ്ടുന്നതൊ അല്ലയൊ, എന്നിയെ രാത്രികൊണ്ടു മൂന്നുക്രൂറിട്ടാൽ ഒടുക്കത്തെക്കൂററിൽകൂടി കൊള്ളാവുന്നതൊ, എന്നിയെ രാത്രിയിൽത്തന്നെ കൊള്ളേണ്ടുന്നതൊ ഇതു എന്നു നിരൂപിച്ചാൽ അവിടെയുമതിന്നു കൊള്ളാവുന്ന നേരത്തല്ലൊ അതു നിരൂപിക്കേണ്ടതും.

പിന്നെ പൊഴുതുനിരൂപിപ്പാൻ കല്പിച്ച തിങ്ങളിൽ ഗ്രഹണത്തിന്നവകാശമുണ്ടെങ്കിൽ ഗണിച്ചിട്ടു ഗ്രഹണമുണ്ടെന്നുതാൻ, ഇല്ലെന്നുതാൻ നിർണ്ണയിച്ചാൽ ഗ്രഹണമുണ്ടെങ്കിൽ അന്നുതുടങ്ങി മൂന്നുദിവസം കഴിഞ്ഞല്ലൊ യാതൊരുപൊഴുതും നിരൂപിക്കേണ്ടതും.

പിന്നെ ആ തിങ്ങളിൽ സന്ധ്യനാലും സായാഹ്നവും കൂടാതെ ഉള്ളെടത്തു വരുന്ന രാശികളെ നിരൂപിച്ചാൽ അവററിൽ ഇപ്പൊഴുതിന്നു കൊള്ളാവുന്ന രാശികളെ നിരൂപിപ്പൂ. പിന്നെ ഈ രാശികൾക്കു ഇപ്പൊഴുതിന്നു വൎജ്ജിക്കേണ്ടുന്ന ഗ്രഹസ്ഥിതിയെ നിരൂപിപ്പൂ.

പിന്നെ അപരപക്ഷത്തിൽകൂടി കൊള്ളാവുന്നതൊ കൊള്ളരുതാത്തതൊ ഇതു എന്നിയെ അപരപക്ഷത്തിൽ പഞ്ചമി കഴിവോളംകൂടി കൊള്ളാവുന്നതൊ എന്നു നിരൂപിച്ചാൽ അവിടേയുമതിന്നു കൊള്ളാവുന്നെടത്തല്ലൊ അതു നിരൂപിക്കേണ്ടതും.

പിന്നെ അപ്പൊഴുതിന്നു വൎജ്ജിച്ചിട്ടു ആഴ്ചയുണ്ടെങ്കിൽ ആയാഴ്ചകളല്ലാത്ത ദിവസങ്ങളിലല്ലൊ അതു നിരൂപിക്കേണ്ടതും.

പിന്നെ അതിന്നുകൊള്ളാവുന്ന നാളും പക്കവും വരുന്ന ദിവസങ്ങളിലല്ലൊ അതു നിരൂപിക്കേണ്ടതും.

പിന്നെ പൊഴുതുനിരൂപിപ്പാൻ കല്പിച്ചരാശി സൂൎയ്യസംക്രാന്തിയുടെ മേലും കീഴും പതിനാറുചെയ്തു നാഴികയ്ക്കകത്തകപ്പെടായ്കിലല്ലൊ പൊഴുതു നിരൂപിക്കേണ്ടതും.

എന്നാൽ ഇവയെല്ലാം അപ്പൊഴുതിന്നു കൊള്ളാവുന്നവതന്നെ എന്നു വന്നാൽ അതു മൃത്യുയോഗവും, ദഗ്ധയോഗവും നിരൂപിച്ചാൽ അന്നവയുണ്ടെങ്കിൽ മൂന്നെമുക്കാൽ നാഴികപുലൎന്നല്ലൊ യാതൊരുപൊഴുതും നിരൂപിക്കേണ്ടതും.

ഇവയൊന്നുകൊണ്ടും വിരോധമില്ലെങ്കിൽ ആ രാശിക്കു നവദോഷങ്ങളെ നിരൂപിപ്പൂ. അദ്ദോഷങ്ങളൊന്നുമേ വന്നില്ലെങ്കിൽ അപ്പൊഴ്തുണ്ടു്.

എന്നാൽ ഇക്രമത്താലെ നിരൂപിക്ക എളിയൂതും. പിഴയാതെ ഇരിപ്പാൻ നല്ലൂതും.

ഇനി ഉക്തക്രമത്താലെ അവററിന്റെ ലക്ഷണത്തെച്ചൊല്ലുന്നു. അവിടെ നടെ അയനലക്ഷണത്തെ ചൊല്ലുന്നു:—

മൃഗാദ്യം മാസഷട്കം ച
ഭവേദുത്തരായണം
കക്കടാദ്യം തഥാ ഷട്കം
ദക്ഷിണായനമീരിതം.

മകരഞായർ പിറക്കുമ്പോൾതുടങ്ങീട്ടു മിഥുനഞായർ കഴിവോളന്നേരം ഉത്തരായണം. കക്കടഞായർ പിറക്കുമ്പോൾതുടങ്ങി ധനുഞായർ കഴിവോളന്നേരം ദക്ഷിണായനം. യുക്തിതഃ നിരൂപിച്ചുകാണുമ്പോൾ അയനചലനം സംസ്കരിച്ചല്ലൊ സ്വതേയുള്ള അയനസന്ധിവരൂ. അപ്പൊഴൊ ചൌളാദികർമ്മങ്ങൾക്കും അയനചലനം സംസ്കരിച്ചിട്ടല്ലൊ അയനംകാണേണ്ടു എന്ന ശംകയിങ്കൽ ചൌളാദികർമ്മങ്ങൾക്കു് അയനചലനം സംസ്കരിയാതെ അത്രെ അയനംകണ്ടു ഞായം എന്നു ചൊല്ലുന്നു.

കേവലാർക്കേണ സർവ്വസ്മിൻ
കർമ്മണ്യയനകല്പനാ
അപക്രമചരാദൌ തു
സായനോർക്കഃ പ്രകീർത്തിതഃ.

അയനചലനംകൂട്ടാതെ ഇരിക്കുന്ന ആദിത്യസ്ഫുടംകൊണ്ടു തന്നെയത്രെ ചൌളാദികർമ്മങ്ങൾക്കു് അയനംകണ്ടു ഞായം. അപക്രമം, ചരം എന്നുതുടങ്ങിയുള്ള ജ്യാവുകൊള്ളുന്നേടത്തെ അർക്കാദിസ്ഫുടങ്ങൾക്കേ അയനചലനം കൂട്ടേണ്ടു. എന്നാൽ മകരഞായർ പിറക്കുന്ന സംക്രാന്തികഴിഞ്ഞെ ഉത്തരായണം തുടങ്ങൂ. മിഥുനഞായർ കഴിവോളന്നേരം ഉത്തരായണമത്രെതാനും. മറെറടം ദക്ഷിണായനം. ഇങ്ങനെയത്രെ ചൌളാദികർമ്മങ്ങൾക്കു് അയനവ്യവസ്ഥ. അയനചലനം കൂട്ടീട്ടല്ല.

ഇനി ദക്ഷിണായനത്തിൽ വർജ്ജിക്കേണ്ടവറ്റെ ചൊല്ലുന്നു:—

ചൌളോപനയഗോദാന-
വ്രതസ്നാനേഷു ദക്ഷിണം
അയനം വർജ്ജയേദ്ദേവ-
പ്രതിഷ്ഠാദിത്രികേऽപി ച.

ചൌളം, ഉപനയനം, ഗോദാനം, വ്രതങ്ങൾമൂന്നും, സമാവർത്തനം, ദേവപ്രതിഷ്ഠാ, കലശമാട്ടുക, സംപ്രോക്ഷം ഇവ പത്തിനും ദക്ഷിണായനം വർജ്ജിക്ക. ഇവ ഉത്തരായണത്തിലെ ചെയ്യാവൂ.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരാഖ്യേ
അയനചിന്തനം നാമ
പ്രഥമോऽധ്യായഃ.

---

## അഥ ദ്വിതീയോऽധ്യായഃ.

### ഷഡ്ദോഷനിരൂപണം.

ഇനി ഷഡ്ദോഷങ്ങളെ ചൊല്ലുന്നു:—

അംഹസ്പതിരധിമാസ-
സ്സംസർപ്പോ ദൃശ്യതാംഹിഗുരുസിതയോഃ
മൌഢ്യം ദൃഷ്ടിശ്ച മിഥോ
വർജ്ജ്യാ ദിനമാസകാര്യതോऽന്യത്ര.

അംഹസ്പതിഃ, അധിമാസഃ, സംസർപ്പഃ ഇവ മൂന്നുമോരോ ചാന്ദ്രമാസങ്ങൾ.

ദൃശ്യതാംഹിഗുരുസിതയോഃ എന്നു വ്യാഴത്തേയും ശുക്രനേയും പകൽ അംബരമദ്ധ്യത്തിങ്കൽ മാംസചക്ഷുസ്സുകൊണ്ടു കാൺക. എന്നിയെ അവരിരുവരിലും ഒരുത്തനെത്തന്നെ കാൺകിലും മതി.

ഗുരുസിതയോർമൌഢ്യം എന്നു വ്യാഴം താൻ, ശുക്രൻ താൻ പട്ടുകിടക്ക.

ദൃഷ്ടിശ്ച മിഥഃ എന്നു വ്യാഴം നില്ക്കുന്ന രാശിയുടെ ഏഴാം രാശിയിൽ ശുക്രൻ നില്ക്ക.

ഇങ്ങനെ വ്യാഴത്തെക്കൊണ്ടും ശുക്രനെക്കൊണ്ടും ദോഷം മൂന്നും, മുൻപിൽചൊല്ലിയ അംഹസ്പത്യാദിമാസങ്ങൾ മൂന്നും, ഇവ യാറും ഷഡ്ദോഷങ്ങളായത്. ഇവററെ മാസത്തിലും ദിവസത്തിലും വിധിച്ച ക്രിയകളൊഴിച്ചുള്ളവററിന്നൊക്കവെ വൎജ്ജിക്കണം. ദിവസത്തിലും മാസത്തിലും വിധിച്ച കൎമ്മങ്ങൾക്ക് ഈ ഷഡ്ദോഷങ്ങളെ വൎജ്ജിക്കേണ്ട.

ദിവസത്തിൽ വിധിച്ചതായവ വേളിശ്ശേഷം, പേരിടുക ഇത്യാദി. മാസോക്തങ്ങളായവ പുംസവനം, സീമന്തം, വിഷ്ണുബലി, ഗൎഭരക്ഷ, വാതിൽപുറപ്പെടുക, ചോറൂണ് ഇത്യാദി. ഇവററിന്നു ഷഡ്ദോഷങ്ങളെ വൎജ്ജിക്കേണ്ട.

ഇനി ഇവററിന്റെ ലക്ഷണങ്ങളെ ചൊല്ലുന്നു. അവിടെ നടെ അംഹസ്പത്യാദിമാസങ്ങളുടെ സ്വരൂപമറിവാൻ അവിടേക്കുപയോഗികളായുള്ള കാലമാനവിശേഷങ്ങളെ ചൊല്ലുന്നു:—

സൌരം ചാന്ദ്രം സാവനം ച
 തഥാ നാക്ഷത്രമേവ ച
ചതുൎദ്ധേതാനി മാനാനി
 കഥിതാനി മനീഷിഭിഃ.

സൌരം, ചാന്ദ്രം, സാവനം, നാക്ഷത്രം ഇങ്ങനെ നാലു പ്രകാരം കാലമാനങ്ങളുള്ളൂ.

ഇനി അവ നാലിന്റെയും ദിനാദിലക്ഷണങ്ങളെ ചൊല്ലുന്നു:—

ഭാഗഭോഗോ രവേസ്സൌര-
 ന്ദിനം ചാന്ദ്രം തിഥിൎഭവേൽ
സൂൎയ്യോദയാത്സാവനം സ്യാൽ
 നാക്ഷത്രം ഭക്രമേണ തു.

ത്രിംശദ്ദിനാനി മാസഃ സ്യാ-
 ന്മാസാ ദ്വാദശ വത്സരഃ
കേചിന്നാക്ഷത്രമാസം തു
 വദന്തി ശശിമണ്ഡലാൽ.

ഭാഗഭോഗോ രവേസ്സൌരം ദിനം. സ്ഫുടഗതികൊണ്ടു ആദിത്യന് അന്നു രാശിചക്രത്തിങ്കൽ ഓരോ തീയതി നടപ്പാനുള്ള കാലം ഓരോ സൌരദിനങ്ങളായത്.

ചാന്ദ്രം തിഥിർഭവേൽ. ചന്ദ്രസ്ഫുടത്തിൽനിന്ന് ആദിത്യസ്ഫുടത്തെ വാങ്ങിയാൽ പന്ത്രണ്ടീതേതു തീയതി ഉണ്ടാവാനുള്ള കാലം ഓരോ ചാന്ദ്രദിനങ്ങളായതു്. അപ്പൊഴൊ പ്രതിപദം, ദ്വിതീയാ എന്ന തുടങ്ങിയുള്ള പക്കങ്ങൾ ഓരോ ചാന്ദ്രദിനങ്ങളായതു്.

സൂൎയ്യോദയാത്സാവനം സ്യാൽ. ഒരാദിത്യസ്ഫുടോദയത്തിങ്കൽതുടങ്ങി അതിന്നടുത്തുമീതെ ആദിത്യസ്ഫുടോദയത്തോളമുള്ള കാലം ഒരു സാവനദിവസമായതു്.

നാക്ഷത്രം ഭഭ്രമേണ തു. രാശിചക്രം തന്നിക്ക് ഒരുവട്ടം തിരിവാനുള്ള കാലം ഒരു നാക്ഷത്രദിനമായതു്.

ത്രിംശദ്ദിനാനി മാസഃ സ്യാൽ. ഇവററിൽ തന്റെ തന്റെ ദിനങ്ങൾ മുപ്പതുക്കൂടിയതു തന്റെ തന്റെ ഓരോ മാസങ്ങളായതു്. സൌരദിനങ്ങൾ മുപ്പതുക്കൂടിയതു് ഒരു സൌരമാസം. ചാന്ദ്രദിനങ്ങൾ മുപ്പതുക്കൂടിയതു് ഒരു ചാന്ദ്രമാസം ഇത്യാദി.

മാസാ ദ്വാദശ വത്സരഃ. തന്റെ തന്റെ മാസങ്ങൾ പന്ത്രണ്ടുക്കൂടിയതു തന്റെ തന്റെ ഒരു സംവത്സരം. സൌരമാസം പന്ത്രണ്ടുക്കൂടിയാൽ ഒരു സൌരസംവത്സരം ഇത്യാദി.

കേചിന്നാക്ഷത്രമാസം തു വദന്തി ശശിമണ്ഡലാൽ. സ്ഫുടഗതികൊണ്ടു ചന്ദ്രന്ന രാശിചക്രത്തിങ്കൽ ഒരു വട്ടം നടപ്പാനുള്ള കാലം ഒരു നാക്ഷത്രമാസമായതു് എന്ന ചിലർ ചൊല്ലുന്നു.

ഇനി സൌരാദികളുടെ മാസലക്ഷണത്തെ ക്രമത്തിന്ന ചൊല്ലുന്നു:—

സംക്രാന്ത്യന്തസ്സൌരമാസ-
ശ്ചാന്ദ്രശ്ചന്ദ്രാൎക്കസംഗമഃ
സാവനഃ ഖാഗ്നിദിവസോ
നാക്ഷത്രശ്ശശിമണ്ഡലം.

സംക്രാന്ത്യന്തസ്സൌരമാസഃ. മേഷാദിരാശികളിലെ ഒരു സൂൎയ്യസ്ഫുടസംക്രാന്തിതുടങ്ങി അതിന്നടുത്ത മേലെ സൂൎയ്യസ്ഫുടസംക്രാന്തിയോളമുള്ള കാലം ഒരു സൌരമാസമായതു്. അപ്പൊഴൊ മേടഞായർ, ഇടവഞായർ എന്ന തുടങ്ങിയുള്ള പന്ത്രണ്ടുമാസങ്ങൾക്കും സൌരമാസങ്ങൾ എന്ന പേർ.

ചാന്ദ്രശ്ചന്ദ്രാൎക്കസംഗമഃ. ചന്ദ്രാൎക്കസംഗമം എന്ന ചന്ദ്രാദിത്യന്മാരുടെ സ്ഫുടം രണ്ടും ഒത്തുവരിക. ഒരുനാൾ ഈ സ്ഫുട

ങ്ങൾ ഒക്കുമ്പോൾ തുടങ്ങി അതിനടുത്തു മേൽ പിന്നെ അവ ഒപ്പോളമുന്നേരം ഒരു ചാന്ദ്രമാസം. അമാവാസിവാവിന്റെ ഒടുക്കവും പൂർവ്വപക്ഷത്തിൽ പ്രതിപദത്തിന്റെ ആദിയും കൂടുന്നെടത്തു അവയൊത്തു ഞായം. അപ്പോൾ പൂർവ്വപക്ഷത്തിൽ പ്രതിപദത്തിന്റെ ആദിയായി അതിനടുത്തു മീതെ അമാവാസിവാവിന്റെ ഒടുക്കമായുള്ള കാലം ഒരു ചാന്ദ്രമാസം.

സാവനഃ ഖാഗ്നിദിവസഃ. ഖം എന്നു ശൂന്യം. അഗ്നി എന്നു മൂന്ന്. അപ്പോൾ ഖാഗ്നി എന്ന സംഖ്യ മുപ്പതു്. ദിവസം എന്ന് ആദിത്യന്റെ സ്ഫുടോദയാൽ സ്ഫുടോദയാന്തമായുള്ള കാലം. അതിന്നു സാവനദിനം എന്നു പേർ. ഇസ്സാവനദിനങ്ങൾ മുപ്പതു കൂടിയതു് ഒരു സാവനമാസം.

നാക്ഷത്രഃ ശശിമണ്ഡലം. ചന്ദ്രന് ഇരുപത്തേഴു നാളിലും ഒരു വട്ടം സ്ഫുടഗതികൊണ്ടു നടപ്പാനുള്ള കാലം ഒരു നാക്ഷത്രമാസം.

ഇനി ചാന്ദ്രമാസങ്ങളുടെ പേരുകളെ ച്ചൊല്ലുന്നു:—

ചാന്ദ്രാ മാസാശ്ചൈത്രവൈശാഖസംജ്ഞൌ
ജ്യേഷ്ഠാഷാഢൌ ശ്രാവണപ്രോഷ്ഠപാദൌ
ആശ്വിന്യാഖ്യഃ കാർത്തികോ മാർഗ്ഗശീർഷഃ
പൌഷോ മാഘഃ ഫാല്ഗുനഃ പർവ്വനിഷ്ഠാഃ.

ചൈത്രം, വൈശാഖം ഇത്യാദി പന്ത്രണ്ടുപേരും കണ്ടുകൊൾക. പർവ്വനിഷ്ഠാഃ പർവ്വനിഷ്ഠങ്ങളെല്ലോ താനുമിവ. വാവറുതിയോടു വാവറുതിയല്ലോ ഇവററിന്നു കാലമാകുന്നു എന്നിട്ടു.

ഇനി ചൈത്രാദിമാസങ്ങൾക്കു തന്നെ മറുമോരോ പേരുകളെ ച്ചൊല്ലുന്നു:—

ക്രമാച്ചൈത്രാദയോ മാസാ
മധുമാധവശുക്ലകാഃ
ശുചിന്നഭോനഭസ്യൌ ച
തഥേഷശ്ചോർജ്ജ ഏവ ച,
സഹസ്സഹസ്യൌ ച തപ-
സ്തപസ്യശ്ചേതി സംജ്ഞിതഃ.

ചൈത്രമാസത്തിന്നു മധുമാസം എന്നു പേരുണ്ടു്. വൈശാഖ മാസത്തിന്നു മാധവമാസമെന്നും പേരുണ്ടു്. ഇങ്ങനെ ക്രമത്താലെ കണ്ടുകൊൾക. ഫാല്ഗുനത്തിന്നു തപസ്സ്യ എന്നു പേർ.

ഇനി ചൈത്രാദിമാസങ്ങളുടെ ലക്ഷണത്തെ ചൊല്ലുന്നു:—

ചിത്രാദിതാരകാദ്വന്ദ്വം
യദാ പൂർണ്ണേന്ദുസംയുതം
തദാ ചൈത്രാദയോ മാസാഃ
ത്രിഭിഷ്ഷഷ്ഠാന്ത്യസപ്തമാഃ.

ചിത്രതുടങ്ങിയുള്ള നാളുകളീരണ്ടിലോരോന്നു യാതൊരു നാൾ പൌർണ്ണമാസിവാവിന്റെ ഒടുക്കത്തോടു കൂടുന്നു അന്നു ചൈത്രാദിമാസങ്ങളുടെ നടുവുവന്നു ഞായം.

അവിടെ ആറാമതു, പന്ത്രണ്ടാമതു്, ഏഴാമതു് ഈ മാസങ്ങൾ മൂന്നിന്റെയും നടുവു മൂന്നിലൊരുനാളോടുകൂടി വന്നു ഞായം.

പൂർവ്വപക്ഷത്തിൽ പ്രതിപദത്തിന്റെ ആദി ആദിയായി അതിന്നടുത്തുമീതെ അമാവാസിവാവിന്റെ ഒടുക്കമൊടുക്കമായി ഉള്ള കാലമെല്ലൊ ഒരു ചാന്ദ്രമാസമായതു്. അങ്ങനേയിരിക്കുന്ന ചാന്ദ്രമാസങ്ങൾ പലതുണ്ടല്ലൊ. ഇരിക്കട്ടെ. അവയിൽവച്ചു ഏതൊരു ചാന്ദ്രമാസത്തിൽ പൌർണ്ണമാസിവാവിന്റെ ഒടുക്കം ചിത്രയിൽത്താൻ ചോതിയിൽത്താൻ വരുന്നു അച്ചാന്ദ്രമാസം ചൈത്രമാസമായതു്. വിശാഖത്തിൽത്താൻ, അനിഷത്തിൽത്താൻ പൌർണ്ണമാസിവാവറുതിവരുന്നതു വൈശാഖമാസം. തൃക്കേട്ടയിൽത്താൻ, മൂലത്തിൽത്താൻ വരുന്നതു ജ്യൈഷ്ഠം. പൂരാടത്തിൽത്താൻ, ഉത്രാടത്തിൽത്താൻ വരുന്നതു് ആഷാഢം. തിരുവോണത്തിൽത്താൻ, അവിട്ടത്തിൽത്താൻ വരുന്നതു ശ്രാവണം. ചതയം, പൂരുരുട്ടാതി, ഉതൃട്ടാതി ഇമ്മൂന്നിലൊരുനാളിൽ പൌർണ്ണമാസിവാവു് അറുതിവരുന്നതു പ്രോഷ്ഠപദമാസം. രേവതി, അശ്വതി, ഭരണി ഇമ്മൂന്നിലൊന്നു വരുന്നതു് ആശ്വിനമാസം. കാർത്തികയിൽത്താൻ, രോഹിണിയിൽത്താൻ വരുന്നതു കാർത്തികമാസം. മകയിരത്തിൽത്താൻ, തിരുവാതിരയിൽത്താൻ വരുന്നതു മാർഗ്ഗശീർഷം. പുണർതത്തിൽത്താൻ, പൂയ്യത്തിൽത്താൻ വരു

ന്നതു പൌഷം. ആയില്യത്തിൽത്താൻ, മകത്തിൽത്താൻ വരുന്നതു മാഘം. പൂരം, ഉത്രം, ഹസ്തം ഇമ്മൂന്നിലൊരുനാളിൽ പൌൎണ്ണമാസിവാവിന്റെ അറുതിവരുന്ന ചാന്ദ്രമാസം ഫാല്ഗുനം. ഇങ്ങനെ ചൈത്രാദിമാസങ്ങളുടെ ലക്ഷണം.

ഇനി വസന്താദി ഋതുക്കളുടെ ലക്ഷണത്തെച്ചൊല്ലുന്നു:—

ദ്വാഭ്യാം ദ്വാഭ്യാം തു മാസാഭ്യാം
ചൈത്രാദിഷു യഥാക്രമം
ഋതവസ്തു വസന്താദ്യാ-
ശ്ശിശിരാന്താ ബുധൈഃ സ്മൃതാഃ.

ചൈത്രാദിമാസങ്ങളിൽ ഈരണ്ടു മാസങ്ങൾകൂടീട്ടു വസന്താദി ഋതുക്കൾ. ചൈത്രവും, വൈശാഖവും വസന്തം. ജ്യേഷ്ഠവും, ആഷാഢവും ഗ്രീഷ്മം. ശ്രാവണവും, പ്രോഷ്ഠപദവും വൎഷം. ആശ്വിനവും, കാൎത്തികയും ശരത്. മാൎഗ്ഗശീൎഷവും, പൌഷവും ഹേമന്തം. മാഘവും, ഫാല്ഗുനവും ശിശിരം. ഇങ്ങനെ ഈരണ്ടു മാസങ്ങളെക്കൊണ്ടോരോ ഋതുക്കൾ.

ഇനി ഋതുക്കളുടെ പേരുകളെ ക്രമത്താലെ ചൊല്ലുന്നു:—

വസന്തശ്ച തഥാ ഗ്രീഷ്മോ
വൎഷാശ്ച ശരദേവ ച
ഹേമന്തഃ പഞ്ചമോ ജ്ഞേയ-
ശ്ശിശിരഃ ഷഷ്ഠ ഈരിതഃ.

വസന്തം, ഗ്രീഷ്മം, വൎഷം, ശരത്, ഹേമന്തം, ശിശിരം ഇങ്ങനെ ഋതുക്കൾ ആറു.

അധിമാസം വരുന്നകാലത്തു ആയധിമാസംകൂടാതെ ഈരണ്ടുമാസങ്ങളെക്കൊണ്ടു ഋതുക്കളാകുന്നു എന്നു ചൊല്ലുന്നു:—

ചാന്ദ്രേഷ്വത്ര തു മാസേഷു
യദാ മാസോऽധികാഹ്വയഃ
തദാ തദ്രഹിതാഭ്യാം തു
മാസാഭ്യാമൃതുരിഷ്യതേ.

അധിമാസം ഋത്വംഗമല്ല. പതിമ്മൂന്നാംമാസമത്രെ.

ഇനി അധിമാസം, സംസൎപ്പം, അംഹസ്പതി എന്നിവ മൂന്നിന്റെയും ലക്ഷണങ്ങളെ ചൊല്ലുന്നു:—

മധ്യേ മധ്യാർക്കസംക്രാന്ത്യോ-
ർമ്മധ്യാമാന്തദ്വയം യദി
അധിമാസഃ സ്പഷ്ടഗത്യാ
സംസർപ്പോംഹസ്പതിന്നചേൽ.

മധ്യേ മധ്യാർക്കസംക്രാന്ത്യോർമ്മധ്യാമാന്തദ്വയം യദി അധിമാസഃ. എന്ന് അധിമാസലക്ഷണത്തെച്ചൊല്ലുന്നു. ഇവിടെ മധ്യമംകൊണ്ടുവേണം സംക്രാന്തിയും പക്കവും കാണ്മാൻ. ആദിത്യമധ്യമത്തിന്നു യാതൊരിക്കൽ പന്ത്രണ്ടുമാസം തികയുന്നു അപ്പോൾ മേഷസംക്രാന്തി. അക്മധ്യമത്തിന്ന് ഒരു രാശി തികയുമ്പോൾ വൃഷഭസംക്രാന്തി. മധ്യമം രണ്ടുരാശി തികയുമ്പോൾ മിഥുനഞായർ പിറക്കുന്ന സംക്രാന്തി. ഇങ്ങനെ പന്ത്രണ്ടുരാശി തികയും മധ്യമസംക്രാന്തിയും കണ്ടുകൊൾക. പിന്നെ ചന്ദ്രമധ്യമത്തിൽനിന്നാദിത്യമധ്യമത്തെ വാങ്ങീട്ടുവേണം പക്കംകാണ്മാൻ. ഇങ്ങനെ മധ്യമംകൊണ്ടു സംക്രാന്തിയും പക്കവും കണ്ടാൽ ഒരു മധ്യമസംക്രാന്തി കഴിഞ്ഞിട്ടുവേണം മധ്യമംകൊണ്ടു കണ്ട അമാവാസിവാവു കഴിവാൻ. പിന്നെ അതിന്നടുത്തു മേലെ മധ്യമസംക്രാന്തിയും മുൻപേ കഴികയും വേണം. മധ്യമംകൊണ്ടു കണ്ട അതിന്നടുത്ത മീതെ അമാവാസിവാവു കഴിവോളം നേരമുള്ള കാലം അധിമാസമായതു്. ഇങ്ങനെ അടുത്തുള്ള മധ്യമസംക്രാന്തികൾ രണ്ടിന്റെയുമകത്തു മധ്യമംകൊണ്ടു കണ്ട അമാവാസിവാവുതികൾ രണ്ടുവന്നാൽ അതിൽ നടേത്തെ മധ്യമാമാവാസി കഴിഞ്ഞപ്പോൾ തുടങ്ങീട്ടു് അതിന്നടുത്തു മീതെ മധ്യമാമാവാസികഴിവോളം നേരം ഉള്ള കാലമധിമാസമായതു്. ഇങ്ങനെ അധിമാസലക്ഷണം.

സ്പഷ്ടഗത്യാ സംസർപ്പോംഹസ്പതിന്നചേൽ. എന്നിവിടം കൊണ്ടു സംസർപ്പാംഹസ്പതികളുടെ ലക്ഷണങ്ങളെച്ചൊല്ലുന്നു. സംസർപ്പാംഹസ്പതികൾക്കു ചന്ദ്രാദിത്യന്മാരെ സ്ഫുടിച്ചിട്ടുവേണം പക്കം കാണ്മാൻ. സംക്രാന്തിയുമാദിത്യസ്ഫുടംകൊണ്ടുവേണം കാണ്മാൻ. ഇങ്ങനെ സ്ഫുടംകൊണ്ടു പക്കവും സംക്രാന്തിയും കണ്ടാൽ അവിടെ ഏതോരുതിങ്ങളിൽ രണ്ടമാവാസിവാവവുതി വരുന്നു അത്തിങ്ങളിലെ സ്ഫുടചാന്ദ്രമാസം സംസർപ്പമായതു്. അപ്പോൾ യാതൊരു സ്ഫുടചാന്ദ്രമാസത്തിൽ സൂര്യസ്ഫുട

സംക്രാന്തി ഇല്ലയൊ അച്ചാന്ദ്രമാസം സംസപ്പമായതു്. അപ്പൊളോ ഒരു തിങ്ങളിൽ ആദിയിൽ സൂൎയ്യസ്ഫുടസംക്രാന്തി കഴിഞ്ഞിട്ടുവേണം സ്ഫുടംകൊണ്ടു കണ്ട അമാവാസിവാവുകഴിവാൻ. ആ തിങ്ങളിൽത്തന്നെ ഒടുക്കത്തു സ്ഫുടസംക്രാന്തിക്കുമുൻപെ അതിന്നടുത്തു മീതെ സ്ഫുടംകൊണ്ടു കണ്ട അമാവാസിവാവുകഴികയും വേണം. അപ്പോൾ ആ സൌരമാസത്തിൽ രണ്ടമാവാസിവാവറുതിയും ഉണ്ടല്ലോതാനം. ആ സൌരമാസത്തിലടങ്ങിയ ചാന്ദ്രമാസത്തിൽ സംക്രാന്തിയില്ലതാനം. അച്ചാന്ദ്രമാസമത്രെ സംസപ്പമായതു്. ആ സൌരമാസമല്ല. ഇങ്ങനെ സംസപ്പലക്ഷണം.

ഇനി അംഹസ്പതിയുടെ ലക്ഷണത്തെച്ചൊല്ലുന്നു. അംഹസ്പതിന്നചേൽ. എന്നിതുകൊണ്ടു് ഒരു തിങ്ങളിൽ സ്ഫുടംകൊണ്ടു കണ്ട അമാവാസിവാവറുതിയൊന്നും വന്നില്ലെങ്കിൽ ആ സ്ഫുടചാന്ദ്രമാസം അംഹസ്പതിയായതു്. ഇങ്ങനെ അംഹസ്പതിലക്ഷണം.

ഇനി സംസപ്പാംഹസ്പതികളുടെ ലക്ഷണം കാലദീപികയിലുണ്ടു ചൊല്ലീട്ടു്:—

യസ്മിംശ്ചാന്ദ്രേ ന സംക്രാന്തിഃ<br>
സംക്രാന്തിദ്വയമേവ വാ<br>
സ്പഷ്ടഗത്യാ തു സംസപ്പഃ<br>
പൂൎവ്വോഽന്ത്യോഽംഹസ്പതിഃ സ്മൃതഃ.

ഇങ്ങനെ ഇവിടെ അധിമാസലക്ഷണം. ഇതുതന്നെപോരാ. ഇങ്ങനെവന്നാൽ അവിടെ സ്ഫുടിച്ചിട്ടുവേണം പക്കം കാണ്മാൻ എന്നുണ്ടു ചിലർ ചൊല്ലുന്നു. ഇവിടെ ഇങ്ങനെ മദ്ധ്യമസംക്രാന്തികൾ രണ്ടിന്റേയുമകത്തു മദ്ധ്യമംകൊണ്ടു കണ്ട അമാവാസിവാവറുതികൾ രണ്ടുവന്നാൽ ആ രണ്ടു വാവറുതിനേരത്തേക്കു ചന്ദ്രാദിത്യന്മാരെ സ്ഫുടിച്ചുകൊണ്ടിട്ടു് ആ ചന്ദ്രസ്ഫുടത്തിൽനിന്നു് ആദിത്യസ്ഫുടത്തെ വാങ്ങീട്ടു പക്കം കണ്ടാൽ അപ്പോൾവന്ന നടേത്തെ അമാവാസിവാവു കഴിഞ്ഞപ്പോൾ തുടങ്ങീട്ടു് അതിന്നടുത്തു മീതെ അമാവാസി വാവു കഴിവോളമുള്ള കാലം അധിമാസമായതു്. ഇതു കാലദീപികയിൽ ചൊല്ലീട്ടുമുണ്ടു്.

മദ്ധ്യേ മദ്ധ്യാൎക്കസംക്രാന്ത്യോർ-<br>
മ്മദ്ധ്യാമാന്തദ്വയം യദി<br>
തദാ സ്ഫുടൈന്ദവോ മാസ-<br>
സ്സോഽധിമാസകസംജ്ഞിതഃ.

ഇങ്ങനെ. ഇതിലേതുപക്ഷം കൊള്ളേണ്ടുന്നതു് എന്നു് അന്നന്ന പ്രമാണഭൂതരോടുകേട്ടു നിൎണ്ണയിച്ചുകൊൾക. കേൾപ്പാനാരുമില്ലായ്കിൽ രണ്ടുകൊണ്ടും വൎജ്ജിച്ചുകൊൾക.

ഇനി ഈ മദ്ധ്യമാധിമാസത്തെ അറിവാൻ എളുതായ ഒരുപായത്തെച്ചൊല്ലുന്നു:—

ഝടിത്യഭ്രദ്വാരജനസ്യ ഭൂതിഭാക്
പ്രഭാവനാസ്ത്രീകജനാരിസംയുതഃ
വിലിപ്തികാദ്യോഽയമിനസ്യ മദ്ധ്യമോ
യദ്രാശിഗസ്തത്രഗതോഽധിമാസകഃ.

ഝടിത്യഭ്രദ്വാരജനസ്യ ഭൂതിഭാക്. എന്നീ വാക്യത്തിന്നു വിലിയാദി. സംവത്സരം ഒട്ടുക്കം. സംവത്സരമായതു കല്യബ്ദം. മറേറക്കീഴാദിത്യമദ്ധ്യമം. ഈ വാക്യത്തിൽ പ്രഭാവനാസ്ത്രീകജ-നാരി. എന്ന വിലിയാദിയായി കൂട്ടിക്കൂട്ടി ഇരുന്നാൽ വരുന്ന വൎത്തമാനകല്യബ്ദത്തിങ്കൽ വൎത്തമാനമാസമധിമാസമായതു്. ഇവിടെ ക്രിയാപ്രകാരമിങ്ങനെ; ഝടിയെന്ന വിലിയിൽ വയ്പൂ. ത്യഭ്രൽ എന്നു് ഇലിയിൽ. ദ്വാര എന്ന തീയതിയിൽ. ജന എന്ന രാശിയിൽ വയ്പൂ. അതിന്നുമീതെ അബ്ദത്തിന്റെ സ്ഥാനത്തു സ്യഭൂതിഭാക്, എന്നിടത്തെ ഭാഗത്തൊട്ടുങ്ങുമാറു നീളത്തിൽ വയ്പൂ. അപ്പോൾ നാലായിരത്തറുന്നൂററിനാല്പത്തൊന്നു കല്യബ്ദം തികഞ്ഞിട്ടു പിന്നെ മേടഞായർ തുടങ്ങി എട്ടു തിങ്ങളും കഴിഞ്ഞിട്ടുള്ള ധനുഞായറിൽ അന്നത്തെ അധിമാസം എന്നു കല്പിക്കണം. ഇനി ഇതിന്റെമീതെ അധിമാസമറിയേണ്ടുമ്പോൾ ഇതിൽത്തന്നെ പ്രഭാവനാസ്ത്രീകജനാരി,യെന്ന വിലിയാദിയായി കൂട്ടിയാൽ വരുന്ന വൎത്തമാനമാസമധിമാസം. അതിന്നുമീതെ അറിയേണ്ടുകിൽ പിന്നെയുമൊരിക്കൽ പ്രഭാവനാസ്ത്രീകജനാരി എന്നു കൂട്ടിക്കൊൾകേ വേണ്ടു. മേല്പോട്ടു പിന്നെയും പിന്നെയും ഈവണ്ണം കൂട്ടിക്കണ്ടുകൊൾക.

ഇവിടെ കല്യബ്ദമറിവാൻ തനിക്കു് അറിയേണ്ടുന്നകാലത്തെ ഇടവഞായറാദിക്കു കലിക്കുള്ള നാൾ വച്ചാൽ അതിനെ തത്സമനെക്കൊണ്ടു പെരുക്കി ധീജഗന്നൂപുരംകൊണ്ടു ഹരിച്ചാൽ വരുന്ന ഫലം അന്നത്തെ കല്യബ്ദമായതു്. അതു ചൊല്ലീട്ടുമുണ്ടു്.

തത്സമേന ഹതം കൃത്വാ
വൃഷമാസാദ്ദ്യഹർഗ്ഗണം
ധീജഗന്നൂപുരൈർഹൃത്വാ
ലബ്ധസ്സ്യാൽ കലിവത്സരഃ.

ഇങ്ങനെ. ഇടവഞ്ഞായറാദിക്കു കലിക്കുള്ള നാൾ വരുത്തേണമെന്നില്ല. മേടഞ്ഞായറാദിക്കു വരുത്തിലുമാം. എങ്കിൽ അബ്ദാധികം കൂട്ടിക്കൊള്ളേണം എന്നേ ഉള്ളു.

ദേവോ വനാസ്ഥഃ കപടീഹരോഽസൌ
പ്രഭാവനാസ്തീകജനാരിയുക്തഃ
കോളംബകാലാദപിഗണ്യസിംഹാത്
മധ്യാധിമാസഃ പുനരേവമേവ.

ഇങ്ങനെ വന്ന കൊല്ലം വിഷുവിന്നു വർത്തമാനകൊല്ലമായിരിക്കും.

ഏതേ ത്രയശ്ചാന്ദ്രമാസാ
മലമാസാ ഇതി സ്മൃതാഃ.

അധിമാസം, സംസർപ്പം, അംഹസ്പതി ഇവ മൂന്നും മലമാസങ്ങൾ എന്നു മുനികളാൽ സ്മൃതങ്ങളായിരിക്കുന്നു. അംഹസ്പതി വരുന്നകാലത്തു് അതിന്നു കീഴും മേലും സൂര്യസംക്രാന്തിരഹിതങ്ങളായിട്ടു് ഓരോ ചാന്ദ്രമാസങ്ങൾ വരും. അവ രണ്ടും മലമാസങ്ങൾതാനും. അതു ഷട്സൂത്രത്തിങ്കൽ ചൊല്ലീട്ടുമുണ്ടു്.

സൂര്യസംക്രാന്തിരഹിതോ
മലമാസോഽഭിധീയതേ.

ഇങ്ങനെ.

കേചിദത്രാധിമാസസ്യ
സംസർപ്പസ്യ ച ലക്ഷണം
വർണ്ണയന്ത്യന്യഥാ തസ്മാ-
ത്തത് പ്രോക്തമപി ചോച്യതേ.

ഇവിടെയും സംസർപ്പാധിമാസങ്ങളുടെ ലക്ഷണം ഈവണ്ണമല്ല. മറെറാരുപ്രകാരമത്രെ. എന്നുണ്ടു ചിലർ ചൊല്ലുന്നു. എന്നിട്ടു് അവർ ചൊല്ലിയ ലക്ഷണത്തെയും കൂടിക്കാട്ടുന്നു ഇവിടെ.

ഇനി ചൈത്രാദിമാസങ്ങളുടേയും അധിമാസം, സംസപ്പം, അംഹസ്പതി എന്നിവ മൂന്നിൻെറയും അവർ ചൊല്ലിയ ലക്ഷണത്തെ ചൊല്ലുന്നു:—

മേഷാദ്യേകൈകരാശിസ്ഫുടഗതിദിനകൃ-
ത്സംക്രമൈരേകൈകഗർഭാ-
ശ്ചാന്ദ്രാശ്ചൈത്രാദിമാസാ ഇഹ നയധരേ
സംക്രമസ്സോഽധിമാസഃ
സംസപ്പസ്സ്യാത് സ ചാംഹസ്പതിരുപരി യദി
ഗ്രസ്തസംക്രാന്തിയുഗ്മ-
സ്തൌ ചാബ്ദൽപംഗഭ്രതൌ സഹ സുചിരഭവൌ
സോഽധിമാസോഽത്ര പശ്ചാൽ.

ചൈത്രാദിമാസങ്ങളുടെ ലക്ഷണത്തെച്ചൊല്ലുന്നു.

മേഷാദ്യേകൈകരാശിസ്ഫുടഗതിദിനകൃത്സംക്രമൈരേകൈകഗർഭാശ്ചാന്ദ്രാശ്ചൈത്രാദിമാസാഃ. എന്നിവിടംകൊണ്ടു മേടംതുടങ്ങിയുള്ള ഓരോരാശികളിലെ സ്ഫുടഗതികൊണ്ടുള്ള ദിനകൃത്തിൻെറ സംക്രമങ്ങളാൽ ഓരോന്നിനെ ഗർഭിച്ചിരിക്കുന്ന ചാന്ദ്രമാസങ്ങൾ ചൈത്രാദിമാസങ്ങളായതു്.

ആദിത്യസ്ഫുടം പന്ത്രണ്ടുരാശി തികയുമ്പോൾ മേഷസംക്രാന്തി. ഒരു രാശിതികയുമ്പോൾ വൃഷഭസംക്രാന്തി. ഈവണ്ണമെ മററവയും കണ്ടുകൊൾക. മേടഞായർ പിറക്കുന്ന സംക്രാന്തി ഏതൊരു ചാന്ദ്രമാസത്തിൽവരുന്നു അച്ചാന്ദ്രമാസത്തിന്നു ചൈത്രം എന്നു പേർ. അപ്പൊഴൊ മീനഞായററിൽ തുടങ്ങേണം. പൂൎവ്വപക്ഷത്തിൽ പ്രതിപദം മേടഞായറിൽ കഴികയും വേണം. അതിന്നടുത്തു മീതേ അമാവാസിവാവു്. ആ പൂൎവപക്ഷവും അപരപക്ഷവും മുഴവൻ ചൈത്രമാസം. അപ്പോൾ അച്ചാന്ദ്രമാസം മേഷസംക്രാന്തിയെ ഗർഭിച്ചുവല്ലൊതാനും. എന്നിട്ടതു ചൈത്രം. ഇനി ഇടവഞായർ പിറക്കുന്ന സൂൎയ്യസ്ഫുടസംക്രാന്തിയെ ഗർഭിച്ച ചാന്ദ്രമാസം വൈശാഖമായതു്. മിഥുന സംക്രാന്തിയെ ഗർഭിച്ചതു ജ്യൈഷ്ഠം. ഇത്യാദി കണ്ടുകൊൾക. മീനഞായർ പിറക്കുന്ന സൂൎയ്യസ്ഫുടസംക്രാന്തിയെ ഗർഭിച്ച ചാന്ദ്രമാസം ഫാല്ഗുനമായതു്. ഇതു ഗ്രന്ഥാന്തരങ്ങളിൽ ചൊല്ലീട്ടുമുണ്ടു്.

വിഷുവാഖ്യസ്സദാ ചൈത്രേ
ജായതേ മേഷസംക്രമഃ
വൈശാഖേ വൃഷസംക്രാന്തി
ജ്യൈഷ്ഠേ മിഥുനസംക്രമഃ.

ആഷാഢേ കൎക്കിസംക്രാന്തിഃ
പ്രോച്യതേ ദക്ഷിണായനം
ശ്രാവണേ സിംഹസംക്രാന്തിഃ
പ്രോഷ്ഠപാദേ തു യോഷിതഃ.

ആശ്വിനേ തൌലിസംക്രാന്തിർ-
വൃശ്ചികാഖ്യാ തു കാൎത്തികേ
മാൎഗ്ഗശീൎഷേ തു ധനുഷഃ
പൌഷേ മകരസംക്രമഃ.

മകരാഖ്യാ തു സംക്രാന്തി-
രുത്തരായണസംജ്ഞിതാ
മാഘേ തു കുംഭസംക്രാന്തിഃ
ഫാല്ഗുനേ മീനസംക്രമഃ.

ഇങ്ങനെ.

ഇനി അധിമാസലക്ഷണത്തെച്ചൊല്ലുന്നു.

ഇഹ നയദരേ സംക്രമസ്സ്യോऽധിമാസഃ എന്നതു കൊണ്ടു്. ഇച്ചാന്ദ്രമാസങ്ങളിൽ വച്ചു് ഏതൊരു ചാന്ദ്രമാസത്തിന്റെ അകത്തു് സൂൎയ്യസ്ഫുടസംക്രാന്തി ഇല്ലാതെ വരുന്നു അച്ചാന്ദ്രമാസമധിമാസമായതു്. അപ്പോഴേ ഒരു തിങ്ങളാദിയിൽ സംക്രാന്തി കഴിഞ്ഞിട്ടുവേണമമാവാസിവാവവൃതിവരുവാൻ. ആ തിങ്ങളിൽത്തന്നെ ഒടുക്കത്തെ സംക്രാന്തിയും മുൻപേ അതിന്നടുത്തു മീതെ അമാവാസിവാവു കഴികയും വേണം. അപ്പോൾ അച്ചാന്ദ്രമാസത്തിൽ സംക്രാന്തിഇല്ലതാനും. അതു് അധിമാസം. അച്ചാന്ദ്രമാസമത്രെ അധിമാസമായതു്. ആ സൌരമല്ല. അപ്പോൾ ഏതൊരു തിങ്ങളിൽ അധിമാസം വരുന്നു ആ തിങ്ങളിൽ നടേത്തെ അമാവാസി കഴിവോളം നേരവും ഒടുക്കത്തെ അമാവാസികഴിഞ്ഞാൽ ശേഷിച്ചിട്ടുള്ള കാലവും അധിമാസമല്ല.

നടേത്തെ അമാവാസികഴിഞ്ഞു തുടങ്ങീട്ട് ഒടുക്കത്തെ അമാവാസി കഴിവോളം നേരമത്രെ അധിമാസമായതു്. ഇങ്ങനെ അധിമാസലക്ഷണം.

ഇനി സംസൎപ്പത്തിന്റെ ലക്ഷണത്തെ ചൊല്ലുന്നു.

സംസൎപ്പസ്സ്യാത്സ ചാംഹസ്പതിരുപരി യദി എന്നതു കൊണ്ടു്. അംഹസ്പതി മീതെ വരുമെങ്കിൽ ആ അധിമാസം തന്നെ സംസൎപ്പമായിട്ടു വരും. സൂൎയ്യസ്ഫുടസംക്രാന്തിയെ ഗ്രഹിയാത്ത ചാന്ദ്രമാസംതന്നെയത്രെ സംസൎപ്പമായതും. അതിന്നു് അംഹസ്പതി മീതെ വരണം എന്നേ വിശേഷമുള്ളു. ഇങ്ങനെ സംസൎപ്പലക്ഷണം.

ഇനി അംഹസ്പതിയുടെ ലക്ഷണത്തെച്ചൊല്ലുന്നു.

ഗ്രസ്തസംക്രാന്തിയുഗ്മഃ എന്നതുകൊണ്ടു.

രണ്ടു സൂൎയ്യസ്ഫുടസംക്രാന്തി വരുന്നു എന്നൊരു ചാന്ദ്രമാസത്തിൽ, അച്ചാന്ദ്രമാസം അംഹസ്പതിയായതു്. അപ്പോൾ ഒരു സൂൎയ്യസ്ഫുടസംക്രാന്തിക്കു മുമ്പെ അമാവാസി കഴികയും വേണം. പിന്നത്തെ സംക്രാന്തി കഴിഞ്ഞെ അതിന്നടുത്തമീതെ അമാവാസി കഴിയാവൂ. അച്ചാന്ദ്രമാസം അംഹസ്പതി. ആ സംസൎപ്പാംഹസ്പതികൾ രണ്ടും അബ്ദത്തിന്റേയും ഋതുവിന്റേയും അംഗത്തിൽ കൂട്ടുകയും ചെയ്യും. രണ്ടും കൂടിയെവരൂ. അതു പെരികെക്കാലം കൂടിയെ ഉള്ളൂ. ഈ സംസൎപ്പാംഹസ്പതികൾ വരുന്ന കാലത്തു് അംഹസ്പതിയുടെ മീതെയും സൂൎയ്യസ്ഫുടസംക്രാന്തിയെ ഗ്രഹിക്കാത്തൊരു ചാന്ദ്രമാസം വരും. അന്നത്രെ അധിമാസമായതു. വൃശ്ചികം, ധനു, മകരം മൂന്നിലൊരുതിങ്ങളിൽ അംഹസ്പതി മിക്കവാറും വന്നു ഞായം. അതിന്റെ കീഴെ കന്നിഞായറിൽത്താൻ, തുലാഞായറിൽത്താൻ, സംസൎപ്പം വന്നു ഞായം. സംസൎപ്പാംഹസ്പതികൾ വരുന്നകാലത്തു് അംഹസ്പതിക്കു മീതേ അടുത്ത കുംഭഞായറിൽത്താൻ, മീനഞായറിൽത്താൻ, അധിമാസം വന്നു ഞായം. അധിമാസം രണ്ടാണ്ടുമെട്ടുമാസവും കൂടുമ്പോൾ മിക്കവാറും വന്നു ഞായം.

കൊല്ലം ൧ ൧൬൩-ാമാണ്ടു് അംഹസ്പതിവന്നു. അംഹസ്പതിവരുന്ന കാലത്തെ വിഷ്ണുക്കലികൾ എഴുതുന്നു.

രത്നപാത്രന്നസോപാനം
ശാന്താശ്ചാന്തേവസായിനഃ
മാനിതോ ഗുണസമ്പന്നഃ
പ്രീതിഃ സ്വാദസ്ധസാ പുനഃ.
തനയോ മനുജസ്യേതി
ഭൃഗണാ വിഷുവത് കലേഃ.

ഇങ്ങനെ.

പത്തൊൻപതിററാണ്ടുകൂട്ടുമ്പോൾ അടുക്കെ രണ്ടുവട്ടം വരും. പിന്നെ മിക്കവാറും അറുപത്തഞ്ചാണ്ടുകൂട്ടുമ്പോൾ വരുമൊരിക്കൽ. പിന്നെയും രണ്ടുവട്ടം പത്തൊൻപതിററാണ്ടു കൂട്ടുമ്പോൾ മിക്കവാറും വന്നു ഞായം. പിന്നെ അറുപത്താഞ്ചാണ്ടുകൂട്ടുമ്പോൾ ഒരിക്കൽ വരും. ഇനിപ്പൊട്ടുന്നനവെ പത്തൊൻപതിററാണ്ടുകൂട്ടുമ്പോൾ വരുന്നതു മൂന്നുവട്ടം വരികിലുമാം. അന്നു പിന്നെ എൺപത്തിനാലാണ്ടുകൂട്ടുമ്പോൾ മിക്കവാറും വന്നു ഞായം. ഇങ്ങനെ മിക്കവാറും സംസപ്പാംഹസ്പതികൾ വന്നു ഞായം. ഇവ മൂന്നും മലമാസങ്ങൾതന്നെ. അതു ബ്രഹ്മസിദ്ധാന്തത്തിൽ ചൊല്ലീട്ടുമുണ്ടു്.

അർക്കേന്ദ്വോഃസ്ഫുടതസ്സിദ്ധാ-
സ്ത്രയോ മാസാ മലിമ്ലുചാഃ.

ഇങ്ങനെ.

ചൈത്രാദിമാസങ്ങളുടേയും സംസപ്പാംഹസ്പതികൾ മൂന്നിന്റേയും ലക്ഷണമവർ ചൊല്ലി.

ഇനി സ്ഫുടാധിമാസവും മദ്ധ്യാധിമാസവും പൊഴുതുകൾക്ക വർജ്ജിക്കമാറത്രെ ആചാരമാകുന്നു എന്നു ചൊല്ലുന്നു:—

സ്ഫുടാധിമാസോ മദ്ധ്യശ്ച
ദൈവേ ച നിന്ദ്യൌ സുകർമ്മസു
ഏക ഏവാനയോസ്സൻ സ്യാ-
ദിവാദാവജ്ജ്യതേ ദ്വയം.

സ്ഫുടാധിമാസവും, മദ്ധ്യാധിമാസവും ശുഭകൎമ്മങ്ങൾക്കു നിന്ദ്യം എന്നത്രെ ഇരിക്കുന്നതു്. എങ്കിലുമിവ രണ്ടിലൊന്നെ അധിമാസമായുള്ളൂ. വിവാദമുണ്ടാകകൊണ്ടു് ഇവ രണ്ടും വൎജ്ജിച്ചത്രെ കാണുന്നതും പൊഴുതുകൾക്കു.

ഇനി "ദൃശ്യേതാഹ്നി ഗുരുസിതയോഃ" എന്നേടത്തു ഗുരുസിതന്മാരിരുവരെയും കൂടി കാണണമെന്നുണ്ടോ എന്നിയെ ഇരുവരിലും വച്ചൊരുത്തനെക്കണ്ടാൽ പോരുമോ എന്ന സംശയത്തിങ്കൽ ഇവരിരുവരിലും വച്ചൊരുത്തനെത്തന്നെ കണ്ടാലും ദോഷമുണ്ടു് എന്നു ചൊല്ലുന്നു:—

യദാ ദിവൈവ ദൃശ്യേതേ
ജീവശുക്രൗ നഭഃസ്ഥലേ
തയോരന്യതരോ വാപി
സ കാലോ ബഹുദോഷദഃ.

ഗുരുസിതന്മാരിരുവരെയുംകൂടി പകൽ കാൺകിലും ഇരുവരിലൊരുത്തനെത്തന്നെ പകൽ കാൺകിലും ഇന്നെല്ലാം കാണ്മീല എന്നു നിൎണ്ണയം വരുവോളം വൎജ്ജിക്ക.

ഇനി ഗുരുസിതന്മാരെ പ്രാഹ്ണസായാഹ്നങ്ങളെയൊഴിച്ചുള്ള പകൽ കാണ്കിലെ ദോഷമുള്ളു എന്നു ചൊല്ലുന്നു:—

പ്രാഹ്ണസായാഹ്നയോൎമ്മദ്ധ്യേ
കാലോഽത്രാഹ്നിപദോദിതഃ

മിക്കവാറുമാറുനാഴികപുലരുവോളമുള്ള കാലം പ്രാഹ്ണമായതു്. പിന്നെ മിക്കവാറുമാറുനാഴിക പകലെ ഉള്ളടം സായാഹ്നമായതു്. പ്രാഹ്ണം കഴിഞ്ഞിട്ടു് സായാഹ്നം തുടങ്ങും മുൻപെ ഉള്ള കാലത്തെയത്രെ ഇവിടെ അഹ്നിയെന്നപദംകൊണ്ടു ചൊല്ലിയതു്. അപ്പോഴൊ മിക്കവാറും പത്തടികഴിഞ്ഞാൽ തിരിഞ്ഞു പതിററടിക്കു മുമ്പെ വ്യാഴത്തെത്താൻ ശുക്രനെത്താൻ, ആകാശമാൎഗ്ഗത്തു കാണ്കിൽ വൎജ്ജിക്കണം എന്നേയുള്ളൂ. പത്തടിക്കു മുമ്പെയും തിരിഞ്ഞു പതിററടി കഴിഞ്ഞാലും കാണ്കിൽ പൊഴുതു വൎജ്ജിക്കണമെന്നില്ല.

കാലദോഷാധികാരസ്യ
ഹാനിം വിതനുതേ ക്വചിൽ
മലമാസേ യഥാ സർവ്വ-
കാലാന്തരമലാപഹേ.

സൂര്യ്യസംക്രാന്തിരഹിതോ
മലമാസോഽഭിധീയതേ
തത്രാനന്യഗതിന്നിത്യം
കുര്യ്യാന്നൈമിത്തികീം ക്രിയാം.

കാമ്യന്തു യാഗഹോമാദി
ന തത്രേഷ്ടം കഥഞ്ചന
നിത്യാപി നൈവ തത്രേഷ്ടാ
ക്രിയാ ഗത്യന്തരേ സതി.

അതഏവ ന സോമേജ്യാ
വസന്തേ ച മലിമ്ലുചേ
നിത്യാഽപ്യേഷാ ന തത്ര സ്യാൽ
സംഭവാച്ഛുഭപര്വ്വണഃ.

ഏവമന്യാനി കർമ്മാണി
നിത്യാന്യപി മലിമ്ലുചേ
പശ്വിഷ്ട്യാഗ്രയണാധാന-
ചാതുർമ്മാസ്യാനി ചൈവ ഹി.

ന കാര്യ്യാണി സ്വകാലസ്യ
ശുദ്ധസ്യാപി ച സംഭവാൽ
മഹാലയാഷ്ടകോത്സർഗ്ഗോ-
പാകർമ്മാദ്യപി കർമ്മ യൽ.

സ്പഷ്ടമാസവിശേഷാഖ്യം
വിഹിതം വർജ്ജയേന്മലേ
ഉത്തരസ്യാപി മാസസ്യ
തത്സംജ്ഞസ്യാപി സംഭവാൽ.

പ്രതിമാസം മാസികാനി
കുര്യാൽ പ്രാപ്തേ മലിമ്ലുചേ
മാസികം നൈവ കുർവീത
കുര്യാദുത്തരമാസി തത്.

പാർവ്വണേഷ്വഗ്നിഹോത്രേ ച
മാ സിശ്രാദ്ധം പിതൃക്രിയാ
സന്ധ്യാം പഞ്ചമഹായജ്ഞാൻ
ദേവതാതിഥിഭോജനം.

പ്രേതേ മാസാദിമാരഭ്യ
ശ്രാദ്ധപിണ്ഡാദകക്രിയാ
സപിണ്ഡീകരണാന്താ ച
യഥാകാലമുപസ്ഥിതാ.

തീർത്ഥസ്നാനജപശ്രാദ്ധ-
പിണ്ഡദാനം ച തർപ്പണം
യവവ്രീഹിതിലൈർഹോമോ
ജാതകർമ്മാദികാഃ ക്രിയാഃ.

ചന്ദ്രസൂര്യഗ്രഹേ സ്നാന-
ശ്രാദ്ധദാനജപാദികം
മഘാത്രയോദശീശ്രാദ്ധ-
മിത്യാദീനി ബഹൂന്യപി.

പ്രത്യുപസ്ഥിതഹേതൂനി
സംപ്രാപ്താനി മലിമ്ലുചേ
അനന്യഗതികത്വേന
കർത്തവ്യാന്യധികേ/പി ച.

ആബ്ദികന്നാമ തത് ശ്രാദ്ധ-
മ്മലമാസേ തദിഷ്യതേ
മലമാസപ്രമീതാനാ-
മന്യേഷാമുത്തരത്ര തു.

ന സ്യാദഭ്യുദയശ്രാദ്ധം
വിനാ ജന്മനിമിത്തകം

ഗതേ വാൎദ്ധുഷികേ നിത്യേ
നാധിമാസം വിവൎജ്ജയേൽ.

വഷട്കാരം വിനാ ഹോമാ
യേ ഭവന്തീഹ കേചന
തേ സൎവേ മലമാസേഽപി
കൎത്തും യുക്താ ഇതി ശ്രുതിഃ.

ആധാനാനന്തരാ പൌൎണ്ണ-
മാസീ യാ മലമാസഗാ
തസ്യാമാരംഭണീയാപി
ന കുൎവീത കദാചന.

നൈമിത്തിക്യപി ജാതേഷ്ടി-
ൎന്ന കൎത്തവ്യാ മലിമ്ലുചേ
ഊൎദ്ധ്വം പൎവ്വണി കുൎവ്വീര-
ന്നാശൌചരജസീ വിനാ.

പ്രവ്യക്തമലമാസാൽ പ്രാക്
യത് കാമമസമാപിതം
ആഗതേ മലമാസേഽപി
തത് കൎത്തവ്യമസംശയം.

പുരാണധാന്യശൂന്യത്വേ
ക്ഷുധാദിസമുപസ്ഥിതേ
ശ്യാമാകൈൎമ്മലമാസേ തു
കൃതാഗ്രയണമാതുരഃ.

നവം ഭുക്ത്വാ യഥാകാലം
വ്രീഹ്യാഗ്രയണമാചരേൽ
ദൈവാത്സോമേന നൈവേഷ്ടം
പ്രാഗ്വസന്താദ്യപൎവ്വണഃ.

ശിഷ്ടം പൎവ്വൈകമേവാത്ര
തച്ചാപി മലദൂഷിതം
തത്ര സോമമഖോ നൈവ
കാൎയ്യോ നിത്യോഽപി സന്നയം.

യാഗലോപപ്രസക്തിർവാ-
വൃദ്ധക്യാദിമലേ യഥാ
ഏവമുദ്ദേശതസ്സാരം
ഷട്സൂത്രസ്യ തു ഭാഷിതം.

വിവിച്യ കഥയിഷ്യാമി
തത്പ്രകരണേ സ്ഫുടം.

ഇതു ഷട്സൂത്രത്തിലെ ഉള്ളൂ. മലമാസങ്ങളിൽ വൎജ്ജിക്കേണ്ടുന്ന കൎമ്മങ്ങളുടെ വിഭാഗത്തെ ഇതിന്നു തക്കവാറു നിരൂപിച്ചു കല്പിച്ചുകൊൾക. ഇനി മദ്ധ്യാധിമാസത്തെ അംഗീകരിക്കുന്നവരുടെ ഗ്രന്ഥങ്ങൾ.

രവിമദ്ധ്യമസംക്രാന്ത്യോർ-
ദ്ദൎശൗ മദ്ധ്യേഽധിമാസകഃ
യസ്മിന്മാസേ ന സംക്രാന്തിഃ
തദ്ദ്വയം യത്ര വാ വിധോഃ.

സംസൎപ്പാംഹസ്പതീ മാസാ-
വധിമാസശ്ച നിന്ദിതാഃ
അബ്ദദ്വയേഽഷ്ടൗ മാസാശ്ച
ഷോഡശാഹസ്രീനാഡികാഃ.

വിനാഡ്യഃ പഞ്ചപഞ്ചാശ-
ദധിമാസാന്തരം സ്ഫുടം

ഇങ്ങനെ ആത്രേയത്തിൽ ചൊല്ലി.

സമാധിനാ ശ്രുരജനാധികശ്ശിവഃ
പ്രഭാവനാസ്തിക്യജനാരിസംയുതഃ
വിലിപ്തികാദ്ദ്യോഽയമിനസ്യ മദ്ധ്യമോ
യദ്രാശിഗസ്തത്രഗതോഽധിമാസകഃ.

ഇങ്ങനെയുമൊരു ഗ്രന്ഥത്തിൽ കണ്ടു.

ദേഹി പാദുകതുഷ്ടോനാത്
ദിനാളികാടകേന ച

പാതദ്ധീരൈരെന്നള്ളാദ്യൈശ്ച
മാസോ മദ്ധ്യോ/ധികഃ കില.

എന്നുമൊരു ഗ്രന്ഥത്തിൽ കാണുന്നുണ്ടു്.

സൂര്യ്യദിതസ്മത്ത്വേ്യാ
നകലിസ്സ്ത്രീഷ്ഠ്വാ ഹൃതോ യഥാ ധീരൈഃ
ഹൃതശേഷോ ന സ്യാച്ചേത്
തസ്മിൻ മദ്ധ്യാധിമാസപാതസ്സ്യാത്.

എന്നു വേറൊരുഗ്രന്ഥത്തിൽ കാണുന്നു.

താമരനല്ലൂരില്ലമുണ്ടു ചൊല്ലീട്ടു്.

ഇരണ്ടുപാവം വരിലക്കമാസേ
സംസപ്പമംഹസ്പതി ഇല്ലയായ്ക്കിൽ
ഒന്നും രവേർമദ്ധ്യമഭോഗമദ്ധ്യേ
പറ്റുദ്വയഞ്ചേദധിമാസ ഏഷഃ.

ഇങ്ങനെ.

ഇനി മാധവീയം.

സംസപ്പോ രവിമാസി ദർശയുഗളം
പൂർണ്ണാദ്വയം വാസ്തിചേ-
ത്തസ്മിൻ പൌർണ്ണയുഗം ഭവേദ്യദി വിദു-
സ്തം കേചിദംഹസ്പതിം
അർക്കേന്ദ്വോര്യ്യദി മദ്ധ്യയോഗയുഗള-
മമദ്ധ്യേ/ർക്കമദ്ധ്യോതഥയോ-
സ്സംക്രാന്ത്യോരധിമാസ ഏഷ ഇതി തേ
മാസാസ്ത്രയോ നിന്ദിതാഃ.

അസ്യായമർത്ഥഃ—യസ്മിൻ സ്ഫുടസൌരമാസേ സ്ഫുടാമാവാസ്യാവസാനദ്വയം സ്ഫുടപൌർണ്ണമാസ്യാവസാനദ്വയം വാ വിദ്യതേ സ സൌരമാസഃ സംസപ്പഃ. പൌർണ്ണശബ്ദഃ സൂര്യ്യസംക്രമവാചകഃ. യസ്യ സ്ഫുടചാന്ദ്രമാസസ്യോദരേ സ്ഫുടസൂര്യ്യസംക്രാന്തിദ്വയം വിദ്യതേ സ ചാന്ദ്രമാസോ/ംഹസ്പതിസംജ്ഞഃ. മദ്ധ്യമാർക്കസംക്രമണ-

യോൎമ്മധ്യേ മധ്യമാൎക്കേന്ദുജനിതം പൎവ്വദ്വയം യദി തൎഹി തയോൎമ്മധ്യമാൎക്കസംക്രമകാല യോൎമ്മദ്ധ്യവൎത്തികാലോऽധിമാസസംജ്ഞ ഇതി.

നാരദീയത്തിലും ചൊല്ലീട്ടുണ്ടു്.

സംക്രാന്തിരഹിതോ മാസോ
യോ വാ സംക്രാന്തിയുഗ്മയുക്
പൂൎവ്വസ്സംസൎപ്പമാസഃ സ്യാ-
ദംഹസ്പതിരഥാപരഃ.

ദ്വൌ മാസൌ സൎവ്വകാൎയ്യാണാം
വിനാശായ ഗ്ഗുരുദിതൌ.

അഗസ്ത്യഃ.

നഷ്ടേന്ദോശ്ച യദാ മദ്ധ്യേ
സംക്രാന്തീ ദ്വേऽന്യഥാപി വാ
അംഹസ്പതിൎഭവേദാദ്യഃ
സംസൎപ്പഃ പരതസ്തഥാ.

നൃസിംഹഃ.

യസ്മിൻ മാസേ ന സംക്രാന്തിഃ
സംക്രാന്തിദ്വയമേവ വാ
സംസൎപ്പാംഹസ്പതീ മാസാ-
വധിമാസശ്ച നിന്ദിതാഃ.

പ്രതിപദ്ദൎശയോസ്സന്ധൌ
യദാ സംക്രമതേ രവിഃ
പൂൎവ്വം സംസൎപ്പമിത്യാഹുഃ
പരമംഹസ്പതിം തഥാ.

സൎവ്വസിദ്ധൌ

ദ്വിപൎവ്വയുക് സൌരമാസ-
സ്സംസൎപ്പ ഇതി കീൎത്തിതഃ
ഏകേനാപി വിഹീനസ്തു
പൎവ്വണാംഹസ്പതിഃ സ്മൃതഃ

പാതല്യഗണതസ്സാമ്യെത
സ്ഫുടെത ഭാസ്കരാശാകരെത
താഭ്യാം സിദ്ധാ തു യാ സ്പഷ്ടാ
സാ തിഥിസ്ത്വധിമാസജാ.

തസ്യാഃ പ്രാക്സിതപക്ഷോത്ഥ-
പ്രതിപൽപ്രമുഖസ്തു യഃ
ചാന്ദ്രോ മാസോ/ധിമാസസ്സ സ്യാൽ
സ മാസഃ സ്യാത് ത്രയോദശഃ.

പാതല്യഗണതഃ-അധിമാസപതനകാലീനകലിദിനാൽ.
ഇങ്ങനെ.

ഇനി സ്ഫുടാധിമാസത്തെ അംഗീകരിക്കുന്നവരുടെ ഗ്രന്ഥങ്ങൾ.

ഹാരീതകസ്മൃതൌ

ഇന്ദ്രാഗ്നീ യത്ര ഹൂയേതേ
മാസാദിസ്സംപ്രകീർത്തിതഃ
അഗ്നീഷോമൌ സ്ഥിതൌ മദ്ധ്യേ
സമാപ്തൌ പിതൃസോമകൌ.

തമതിക്രമ്യ തു യദാ
രവിർഗച്ഛേൽ കദാചന
ഹവ്യകവ്യക്രിയാഹന്താ
തദാ ജ്ഞേയോ/ധിമാസകഃ.

അധിമാസപതനകാലേ ബാദരായണമതം.

ഷഷ്ടിഭിർദിവസൈർമ്മാസഃ
കഥിതോ ബാദരായണൈഃ
പൂർവ്വാർദ്ധം തു പരിത്യജ്യ
ഹ്യുത്തരാർദ്ധം പ്രശസ്യതേ.

അസംക്രാന്തിമാസോ/ധിമാസസ്സ്ഫുടം സ്യാ-
ദ്വിസംക്രാന്തിമാസഃ ക്ഷയാഖ്യഃ കദാചിൽ
ക്ഷയഃ കാർത്തികാദിത്രയേ നാന്യദാ സ്യാ-
ത്തദാ വർഷമദ്ധ്യേ/ധിമാസസ്സ്ഫുടഞ്ച.

സ്ഫുടം ഇതി സംസപ്പഃ. ക്ഷയ ഇത്യംഹസ്പതിഃ.
മററുമുണ്ടൊരുഗ്രന്ഥം.

മാസദ്വയേഽബ്ദമദ്ധ്യേ തു
സംക്രാന്തിന്ന യദാ ഭവേൽ
പ്രായശസ്തത്ര പൂൎവ്വഃ സ്യാ-
ദധിമാസസ്തഥോത്തരഃ.

ജാബാലിയുമുണ്ടു ചൊല്ലുന്നു.

ഏകസ്മിന്നപി വൎഷേ തു
ദ്വൌ മാസാവധിമാസകൌ
സംസപ്പാംഹസ്പതീ മാസാ-
വധിമാസശ്ച നിന്ദിതാഃ.

കീടാദിഷു ചതുൎഷ്വേവ
മലമാസോ യദാ ഭവേൽ
തുലാകന്യാഗതേ സൂൎയ്യേ
നാധിമാസോ മലിമ്ലുചഃ.

മലിമ്ലുച ഇത്യകാരാന്തം പുല്ലിംഗം പ്രഥമൈകവചനം.
ഗൎഗ്ഗനുമുണ്ടു ചൊല്ലുന്നു.

ചൈത്രാൽ പരേഷു മാസേഷു
യദാ ദ്വാവധികൌ തദാ
നാധിമാസസ്തു പൂൎവ്വസ്സ്യാ-
ദുത്തരസ്ത്വധികഃ സ്മൃതഃ.

ഇങ്ങനെ.

നാലാംപ്രശ്നത്തിലെ „മധുശ്ച മാധവശ്ച" എന്നതിന്റെയും „യജ്ഞേന വൈ ദേവാസ്സുവൎഗ്ഗം ലോകമായൻ" എന്നീ ഓത്തിന്റെയും വ്യാഖ്യാനം മാധവീയത്തിലുണ്ടു്.

സംസപ്പാംഹസ്പതികളുടെ ലക്ഷണപ്രദൎശകമായിരിപ്പൊരു ഗ്രന്ഥം എടുത്തിട്ടു് അതു് എഴുതുന്നു.

അസംക്രാന്താവേകവൎഷേ
ദ്വൌ ചേൽ സംസപ്പ ആദിമഃ

ക്ഷയമാസോ ദ്വിസംക്രാന്ത
സ്സ ചാംഹസ്പതിസംജ്ഞകഃ.

ഇങ്ങനെ.

ഇവ സ്പഷ്ടാധിമാസത്തെ അംഗീകരിക്കുന്നവരുടെ ഗ്രന്ഥങ്ങൾ. എന്നാൽ പൊഴുതുകൾക്ക സ്പഷ്ടാധിമാസവും മധ്യാധിമാസവും വർജ്ജിക്കുമാറാചാരം.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
ഷഡ്ദോഷനിരൂപണം നാമ
ദ്വിതീയോഽധ്യായഃ.

## അഥ തൃതീയോഽധ്യായഃ.

## ദിനവിഭാഗാദികഥനം.

ഇനി ദിവസത്തിൽത്തന്നെ ഇന്നിന്നനേരം വർജ്ജിക്കേണ്ടതു് ഇന്നിന്നനേരം കൊള്ളേണ്ടുന്നതു് എന്നുള്ള വിഭാഗത്തെ ചൊല്ലുന്നു:—

രാത്രാവേവ നിഷേകസ്സ്യാൽ
സ്ഥാലീപാകാദയോ ദിവാ.

വേളിശ്ശേഷം രാത്രിയിൽത്തന്നെ ആവൂ. സ്ഥാലീപാകം പഞ്ചമേഽഹനി, ദശമേഽഹനി, നക്ഷത്രഹോമം, പിറന്നാൾഹോമം ഇത്യാദികളെല്ലാം പകലിൽത്തന്നെ ചെയ്യാവൂ.

ഇനി ഇന്നതിന്നു് ഇന്നടപ്പോൾ ദിവസാരംഭം എന്നു ചൊല്ലുന്നു:—

രാത്ര്യാസ്ത്രേധാ വിഭക്തായാഃ
പൂർവ്വൗ പൂർവ്വേദ്യുർഭാഗിനൗ
അപരശ്ചാപരസ്യ സ്യാ-
ദത്രൈവ മൃതസൂതകേ.

അന്നുള്ള രാത്രിയെക്കൊണ്ടൊപ്പിച്ചു മൂന്നുകൂറു പകുത്താൽ നടേത്തെക്കൂറു രണ്ടും തലനാളത്തേതിൽ കൂട്ടും. ഒടുക്കത്തെക്കൂറു പിറന്നാളത്തേതിൽ കൂട്ടും. തീണ്ടായിരിക്കുക്കും മരണത്തിനും

പ്രസവത്തിന്നും ഇവ മൂന്നുമിങ്ങനെ. ഇവ മൂന്നുമല്ലാത്തവററി ന്നൊക്കവെ ആദിത്യന്റെ ഉദയാദുദയാന്തമത്രെ ദിവസമാകുന്നതു്.

ഇനി രാത്രികൊണ്ടു മൂന്നു കൂറിട്ടതിൽ നടേത്തെക്കൂറ രണ്ടിലും വൎജ്ജിക്കേണ്ടുന്നവയെച്ചൊല്ലുന്നു:—

ആദ്യന്ത്യാംശദ്വയം വൎജ്ജ്യ-
ന്നിശായാം നാമകൎമ്മണി
വിദ്യാരംഭേ കൃഷൌ ദേവ-
പ്രതിഷ്ഠാദിചതുഷ്ടയേ.

പേരിടുക, വിദ്യാരംഭം, ചാലിടുക, വിതയ്ക്ക, ദേവപ്രതിഷ്ഠ, കലശമാട്ടുക, സംകോചം, അഷ്ടബന്ധം ഇവററിന്നൊക്കവെ രാത്രിയുടെ നടേത്തെക്കൂറ രണ്ടും വൎജ്ജിക്കണം. അന്നുള്ള രാത്രി കൊണ്ടൊപ്പിച്ച മൂന്നു കൂറിട്ടാൽ അതിൽ മൂന്നാംകൂറ തുടങ്ങിയെ ഇവററിന്നു കൊള്ളാവൂ.

നൈഷ്ഠൌ ശസ്ത്രേ ഗൃഹാരംഭേ
നിശാദ്യന്ത്യാംശകാവുഭൌ.

ശസ്ത്രബന്ധത്തിന്നും, ഗൃഹാരംഭത്തിന്നും രാത്രിയുടെ നടേത്തെക്കൂറ രണ്ടും വേണ്ടീല. അവിടെ ശസ്ത്രബന്ധം ഒടുക്കത്തെ ക്കൂറതുടങ്ങിയെ കണ്ടിട്ടുള്ളൂ. അതു നടേത്തെക്കൂറകളിൽ കൊള്ളാമൊ അരുതൊ എന്നു് അന്നത്തെ പ്രമാണഭൂതരോടുകേട്ടു നിശ്ചയിച്ചുകൊൾക. കേൾപ്പാനൊരുക്കമില്ലെങ്കിൽ നടേത്തെ ക്കൂറകളിൽ ഉളച്ചുകളഞ്ഞാൽ പോരും. ഗൃഹാരംഭം നടേത്തെ ക്കൂറകളിൽ രണ്ടിലും ആവശ്യകത്തിങ്കൽകൊണ്ടു കാൺമുണ്ടു താനും.

ഇനി രാത്രി മുഴുവൻ വൎജ്ജിക്കേണ്ടുന്നവററെച്ചൊല്ലുന്നു:—

ഗൎഭഹോമസ്തഥാ ചൌള -
മുപനീത്യാദിസപ്തകം
ഗൃഹസ്ഥാഗ്രയണാദ്യെഷു
വൎജ്ജയന്നിഖിലാം നിശാം.

പുംസവനം, സീമന്തം, വിഷ്ണുബലി, ഗൎഭരക്ഷ, ചൌളം, ഉപനയനം, ഉപാകൎമ്മം, വ്രതങ്ങൾമൂന്നും, ഗോദാനം, ചാമത്തം,

ആഗ്രയണം ഇവ എല്ലാററിന്നും രാത്രി മുഴുവൻ വൎജ്ജിക്കണം. ഇവ പകലെ ചെയ്യാവൂ.

ഇനി ഗ്രഹണം നിമിത്തമായിട്ടു വൎജ്ജിക്കേണ്ടുന്ന കാലത്തെച്ചൊല്ലുന്നു:—

ദൃശ്യാൎദ്ധഭാഗഗതിയോർ-
ഗ്രഹണാച്ഛശിസൂൎയ്യയോഃ
ഊൎദ്ധ്വം ദിനത്രയം വൎജ്ജ്യ
മാചാരോ ദൃശ്യതേ തഥാ.

ദൃശ്യാൎദ്ധഭാഗമായതു ക്ഷിതിജത്തിന്നുമീതേ ഭാഗം. അപ്പോഠ ചന്ദ്രാദിത്യന്മാരുദിക്കുമ്പോഠ തുടങ്ങീട്ടു് അസ്തമിക്കുന്നതിന്നകത്തു ഗ്രഹണമുണ്ടെങ്കിൽ അന്നുതുടങ്ങി മൂന്നുദിവസം വൎജ്ജക്കിണം എല്ലാപ്പൊഴുതിന്നും. അവര് അസ്തമിച്ചാൽ ഉദിക്കുംമുമ്പിൽ ഉണ്ടാകുന്നതിനെ പാതാളഗ്രഹണമെന്നു ചൊല്ലിഞായം. അ പ്പാതാളഗ്രഹണമുണ്ടായതുകൊണ്ടു പൊഴുതൊന്നും വൎജ്ജിക്കേണ്ട. ദൃശ്യാൎദ്ധഭാഗത്തിങ്കൽ നില്ക്കുന്ന ചന്ദ്രാൎക്കന്മാരുടെ ഗ്രഹണമുണ്ടാ നാൽ ആ ദിവസത്തോട്ടുകൂടി മൂന്നുദിവസം മേല്പട്ടു വൎജ്ജിക്കണം. ഗ്രഹണത്തിനുമുമ്പെ ഗ്രഹണം നിമിത്തമായിട്ടു പൊഴുതൊന്നും വൎജ്ജിക്കേണ്ട. ഗ്രഹണമുണ്ടായെ വൎജ്ജിക്കേണ്ടു. ഇങ്ങനെയത്രെ ആചാരം കാണുന്നതു്.

ഇനി ഗ്രന്ഥാന്തരങ്ങളിൽ പക്ഷഭേദങ്ങളെ കാണുന്നതാ വതു. ഏതൊരുനാളുന്നേരത്തു ഗ്രഹണമുണ്ടാകുന്നു അന്നാളിനെ ഒന്നു ഗ്രഹണത്തിനുമുമ്പിലുംകൂടി വൎജ്ജിക്കണം എന്നു മുഹൂൎത്ത ദീപകത്തിൽ ചൊല്ലീട്ടുണ്ടു്.

ആ ഗ്രന്ഥം,

പാതവൈധൃതസൂൎയ്യേന്ദു-
ഗ്രഹാ യസ്മിൻ ഭവന്തി ഭേ
തത്ത്യജേൽ സൎവ്വകാൎയ്യേഷു.

ഇങ്ങനെ.

സൂൎയ്യഗ്രഹണം കഴിഞ്ഞാൽ അന്നോട്ടുകൂടീട്ടു് അഞ്ചുദിവസം വൎജ്ജിക്ക. സോമഗ്രഹണം കഴിഞ്ഞാൽ മൂന്നു ദിവസം എന്നു മുണ്ടു മുഹൂൎത്തദീപകത്തിൽ ചൊല്ലീട്ടു്.

സൂൎയ്യേന്ദുഗ്രഹണോൎദ്ധ്വം തു
വൎജ്ജയേദ്ദിനപഞ്ചകം
ദിനത്രയം ക്രമാദഹിദ്ധ്യാ-
ദിത്യേകേ ബ്രുവതേ ബുധാഃ.

ഇങ്ങനെ.

ഏഴുദിവസം വൎജ്ജിക്കേണം ഗ്രഹണം കഴിഞ്ഞാൽ എന്ന മാധവീയത്തിലും, ബാൎഹസ്പത്യത്തിലും, ആചാരസംഗ്രഹത്തിലും ചൊല്ലീട്ടുണ്ടു്. ഏഴുദിവസത്തിന്നകത്തു് ഒരു പെരുമഴപെയ്കിൽ പിന്നെ ഒട്ടു ദോഷം കുറയുന്താനും. എന്നും ആചാരസംഗ്രഹത്തിൽ ചൊല്ലീട്ടുണ്ടു്.

സപ്താഹാന്യുപരാഗതഃ.

എന്നു മാധവീയം.

ഗ്രഹണാദ്ദിനസപ്തകം.

എന്നു ബാൎഹസ്പത്യം.

സൂൎയ്യേന്ദ്വോൎഗ്രഹണേ ദൃഷ്ടേ
വൎജ്ജയേദ്ദിനസപ്തകം
സപ്താഹാൽ പ്രാക് ഭൂരിവൃഷ്ടി-
സംപാതേ നാതിദോഷഭാക്.

എന്നു് ആചാരസംഗ്രഹം.

എന്നാൽ ഗ്രഹണംകഴിഞ്ഞാൽ ഏഴുദിവസവും ഗ്രഹണത്തിന്നു മുമ്പെ അന്നു ഗ്രഹണം കൂടിയനാളും കൂടെ വൎജ്ജിക്കിലുമുണ്ടു്. എന്നത്രെ ഇരിക്കുന്നു എങ്കിലും ഗ്രഹണം തട്ടുന്ന നാളെന്നിട്ടു് അന്നു മുമ്പെ അതിനെ വൎജ്ജിക്കുന്നതുവല്ലതാനും. അങ്ങനെയത്രെ ആചാരം കാണുന്നതു്. ബാൎഹസ്പത്യത്തിലുണ്ടു ചൊല്ലുന്നു. ഗ്രഹണംകഴിഞ്ഞെ ദോഷമുള്ളു. ഗ്രഹണത്തിന്നുമുമ്പെ ദോഷമില്ല എന്നു്.

ആ ഗ്രന്ഥം,

പശ്ചാദേവോപരാഗേണ
ദോഷസ്സ്യാന്നൈവ പൂർവ്വതഃ
ഗ്രഹദാഹാദയോ ദോഷാ
യഥാ സ്യുർഗ്രഹനാൽ പരം.

ഇങ്ങനെ.

വെള്ളായമ്പാമ്പിൽ മകൻ മൂന്നാമന്റെ ചാമത്തുത്തു നാൾ അസ്തമിച്ച ഗ്രഹണമുണ്ടായിരുന്നു. അന്നു ഗ്രഹണംതട്ടിയനാളിലും പൊഴുതു്. അതു പാകോട്ടു വലിയപ്പൻ പട്ടതിരി പൊഴുതു കൊള്ളാമെന്നു വിധിച്ചതും. മുമ്പെ ഓരാഞ്ഞിട്ടല്ല താനും. എന്നാൽ ഗ്രഹണം കഴിഞ്ഞാൽ അഞ്ചു ദിവസത്താൻ, ഏഴു ദിവസത്താൻ വർജ്ജിക്കിൽ സുഖമുണ്ടു്. മൂന്നു ദിവസം വർജ്ജിക്ക ഇളയ്ക്കരുതുതാനും. ഗ്രഹണം തട്ടിയനാൾ വർജ്ജിക്കേണ്ടാതാനും. ഇങ്ങനെ ആചാരസ്ഥിതി.

ഇനി സന്ധ്യാകാലങ്ങളെച്ചൊല്ലുന്നു:—

ഭുക്ത്യുദ്വാഹനിഷേകേഷു
ഭാസ്കരസ്യോദയാൽ പുരാ
ഷണ്ണാഡികാ വിവർജ്ജ്യാ സ്യു-
ശ്ചതസ്രോ/ന്യേഷു കർമ്മസു.

ആദിത്യാസ്തമയാൽ പശ്ചാൽ
ത്യജന്തി ഘടികാദ്വയം
മദ്ധ്യാഹ്നേ ചാർദ്ധരാത്രൗ ച
വർജ്ജ്യാ ദശ വിനാഡികാഃ.

നിശീഥസമയേ ത്വത്ര
നിന്ദ്യന്തേ ഘടികാദ്വയം.

ചോറൂണു, വേളി, വേളിശ്ശേഷം ഇവ മൂന്നിനും ആദിത്യോദയത്തിനുമുൻപേ ഏഴരനാഴിക വർജ്ജിക്കവേണ്ടുന്നതു്. അവിടെ ആറുനാഴിക വർജ്ജിക്ക ഇളയ്ക്കരുതുതാനും. ആയാറുനാഴികയ്ക്കും പ്രഭാതമെന്നുപേർ. ഇവ മൂന്നുമൊഴിച്ചുള്ള കർമ്മങ്ങൾക്കു് ആറുനാഴിക വർജ്ജിക്കവേണ്ടുന്നതു്. അവററിന്നു നാലുനാഴിക വർജ്ജിക്ക ഇളയ്ക്കരുതു്. അന്നാലു നാഴികയ്ക്കും അരുണോദയമെന്നു

പേർ. ഭടാദികളുടെ ചോറൂണിനും പെണ്ണുകെട്ടിനും നാലുനാഴിക വജ്ജിച്ചാൽ പോരായ്ക ഇല്ലതാനും. ഇനി എല്ലാകൎമ്മെല്ലാ ക്രിയയ്ക്കും ആദിത്യാസ്തമയാൽ മൂന്നേമുക്കാൽ നാഴിക വജ്ജിക്കേണ്ടുന്നത്. അവിടെ രണ്ടു നാഴിക വജ്ജിക്ക ഇളയ്ക്കരുതുതാനും.

ത്രയോദശീപ്രദോഷദിവസമീവണ്ണം വജ്ജിച്ചാൽ പോരാ. അന്നസ്തമിച്ചാൽ പാതിരാകഴിവോളം വജ്ജിക്കയത്രെ മുഖ്യമാകുന്നത്. അല്ലായ്കിൽ അസ്തമിച്ചാൽ ആറുനാഴികവജ്ജിക്ക. എത്രയും കഴിവുകെടിലും മൂന്നേമുക്കാൽ നാഴികയിൽ കുറഞ്ഞു വജ്ജിച്ചാൽ പോരാതാനും. മൂന്നേമുക്കാൽ നാഴിക കഴിഞ്ഞാൽ കൊള്ളുന്നതെത്രയും കഷ്ടപക്ഷമത്രെതാനും. എന്നാൽ പ്രദോഷദിവസമസ്തമിച്ചാൽ ആറുനാഴികവജ്ജിച്ചുകളക. അതല്ലാത്ത ദിവസങ്ങളിലസ്തമിച്ചാൽ രണ്ടുനാഴിക വജ്ജിക്ക. ഇനി ഉച്ചയ്ക്കും അദ്ധരാത്രിക്കും പതിപ്പത്തു വിനാഴിക വജ്ജിക്ക ഇളയ്ക്കരുത്.

പാതിരാനേരത്തു രണ്ടുനാഴികയുണ്ടു നിന്ദ്യമായിട്ട്. അതാകിൽ വജ്ജിച്ചുകളകയത്രേ വേണ്ടുന്നതും. ഉച്ചയ്ക്കു പത്തുവിനാഴിക വജ്ജിച്ചാൽ പോരും. ആ പത്തുവിനാഴികകഴിച്ചു ശേഷം പെരികെനന്ന് ഉച്ചക്ക്. പാതിരാനേരത്തു രണ്ടുനാഴികയും വജ്ജിക്ക. എത്രയും കഴിവുകേടുണ്ടാകിലെ പാതിരാക്കു പത്തു വിനാഴിക കഴിച്ചശേഷം കൊള്ളാവൂ. ഇങ്ങനെ ആചാരസ്ഥിതി. ഇതുചൊല്ലീട്ടുമുണ്ട്,

രാത്രൌ മുഹൂൎത്തോഽഷ്ടമസ്തു
ശുഭകൎമ്മസു നിന്ദ്യതേ.

ആദിത്യസ്യോദയത്തിന്നു-
ങ്ങാറുനാഴിക മുൻപിലും
അസ്തമിക്കുംമുൻപിലീരാ-
റസ്തമിച്ചാലിരണ്ടപി.

അദ്ധരാത്രിക്കുമുച്ചയ്ക്കും
കാലം പത്തു വിനാഴിക
വജ്ജിക്ക സവ്വകാൎയ്യേഷു
കേചിദേവം ജഗുർബ്ബുധാഃ

ആദിത്യസ്യോദയത്തിന്നു
നാലുനാഴികമുൻപിലും
അസ്തമിക്കുംമുൻപിലാറു-
മെന്നന്യേ കേ/പി സൂരയഃ.

തത്ര വേളിക്കുമുണ്ടിന്നും
സേകത്തിന്നും വിശേഷതഃ
ആറുനാഴിക വർജ്ജിക്ക
ഭാസ്കരസ്യോദയാൽപുരാ.

ഇങ്ങനെ.

ഇനി ഇവററിന്റെ ബലാബലമറിവാൻ ചില ഗ്രന്ഥാന്തരങ്ങളെക്കൂടി എഴുതിയേക്കുന്നു. ആദിത്യോദയത്തിന്നു മുൻപിൽ ആറുനാഴികനേരം പ്രഭാതകാലമാകുന്നു. അസ്തമിച്ചാലാറുനാഴിക പ്രദോഷം. പ്രദോഷത്തിന്റെ ആദിയിൽ രണ്ടുനാഴിക വർജ്ജിക്ക. എന്നിയെ ആറുനാഴികയും വർജ്ജിക്ക എന്നാകിലുമാം എന്നുണ്ടു മാധവീയത്തിൽ ചൊല്ലുന്നു.

പൂർവ്വം ഷഡ്ഘടികാഃ പ്രഭാതമുദയാദ്
ഭാനോഃ പ്രദോഷസ്തഥാ
പശ്ചാദസ്തമയാദ് ഘടീദ്വയമിഹ
ത്യാജ്യം ന ഏവാഥവാ.

ഇങ്ങനെ.

ആദിത്യോദയത്തിന്നുമുൻപേ മൂന്നുനാഴിക, ആദിത്യനസ്തമിച്ചാൽ രണ്ടുനാഴിക സന്ധ്യകളാകുന്നു. എന്നുണ്ടാത്രേയത്തിൽ ചൊല്ലുന്നു.

മധ്യാഹ്നേ ചാർദ്ധരാത്രേ ച
സന്ധ്യയോരുഭയോരപി
ന കുര്യാച്ഛുഭകർമ്മാണി
സിദ്ധിന്നാപ്നോതി വൈ തതഃ.

പൈശാചീ പശ്ചിമാ സന്ധ്യാ
പ്രാക്സന്ധ്യാ രൌദ്രികോച്യതേ
രാക്ഷസീ ചാർദ്ധരാത്രിസ്സ്യാൽ
ബ്രാഹ്മീ മധ്യാഹ്ന ഉച്യതേ.

ഉദയാൽ പ്രാക്തനീ സന്ധ്യാ
ഘടികാത്രയമുച്യതേ
സായംസന്ധ്യാ ത്രിഘടികാ
അസ്താദുപരി ഭാസ്വതഃ.

ഇങ്ങനെ.

അസ്തമിച്ചു രണ്ടുനാഴികകഴിഞ്ഞാൽ പിന്നെ രണ്ടു നാഴികനേരം പെരികെ നന്ന് എന്നും, അസ്തമിച്ചാൽ മൂന്നേ മുക്കോൽ നാഴികനേരം പ്രദോഷമാകുന്നു നിത്യവും എന്നുമുണ്ടാത്രേയത്തിൽ ചൊല്ലുന്നു.

ഈഷൽസന്ധ്യാമതിക്രാന്തഃ
കിഞ്ചിദുദ്ഭിന്നതാരകഃ
വിജയോ നാമ യോഗോ/യം
സൎവ്വ കാൎയ്യാൎത്ഥസാധകഃ.

ദിനേ ദിനേ ച യാമാൎദ്ധം
പ്രദോഷോ രജനീമുഖേ.

എന്നിങ്ങനെ.

ആദിത്യോദയത്തിന്നു നാലുനാഴികമുൻപെ അരുണോദയമാകുന്നു. അന്നാലുനാഴികയും പുണ്യകാലം. അന്നേരത്തു സ്നാനാദികളത്രെ യോഗ്യമാകുന്നതു്. മററുള്ള കൎമ്മങ്ങൾക്കവിടം വൎജ്ജിക്കേണം എന്നുണ്ടാത്രേയത്തിൽ.

ചതസ്രോ ഘടികാഃ പ്രാത-
രരുണോദയ ഉച്യതേ
വ്രതിനാം സ്നാനകാലോ/യം
ഗംഗാംബുസദൃശസ്തപസൌ.

അരുണോദയവേളായാം
സുപ്താ ഗാന്ധാൎയ്യുപോഷിതാ
തസ്യാഃ പുത്രശതം നഷ്ട-
ന്തസ്മാത്താം പരിവൎജ്ജയേൽ.

ഇങ്ങനെ.

ഇനി ഉച്ചനേരത്തു രണ്ടുനാഴികയ്ക്കു് അഭിജിൻമുഹൂർത്തമെന്നു പേർ. അവിടം വർജ്ജിക്കേണ്ട. അത്രയുമല്ല. പെരികെ നന്നു താനും. എന്നുണ്ടു ചിലർ ചൊല്ലുന്നു.

അഭിജിന്നാമമധ്യാഹ്നേ
  മുഹൂർത്തോ വൈഷ്ണവഃ സ്മൃതഃ
ചക്രമാദായ ഭഗവാൻ
  വിഷ്ണുർദ്ദോഷാൻ വ്യപോഹതി.

എന്നുണ്ടു ഗ്രന്ഥംകണ്ടു.

ഇനി ലല്ലനമുണ്ടു ചൊല്ലുന്നു.

അഭിജിൻമുഹൂർത്തയോഗേ
  ഗതവതി മധ്യന്ദിനം ദിനാധിപതൌ
ചക്രേണ ചക്രപാണി-
  സ്സമസ്തദോഷാന്നിഷൂദയതി.

ഇങ്ങനെ

ഗർഗ്ഗനുമുണ്ടിതു ചൊല്ലുന്നു.

വിഷ്ടിവ്യതീപാതമുഖാശ്ച ദോഷാഃ
  സർവ്വേ ഗ്രഹോൽപാതസമുദ്ഭവാശ്ച
മധ്യന്ദിനം യാതി സഹസ്രരശ്മൌ
  നശ്യന്തി ദോഷാസ്ത്വഭിജിൽപ്രഭാവാൽ.

ഇങ്ങനെ.

ഉച്ചയ്ക്കു സന്ധ്യയുംകൂടെ വർജ്ജിക്കണം എന്നു മുഹൂർത്തരത്നത്തിലും, ആചാരസംഗ്രഹത്തിലും ചൊല്ലുന്നു.

ലാടവൈധൃതസൂര്യേന്ദു-
  ഗ്രഹസന്ധ്യാചതുഷ്ടയം.

എന്നു മുഹൂർത്തരത്നം.

സന്ധ്യാചതുഷ്ടയം ഭൂമി-
  കമ്പോ മേഘസ്യ ഗർജ്ജിതം.

എന്നു ആചാരസംഗ്രഹം.

ഇനി ത്രയോദശിനാളത്തെ പ്രദോഷത്തുന്നേരത്തു വ്രതിയായി, മൌനിയായി ഇരിക്കണം. അന്നേരത്തു മറ്റൊന്നും ചെയ്യരുതു്. എന്നുണ്ടാത്രേയത്തിൽചൊല്ലുന്നു.

സകാമായാന്നിശായാം തു
  വ്രതീ മൌനീ ഭവേന്നരഃ
നചേൻ മൂകോ ഭവേദ്ഗ്രാമീ
  ജല്പോഽപി സ്യാച്ച പണ്ഡിതഃ.

ഭോജനം മൈഥുനം യാന-
  മഭ്യംഗം ഹരിദൎശനം
അന്യാനി ശുഭകൎമ്മാണി
  പ്രദോഷേ ന തു കാരയേൽ.

പ്രദോഷേ യത് കൃതം കൎമ്മ
  ശുഭം സൎവ്വം വിനശ്യതി.

ഇങ്ങനെ.

പ്രദോഷദിവസം രാത്രിമുഴുവൻ വൎജ്ജിക്കേണമെല്ലാകൎമ്മങ്ങൾക്കും. ശംകരാരാധന ചെയ്യണം താനും അന്നു്. എന്നുമുണ്ടാത്രേയത്തിൽ.

രാത്രൌ യാമദ്വയാദൎവ്വാക്
  ദൃശ്യതേ ചേത് ത്രയോദശീ
സാ രാത്രിസ്സൎവ്വകാൎയ്യഘ്നീ
  ശംകരാരാധനം വിനാ.

ഇങ്ങനെ.

പ്രദോഷദിവസം മൂന്നേമുക്കാൽ നാഴികപ്പകലെത്തുടങ്ങി പാതിരാകഴിവോളം നേരം തന്റെ അഭ്യുദയത്തെ നിരൂപിക്കപോലുംചെയ്യാതെ ഇരുന്നു് അന്തിതൊഴുകയും കുറച്ചുകൊണ്ടു മൌനത്തെ ആചരിക്ക എന്നു മുഹൂൎത്തരത്നത്തിൽ ചൊല്ലുന്നു.

മിതമസ്യാം ത്രയോദശ്യാ-
  മസ്മരന്നാത്മനോ ഹിതം
അഹ്നോഽഷ്ടാംശേന സംയുക്തം
  രാത്ര്യൎദ്ധം മൌനമാചരേൽ.

ഇങ്ങനെ.

എന്നാൽ പ്രദോഷദിവസം അന്നരാത്രി മുഴുവൻ പൊഴുതുകൾ വൎജ്ജിക്ക ഉത്തമമാകുന്നതു്. പാതിരാകഴിവോളം വൎജ്ജിക്ക മദ്ധ്യമം. എത്രയും കഴിവുകെട്ടുകിലും ആറുനാഴിക വൎജ്ജിക്ക. ഇളയ്ക്കരുതു്.

ഇനി പ്രാഹ്ണാദികളുടെ ലക്ഷണത്തെ ചൊല്ലുന്നു:—

പ്രാഹ്ണപൂൎവ്വാഹ്ണമദ്ധ്യാഹ്ണാ-
ന്യപരാഹ്ണസ്തതഃ പരം
സായാഹ്നമിതി പഞ്ചാംശാ
ബുധൈരഹ്നഃ പ്രകീൎത്തിതാഃ.

അന്നേപ്പകൽകൊണ്ടു് ഒപ്പിച്ചു് അഞ്ചുകൂറിട്ടാൽ നടേത്തെ കൂറിന്നു പ്രാഹ്ണമെന്നുപേർ. രണ്ടാമത്തെക്കൂറിന്നു പൂൎവ്വാഹ്ണം. മൂന്നാമത്തു മദ്ധ്യാഹ്നം. നാലാമത്തു് അപരാഹ്നമാകുന്നു. അഞ്ചാംകൂറിന്നു സായാഹ്നമെന്നുപേർ.

അപരാഹ്ണസ്തത്ര നിന്ദ്യോ
മദ്ധ്യസ്സായാഹ്നസംജ്ഞിതഃ
അപരാഹ്നം ച സായാഹ്നം
വിശേഷാന്നാമ്നി വൎജ്ജയേത്.

ഇവ അഞ്ചിലുംവെച്ചു അപരാഹ്നമാകുന്നകാലം എല്ലാപ്പൊഴുതിനും നിന്ദ്യം. സായാഹ്നമാകുന്ന കാലത്തെ എല്ലാപ്പൊഴുതുകൾക്കും വൎജ്ജിക്കയും വേണം. പന്ത്രണ്ടുനാഴികപ്പകലെ തുടങ്ങി ആറുനാഴികപ്പകലോളമുള്ള കാലം മിക്കവാറും അപരാഹ്നമായതു്. ആറുനാഴികപ്പകലെ തുടങ്ങി അസ്തമിപ്പോളമുള്ള കാലം സായാഹ്നം. അപരാഹ്നവും സായാഹ്നവും പേരിടുവാൻ വിശേഷിച്ചും വൎജ്ജിക്ക.

ആപദ്യാഗ്രയണം കേചിൽ
സായാഹ്നേ പുംസവം തഥാ
കുൎവ്വന്ത്യത്രാപി വൎജ്ജ്യസ്സ്യാൽ
സപ്തമസ്ഥോ ദിവാകരഃ.

എത്രയും കഴിവുകെട്ടകിൽ ചിലരുണ്ട് സായാഹ്നത്തിങ്കൽ പുംസവനവുമാഗ്രയണവും ചെയ്യുന്നു. അവിടെയും പാട്ടുരാശി വർജ്ജിയ്ക്ക. ഇളയ്ക്കുരുതുതാനും. ഇതു ഞാൻ ചൊല്ലീട്ടുമുണ്ട്.

ചൌളോപനയഗോദാന-
    വ്രതേഷ്വർക്കസ്ഥരാശിതഃ
അഞ്ചാംരാശിതുടങ്ങീട്ടു
    മേല്പുള്ളെടം വിവർജ്ജയേൽ.

ചോറൂൺ വാതിൽപുറപ്പാടും
    വിദ്യാരംഭം ഗൃഹക്രിയാ
ചാമത്തം ശസ്ത്രബന്ധം ച
    പ്രതിഷ്ഠാദി ചതുഷ്ടയം.

ആറാംരാശിതുടങ്ങീട്ടു
    വർജ്ജയേദിവ പത്തിനും
കർണ്ണവേധം ച സീമന്തം
    വേളിയെന്നിവ മൂന്നിനും.

രാശിയാറാമതും പാറും
    സായാഹ്നം തത്ര വർജ്ജയേൽ
പാട്ടുരാശികഴിച്ചുള്ളു
    സായാഹ്നം പുംസവത്തിനും.

ഗൃഹസ്ഥാഗ്രയണത്തിനും
    കൊള്ളുന്നു ചിലരാപ്പടി.

ഇങ്ങനെ.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
ദിനവിഭാഗാദികഥനം നാമ
തൃതീയോഽദ്ധ്യായഃ.

## അഥ ചതുൎത്ഥോ/ധ്യായഃ.

### രാശിഗ്രഹകഥനം.

ഇനി യാതൊരുരാശിയിലും ശുഭോദയംതാൻ, നല്ലപുഷ്കരംതാൻ വേണം പൊഴുതുകൊള്ളുവാൻ എന്നു ചൊല്ലുന്നു:—

ശുഭോദയേ കൎമ്മ കുൎയ്യാ-
ദഥവാ ശസ്തപുഷ്കരേ.

പൊഴുതുകൊള്ളുന്ന രാശിയിൽ ഒരു ശുഭഗ്രഹമുണ്ടെങ്കിൽ ആ ഗ്രഹം ഉദിക്കുമ്പോൾ വേണം പൊഴുതുകൊള്ളുവാൻ. അതൊ ഇല്ലെങ്കിൽ ആ രാശിയുടെ നല്ല പുഷ്കരമുദിക്കുമ്പോൾ കൊൾക. ശുഭോദയം കഴിഞ്ഞുപോകിൽ ഫലമെത്രയും കുറയും. ശുഭോദയത്തിന്നുമുൻപേകൊള്ളുകിൽ മദ്ധ്യമം. ശുഭോദയത്തുംനേരത്തുതന്നെ കൊള്ളുകിൽ പെരികെനന്ന്. ഇതു മാധവീയത്തിലുണ്ടു ചൊല്ലീട്ടു്.

യസ്മിൻ ഗ്രഹേ ലഗ്നഗതേ യദുക്തം
ഫലം ഗ്രഹസ്യോ/ഭ്യുദിതസ്യതല്പം
കരോതി തം മദ്ധ്യമമഭ്യുദേഷ്യൻ
നികാമസംപൂൎണ്ണമുദീയമാനഃ.

ഇങ്ങനെ.

വിശിഷ്ടനായിരിപ്പൊരു വിപ്രൻെറ ഭാഷിതവും, ശുഭഗ്രഹത്തിൻെറ ഉദയവും, നല്ല പുഷ്കരവും ഇവ മഹാഗുണങ്ങൾ എന്നൊ പ്രസിദ്ധമല്ലൊ. ഇതും മാധവീയത്തിൽ ചൊല്ലീട്ടുണ്ടു്.

വിശിഷ്ടവിപ്രഭാഷിതം
ശുഭഗ്രഹസ്യ ചോദയഃ
തനോശ്ച സൌമ്യവൎഗ്ഗതാ
ത്രയോ മഹാഗുണാഃ സ്മൃതാഃ.

ഇങ്ങനെ.

ശുഭോദയവും നല്ല പുഷ്കരവുംതന്നെ കൊള്ളുവാൻ വശമല്ലാ എന്നാൽ അവ മേൽനിറുത്തിക്കൊള്ളേണ്ടു. അവ കഴിഞ്ഞുപോയിട്ടല്ല അവതന്നെ അകപ്പെടുകിലൊ പെരികെ നന്നു്. ഇനി ശുഭോദയവും നല്ല പുഷ്കരവുംതന്നെ എത്തിയില്ല

എന്നുവരികിൽ നിന്ദ്യപുഷ്കരം കൊള്ളാതെ ഇരിക്കേണമല്ലൊ എന്നിട്ട നിന്ദ്യപുഷ്കരത്തെയും നല്ല പുഷ്കരം കൊള്ളേണ്ടീട്ട നല്ല പുഷ്കരത്തെയും ചൊല്ലുന്നു.

ഭൂതതാപരസതതാപാംശാഃ
സത്രികോണേ/ജസാഗരേ
നിന്ദിതാഃ പുഷ്കരാശ്ശസ്താ-
സ്സമിന്മനജിനാചലാഃ.

ഭൂഃ എന്ന് ഒന്ന്. തതാപം എന്ന് ഇരുപത്തിനാല്. രസം എന്ന ആറ്. അംശം എന്നു തീയതി. അജം എന്നു മേടം. സാഗരം എന്നു നാല്. സത്രികോണേ അജസാഗരേ ഭൂതതാപരസ തതാപാംശാഃ നിന്ദിതാഃ പുഷ്കരാഃ ഇത്യന്വയഃ.

എല്ലാരാശിക്കും മുപ്പതു ചെയ്യല്ലൊ തീയതി. അവിടെ മേഷസിംഹധനസ്സുകൾ മൂന്നിന്നും നടേത്തെത്തീയതി നിന്ദ്യ പുഷ്കരം. വൃഷഭകന്നിമകരങ്ങൾക്ക് ഇരുപത്തിനാലാംതീയതി, മിഥുനതുലാകുംഭങ്ങൾക്ക് ആറാംതീയതി, കൎക്കടകവൃശ്ചികമീന ങ്ങൾക്ക മൂന്നിന്നും ഇരുപത്തുനാലാംതീയതി നിന്ദ്യപുഷ്കരം ഇങ്ങനെ നിന്ദ്യപുഷ്കരങ്ങൾ.

ഇനി നല്ലപുഷ്കരങ്ങൾ. സമിത് എന്ന് ഇരുപത്തൊന്ന്. മന എന്ന് പതിന്നാല്. ജിനൻ എന്ന് ഇരുപത്തിനാല്. അചലം എന്ന് ഏഴ്. സത്രികോണേ അജസാഗരേ സമിന്മന ജിനാചലാഃ ശസ്താഃ പുഷ്കരാഃ ഇത്യന്വയഃ. മേഷസിംഹധനസ്സു കൾ മൂന്നിന്നും ഇരുപത്തൊന്നാംതീയതി നല്ലപുഷ്കരം. വൃഷഭ കന്നിമകരങ്ങൾക്ക പതിന്നാലാംതീയതി, മിഥുനതുലാകുംഭങ്ങൾ ക്ക് ഇരുപത്തിനാലാംതീയതി, കൎക്കടകവൃശ്ചികമീനങ്ങൾക്ക് ഏഴാംതീയതി നല്ല പുഷ്കരം.

ഇനി പരല്പേരുകൊണ്ടുമിവറെറത്തന്നെ ചൊല്ലുന്നു:--

കിന്നു, ഭദ്ര, തനു,വീരഃ.

എന്നു നിന്ദ്യപുഷ്കരം.

പാത്രം, വില്ക്ക, വിര, സം

എന്നു നല്ലപുഷ്കരം.

മാധവീയത്തിലും ചൊല്ലുന്നുണ്ടു്. എല്ലാ രാശിയിലും ഈരണ്ടു നവാംശകങ്ങൾ നല്ല പുഷ്കരങ്ങളായിട്ടുണ്ടു്. അവിടെ നവാംശകങ്ങളെ ചൊല്ലിയ ഭൂതസംഖ്യ.

ശൈലഃ എന്നു് ഏഴു്. അങ്കം എന്നു് ഒൻപതു്. മേഷ സിംഹധനസ്സുകൾ മൂന്നിലും ഏഴാംനവാംശകവും, ഒൻപതാംനവാംശകവും നല്ല പുഷ്കരങ്ങൾ.

ശരം എന്നു് അഞ്ചു്. പാവകൻ എന്നു മൂന്നു്. വൃഷഭകന്നി മകരങ്ങൾക്കു് അഞ്ചാംനവാംശകവും, മൂന്നാംനവാംശകവും നല്ല പുഷ്കരങ്ങൾ.

വസു എന്നു് എട്ടു്. രസം എന്നു് ആറു്. മിഥുനതുലാ കുംഭങ്ങൾ മൂന്നിലും എട്ടാംനവാംശകവും, ആറാംനവാംശകവും നല്ലപുഷ്കരങ്ങൾ.

ത്ര്യാദ്യാൻ കർക്കടവൃശ്ചികമീനങ്ങൾ മൂന്നിലും മൂന്നാംനവാംശകവും, നടേത്തെ നവാംശകവും നല്ല പുഷ്കരങ്ങൾ. ആ ഗ്രന്ഥം,

ഭാഗാൻ മേഷവിദ്രസ്സമീന്മനജിന-
ക്ഷ്മാഭൃന്മിതാൻ പുഷ്കരാൻ
ശൈലാങ്കാൻ ശരപാവകാൻ വസുരസാം
സ്ത്ര്യാദ്യാന്നവാംശാനപി.

ഇങ്ങനെ.

ശുഭോദയവും പുഷ്കരത്രിംശാംശകവും എത്തിയില്ലെങ്കിൽ ഇച്ചൊല്ലിയ പുഷ്കരനവാംശകംവേണം കൊള്ളുവാൻ. അതുമി ല്ലെങ്കിൽ നിന്ദ്യപുഷ്കരമൊഴിച്ചുള്ളേടംവേണം പൊഴുതിനുകൊ ള്ളുവാൻ. നിന്ദ്യപുഷ്കരം വർജ്ജിക്കേണം.

ഇനി എല്ലാപ്പൊഴുതിന്നും വർജ്ജിക്കേണ്ടുന്ന ഗ്രഹസ്ഥിതിയെ ചൊല്ലുന്നു.—

രാഹുമന്ദകുജാ ലഗ്നേ
ശുക്രചാന്ദ്രാശ്ച സപ്തമേ
ഷഷ്ഠാഷ്ടമവ്യയേഷ്വിന്ദുഃ
പാപാശ്ച ശേഷാശ്ച രാശയഃ.

ഹ്യതേ വിവർജ്ജ്യാ ഭൌമസ്തു
രന്ധ്രേ പ്രായേണ വർജ്ജ്യതേ.

ലഗ്നം എന്നു് അന്നേരത്തുദിക്കുന്നരാശി; പൊഴുതുനേരത്തെ രാശിയെന്ന പൊരുൾ. ആ ലഗ്നത്തിൽ രാഹുവും, ശനിയും, ചൊവ്വയും ഇവർ മൂന്നുപേരേയും വൎജ്ജിക്ക. പൊഴുതുകൊള്ളുന്നരാശിയുടെ ഏഴാംരാശിയിൽ പാപികളേയും, ശുക്രനേയും വൎജ്ജിക്ക. ലഗ്നത്തിന്റെ ആറാമെടത്തും, എട്ടാമെടത്തും, പന്ത്രണ്ടാമെടത്തും ചന്ദ്രനെ വൎജ്ജിക്ക. പാപിപോയാലും, ആ രാശിയിൽ ശുഭൻ ചെല്ലുവോളംനേരം വൎജ്ജിക്ക. അഷ്ടമത്തിൽ ചൊവ്വയെ ഒരു പൊഴുതിന്നും വേണ്ടാ എന്നത്രെ കാണുന്നതു്. എങ്കിലുമാവശ്യകത്തിങ്കൽ ചിലവററിന്നു കൊള്ളുന്നുണ്ടു്. വൎജ്ജിക്കുന്നേടമത്രെ ഏറെയുള്ളു.

ഇനി ഗ്രഹങ്ങളിൽ പാപികളായതാരു ശുഭന്മാരായതാരു് എന്ന ചോദ്യത്തിങ്കൽ ചൊല്ലുന്നു:—

രാഹുമന്ദകുജാ ഭാനുഃ
കേതുഃ പാപാശ്ശുഭാഃ പരേ.

രാഹുവും, ശനിയും, ചൊവ്വയും പാപികൾ. ആദിത്യനെയും പലെടത്തു പാപിയെന്നത്രെ ചൊല്ലുന്നതു്. ആദിത്യോദയം ചില പൊഴുതുകൾക്കു കൊള്ളുന്നു. എന്നിട്ടു രാഹുമന്ദകുജാഃ എന്നു സമാസിച്ചിട്ടും ഭാനുഃ എന്നു വേറെയും ചൊല്ലി. കേതുവും പാപിയാകയുണ്ടു്. കേതുവിനെ മുഹൂൎത്തത്തിങ്കലെങ്ങും നിരൂപിക്കുമാറില്ല. എന്നിട്ടു കേതുവിനെ വേറെ ചൊല്ലി. ചന്ദ്രനും ബുധനും വ്യാഴവും ശുക്രനും ഇവർ നാലുപേരും ശുഭഗ്രഹങ്ങളത്രെ. എന്നിട്ടു നാലുപേരേയും തുല്യമായിട്ടു പരേ എന്ന ശബ്ദംകൊണ്ടു ചൊല്ലി.

പ്രകാശകൌ ദ്വൌ പ്രഥമൌ ഗ്രഹാണാം
താരാഗ്രഹാഃ പഞ്ച പരേ തതോ ദ്വൌ
തമോഗ്രഹൌ തേഷു ശുഭാശ്ച മദ്ധ്യേ
ത്രയോ ബലീന്ദുശ്ച പരേ തു പാപാഃ.

എന്നു മാധവീയത്തിലുണ്ടു്.

ക്ഷീണേന്ദുചക്രാരശന്യാദ്യാഃ
പാപാശ്ചാന്ദ്രിശ്ച തൈൎയ്യുതഃ

എന്നു ആചാരദീപിക.

ക്ഷീണേന്ദുചക്രമാഹീസുതാർക്കതനയാഃ
പാപാ ബുധസ്തൈസ്സ്യുതഃ.

എന്നു വരാഹഹോരയിൽ.

ഇത്യാദികളെ കണ്ടിട്ടു ബലഹീനനായിരിക്കുന്ന ചന്ദ്രനും പാപികളോടുകൂടി നില്ക്കുന്ന ബുധനും ഇവരിരുവരും പാപികൾ എന്നു ശങ്കിക്കേണ്ടാ എന്തെ എന്നല്ലി പിന്നെ. അതൊ അഷ്ടമരാശിയുടെ പാപാംശം വജ്ജിക്കുന്നടത്തും മൂന്നഞ്ചേഴാംനാളുകളിലെ പാപാംശകം വജ്ജിക്കുന്നടത്തും ഇത്യാദികളിൽ ക്ഷീണചന്ദ്രൻെറ അംശകവും പാപികളോടു കൂടിനില്ക്കുന്ന ബുധൻെറ അംശകവും വജ്ജിക്കുന്നുവല്ലൊ എന്നിട്ടു്. എന്നാൽ ചന്ദ്രനും, ബുധനും, വ്യാഴവും, ശുക്രനും ഇവർനാലുപേരും ശുഭഗ്രഹങ്ങളത്രെ. ഇങ്ങനെ അംഗീകരിക്കുമാറത്രെ മുഹൂത്തത്തിങ്കൽ ആചാരം. ഇതു താമരനല്ലൂരിൽ ചൊല്ലീട്ടുമുണ്ടു്.

വ്യാഴം വെള്ളി ബുധൻ തിങ്ക-
ളിവ സൌമ്യഗ്രഹാൻ വിദുഃ
എല്ലാപ്പൊഴുതിലും നല്ല-
തേഷാം വഗ്ഗവുമാഗ്ഗ്യയും.

ഇങ്ങനെ.

അഷ്ടമരാശ്യംശകാദികളെ വജ്ജിക്കുന്നടത്തു് ആദിത്യൻെറ അംശകം വജ്ജിക്കുമാറത്രെ ആചാരവും.

ഇനി കേതുവിനെ മുഹൂത്തങ്ങൾക്കു നിരൂപിക്കാതിരിക്കുന്നതിനുള്ള ഹേതുവിനെച്ചൊല്ലുന്നു:—

കേതോശ്ചാരസ്തു വിജ്ഞാതും
ഗണിതേന ന ശക്യതേ
യദാ തു ദൃശ്യതേ വ്യോമ്നി
ചിന്തനീയസ്സ വാ തദാ.

കേതുവിൻെറ ചാരം ഗണിതംകൊണ്ടറിയരുതു്. എന്നിട്ടു കേതുവിനെ മുഹൂത്തങ്ങൾക്കു നിരൂപിക്കുമാറില്ല. ധൂമകേതു ഉദിച്ചിട്ടുകാൺകിൽ അന്നുതുടങ്ങീട്ടു മൂന്നുദിവസം പൊഴുതു വജ്ജിയ്ക്കുമാറുണ്ടുതാനും. രാഹുവിൻെറ ഏഴാമെടത്തു കേതു എന്നുണ്ടല്ലൊ ഒരു പ്രസിദ്ധി. അതു മുഹൂത്തങ്ങളിലംഗീകരിച്ചു

പോരുന്നില്ല. പേരിടുവാൻ പന്ത്രണ്ടാമെടം, ചോറൂണിന്ന പത്താമെടം, ഉപനയനത്തിന്നഷ്ടമം എന്നു തുടങ്ങിയുള്ള ശുദ്ധി സ്ഥാനങ്ങളിൽ കേതുവിനെക്കൂടി നിരൂപിക്കുമാറില്ല. ഇങ്ങിനെയത്രെ ആചാരം. ഗ്രന്ഥാന്തരങ്ങളിൽ പ്രസിദ്ധമല്ലൊ ഗ്രഹങ്ങൾക്കു ത്രിദശത്രികോണാദികളിൽ ദൃഷ്ടിയുണ്ടെന്നു്. അതു മുഹൂൎത്തത്തിങ്കൽ അംഗീകരിക്കേണ്ടാ എന്നു ചൊല്ലുന്നു.

ത്രികൎമ്മണോസ്ത്രികോണേ ച
ചതുരശ്രേƒപി ഹൈൗരികാഃ
ദൃഷ്ടിരസ്തീതി ഭാഷന്തേ
നൈവം മൌഹൂൎത്തികാ വിദുഃ.

മൂന്നാമെടത്തും പത്താമെടത്തും, അഞ്ചൊൻപതാമെടത്തും, നാലെട്ടാമെടത്തും ഗ്രഹങ്ങൾക്കു ദൃഷ്ടിയുണ്ടെന്നു പ്രശ്നജാതകങ്ങളിലംഗീകരിച്ചുപോരുന്നു. മുഹൂൎത്തങ്ങൾക്കു അംഗീകരിച്ചുപോരുന്നില്ല. മുഹൂൎത്തങ്ങളിൽ ഗ്രഹങ്ങൾക്കു ഏഴാമെടത്തു ദൃഷ്ടിയെ അംഗീകരിക്കുമാറുള്ളു. ഇങ്ങിനെയത്രെ ആചാരം.

ഇനി പാപിപോയാലും ആ രാശിയെ ഒരു ശുഭയോഗമുണ്ടായെ പൊഴുതിന്നു കൊള്ളാവു എന്നു ചൊല്ലുന്നു:—

ശുഭയോഗാദേവ രാശിഃ
പാപമുക്തോ വിശുദ്ധ്യതി
ശുഭയോഗം വിനാപ്യൎക്ക-
മുക്തരാശിസ്തു ഗൃഹ്യതേ.

പാപിനിന്ന രാശിയിൽ നിന്നു പാപിപോയാലും പിന്നെ ഒരു ശുഭൻ അതിൽച്ചെന്നെ പൊഴുതിന്നു കൊള്ളാവു. പാപി പോകുമ്പോൾ ഒരു ശുഭൻ തന്നിലുണ്ടെങ്കിൽ പാപി പോയ നടേ കൊള്ളുകയുമാം. ആദിത്യൻനിന്നുപോയാൽ ആ രാശിയെ ശുഭയോഗമുണ്ടാവുമ്മുൻപേ കൊള്ളുന്നതാനും.

ഇനി ആദിത്യോദയം വൎജ്ജിക്ക ഇളയ്ക്കുരുതാത്തതിനെ ച്ചൊല്ലുന്നു:—

നാമനിഷ്ക്രാമണോദ്വാഹ-
ബാലാന്നേഷു വിശേഷതഃ
ഭാസ്കരസ്യോദയോ വൎജ്ജ്യോ
*ഗേഹാദൌ വാ ന ശോഭനഃ.

* „ഗൃഹകൎമ്മണി നേഷ്യതേ.” (പാഠാന്തരം).

പേരിടുക, വാതിൽപുറപ്പാട്, വേളി, ചോറൂണ് ഇവ നാലിനുമാദിത്യോദയം വർജ്ജിക്ക ഇളയ്ക്കരുത്. പുരചമയ്ക്കാനും അതിൽ കുടിപൂവാനും ആദിത്യോദയം വർജ്ജിക്കയെത്രെ വേണ്ടുന്നത്. എത്രയും കഴിവുകെട്ടുകിൽ ചിലരുണ്ടു ചിലടത്തു കൊള്ളുന്നതും. എങ്കിലും വേണ്ടുവാന്നല്ലതാനും.

ഇനി ചന്ദ്രോദയം വർജ്ജിക്കേണ്ടുന്നവറ്റെച്ചൊല്ലുന്നു:—

പുംസവാശനനിഷ്ക്രാന്തി-
വിവാഹേഷു വിശേഷതഃ
വർജ്ജ്യശ്ചന്ദ്രോദയഃ പുംസാം
ചൌളേ വാ ന തു ശോഭനഃ.

പുംസവനം, ചോറൂണ്, വാതിൽപുറപ്പാട്, വേളി ഇവ നാലിനും ചന്ദ്രോദയം വർജ്ജിക്ക. ഇളയ്ക്കരുത്. ആണുങ്ങളുടെ ചൌളത്തിന്നും വർജ്ജിക്കയെത്രെ വേണ്ടുന്നത്. അതിന്ന് എത്രയും കഴിവുകെട്ടുകിൽ ചിലർ കൊള്ളുന്നുതാനും. പെണ്ണുങ്ങളുടെ ചൌളത്തിന്നൊ ചന്ദ്രോദയം നന്നല്ലൊ താനും.

ഇനി എല്ലാററിനും വർജ്ജിക്ക എന്നു ചൊല്ലിയ ഗ്രഹസ്ഥിതികളിൽ ചിലതുണ്ട് ചിലവററിന്നു കൊള്ളാവു. എന്നിട്ടവറ്റെച്ചൊല്ലുന്നു. അവിടെ നടെ ശുക്രദൃഷ്ടി കൊള്ളാവു നവറ്റെച്ചൊല്ലുന്നു:—

ക്രൂപാദിഖനനേ സേകേ
വസ്ത്രേ ശുക്രേക്ഷണം ശുഭം.

കിണറും കുളവും കുഴിപ്പാനും, വേളിശ്ലേഷത്തിന്നും, പുടവയുടുപ്പാനും ശുക്രദൃഷ്ടി നന്ന്. ഇവയല്ലാത്തതിന്നൊക്കെ ശുക്രദൃഷ്ടി വർജ്ജിക്കണം.

പാപദൃഷ്ടൌ ക്രിയാം കുര്യാ-
ദൌഷധൈഃ കുഷ്ഠരോഗിണാം.

കുഷ്ഠരോഗശാന്തിക്ക് ഔഷധം സേവിപ്പാൻ പാപദൃഷ്ടി നന്ന്.

ധാന്യവൃദ്ധൌ വിശേഷേണ
മന്ദദൃഷ്ടിശ്ശുഭപ്രദാ

ഇല്ലം നിറപ്പാൻ ശനിദൃഷ്ടി പെരികെ നന്ന്.

ക്ഷൌരേഽനാഭ്രേഗതൌ വസ്ത്രേ
ധാന്യവൃദ്ധൌ നവാശനേ
കർഷണേ ബീജവാപേ ച
ഷഷ്ഠ്യേഽന്ത്യേ ഗൃഹ്യതേ വിധുഃ.

തലമിനിയം കഴിഞ്ഞാൽപിന്നെ ഇടയില്ലുള്ള വപന ങ്ങൾക്കും, യാത്രയ്ക്കും, പുടവയുടുപ്പാനും, ഇല്ലം നിറപ്പാനും, പുത്തരിഉണ്മാനും, ആഗ്രയണത്തിനും, കൈക്കൊട്ടു ചാലിടുവാനും, ഏർവയ്പാനും, പയിർചെയ്വാനും, കരുവികൊണ്ടു ചാവിടുവാനും, വിതപ്പാനും, എല്ലാവസ്തുവും നടുവാനും ഇവയെല്ലാററിനും ആറാമെടത്തും പന്ത്രണ്ടാമെടത്തും ചന്ദ്രനെക്കൊള്ളുന്നു.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
രാശിഗ്രഹകഥനം നാമ
ചതുർത്ഥോഽധ്യായഃ.

---

## അഥ പഞ്ചമോഽധ്യായഃ.

### പക്ഷതിഥിവിചിന്തനം.

ഇനി പൂർവ്വപക്ഷത്തിൽതന്നെ ചെയ്യേണ്ടുന്നവറെച്ചൊല്ലുന്നു:—

ചൌളോപനയഗോദാന-
വ്രതസീമന്തകർമ്മസു
പ്രസവാൽ പ്രാഗപിണ്ഡബലൌ
ഗൃഹസ്ഥാഗ്രയണേ തഥാ.

ശുക്ലപക്ഷതപനിയമോ
വിശേഷേണ പ്രവർത്തതേ
പ്രതിപ്പാ പ്രഥമാ ശുക്ല-
പക്ഷ ഏവ ശുഭാ സ്മൃതാ.

കൌഷീതകേ നിർത്തേ പക്ഷ
ഏവ സ്നാനഞ്ച പുംസവഃ.

തലമിനിയം, ഉപനയനം, ഗോദാനം, വ്രതങ്ങൾ മൂന്നും, സീമന്തം, പ്രസവിക്കുംമുൻപെ പിണ്ഡബലിചെയ്കിലും, ആഗ്ര

യണം, ഒരു മുക്കാൽവട്ടം ഉണ്ടാകുമ്പോഴത്തെ ദേവപ്രതിഷ്ഠയും ഇവ പറ്റും പൂൎവ്വപക്ഷത്തിൽത്തന്നെ ചെയ്യാവൂ കൌഷീതകന്നു ചാമത്വത്തിന്നും പുംസവനത്തിന്നും കൂടി കൃത്യമുണ്ടു പൂൎവ്വപക്ഷത്തിലേ ചെയ്യാവൂ എന്നു്. ഇച്ചൊല്ലിയ പന്ത്രണ്ടിന്നും അപരപക്ഷം മുഴുവൻ വൎജ്ജിക്കണം.

ഇനി പൂൎവ്വപക്ഷത്തിലും അപരപക്ഷത്തിൽ പഞ്ചമി കഴിവോളവും കൂടി കൊള്ളാവുന്നവറെറച്ചൊല്ലുന്നു:—

കൌഷീതകം വിനാന്യേഷാം
സ്നാനേ ദേവാഭിഷേചനേ
സംകോചേ കൃഷ്ണപക്ഷേ/പി
പഞ്ചമ്യന്താശ്ശുഭാഃ സ്മൃതാഃ.

കൌഷീതകനെ ഒഴിച്ചുള്ളവരുടെ ചാമത്വവും, കലശമാട്ടും, സംകോചവും ഇവ മൂന്നും പൂൎവ്വപക്ഷത്തിലും കൊള്ളാം. അപരപക്ഷത്തിൽ പഞ്ചമി കഴിവോളവുന്നേരംകൂടെക്കൊള്ളാം. ഇവ മൂന്നിന്നമപരപക്ഷത്തു ഷഷ്ഠിതുടങ്ങിയാൽ മേല്പെട്ടു് അപരപക്ഷം കഴിവൊളം വൎജ്ജിക്കണം.

ആദ്യ യും നാളും ഇന്നതിന്നതിന്നു വൎജ്ജിക്കേണ്ടുവതു് എന്നു് അതതിൻെറ വിശേഷവിധി ചൊല്ലുന്നടത്തു ചൊല്ലുകയത്രെ എളുപ്പം എന്നതുകൊണ്ടിവിടെ ചൊല്ലുന്നില്ല.

രവിമാസങ്ങൾ ഇന്നതിന്നിന്നവ വൎജ്ജിക്കേണ്ടുവതു് എന്നു മുമ്പെ ചൊല്ലാത്തതും മേലിൽ അവിടെയവിടെ ചൊല്ലുക എളുപ്പം എന്നിട്ടത്രെ.

ഇനി എല്ലാപ്പൊഴുതിന്നും വൎജ്ജിക്കേണ്ടുന്ന പക്കങ്ങളെച്ചൊല്ലുന്നു:—

ചതുൎദ്ദശ്യാം ചതുൎത്ഥ്യാം ച
നവമ്യാം കൃഷ്ണപൎവ്വ ച
ശുക്ലപ്രതിപദാദ്യൎദ്ധ-
മഷ്ടമ്യാം ച വിവൎജ്ജയേൽ.

പതിന്നാലു രണ്ടും, ചതുൎത്ഥി രണ്ടും, നവമി രണ്ടും, അമാവാസിവാവും, പൂൎവ്വപക്ഷത്തിൽ പ്രതിപദത്തിൻെറ പാതി കീഴ്മുറിയും, അഷ്ടമി രണ്ടും ഇപ്പക്കങ്ങളെ എല്ലാപ്പൊഴുതിന്നും വൎജ്ജിക്ക.

ഇനി ഇപ്പക്കങ്ങളിൽ ചിലവയുണ്ടു ചിലൎക്കിന്നു കൊള്ളാവു. അവറെറച്ചൊല്ലുന്നു:—

വിദ്യാരംഭോ നവമ്യാം തു
കൃഷ്ണാഷ്ടമ്യാം കരഗ്രഹഃ
ശുക്ലപ്രതിപദാദ്യർദ്ധേ
ഗ്രഹസ്യാഗ്രയണം തഥാ.

ക്രിയതേ വിഷ്ടിഹീനാസു
രിക്താസ്വൌഷധസേവനം
അമായാം വിഹിതം ശ്രാദ്ധം
മൂലരോഗസ്യ ഭേഷജം.

നവമി രണ്ടും കൊള്ളുന്നു വിദ്യാരംഭത്തിന്നു്. അതിൽ പൂർവ്വപക്ഷത്തെ നവമി മുഖ്യമായിക്കൊള്ളുന്നു. മറെറതു മദ്ധ്യമമായിട്ടു കൊള്ളുന്നു എന്നു വിശേഷമായതു്. അപരപക്ഷത്തിലെ അഷ്ടമി വേളിക്കു കൊള്ളാം. പൂർവ്വപക്ഷത്തിൽ പ്രതിപദത്തിന്റെ കീഴ്മുറി ആഗ്രയണത്തിന്നു കൊള്ളുന്നു. ചതുർത്ഥി രണ്ടും, നവമി രണ്ടും, ചതുർദ്ദശി രണ്ടും, ഇപ്പക്കങ്ങളാറും രോഗശാന്തിക്കു് ഔഷധം സേവിപ്പാൻ നന്നു്. അവിടെയും വിഷ്ടി വർജ്ജിക്കേണം താനും. അമാവാസിവാവു ശ്രാദ്ധാദിപിതൃക്രിയയ്ക്കുനന്നു്. മൂലരോഗത്തിന്നു ചികിത്സിപ്പാനും അമാവാസി നന്നു്.

ഇനി കൃഷ്ണചതുർദ്ദശിഃഹേതുവായിട്ടു ശ്രാദ്ധാദികൾക്കു വർജ്ജിക്കേണ്ടുന്ന ദിവസങ്ങളെച്ചൊല്ലുന്നു:—

യദാ കൃഷ്ണചതുർദ്ദശ്യാഃ
ദശാ/ംശോ/സ്തമയാൽ പുരാ
വിദ്ധതേ തദ്ദിനേ വർജ്ജ്യാഃ
ശ്രാദ്ധനാന്ദീമുഖാദയഃ.

ഒരു പക്കത്തിന്നു പന്ത്രണ്ടല്ലോ തീയതി. അപ്പന്ത്രണ്ടു തീയതിയുമൊക്കെ ഇലിയിലിറക്കിയാൽ എഴുനൂററിരുപതിലിയുണ്ടാം അതിനെ പത്തിൽ ഹരിച്ചാൽ എഴുപത്തിരണ്ടിലിയുണ്ടാം. അതു പക്കത്തിന്റെ ദശാംശകമായതു്. അതിന്നു നാഴിക കണ്ടാൽ ആറുനാഴികയുണ്ടുതാനും. അപ്പോൾ അസ്തമയത്തിന്നു സൂക്ഷിച്ചു പക്കംകണ്ടാൽ ഒരു തീയതിയും പന്ത്രണ്ടിലിയുമുണ്ടു് അപരപക്ഷത്തിൽപതിന്നാലു് എങ്കിൽ ആ ദിവസം ശ്രാദ്ധമൂട്ടരുതു്. നാന്ദീമുഖഞ്ചെയ്കയുമരുതു്. ഔപാസനമിടരുതു് ഇത്യാദികൾ പലവയുണ്ടന്നു വർജ്ജിക്കേണ്ടുവതു്.

ന പൂൎണ്ണോ യദ്ദിനേ തസ്യാ
ദശാംശോഽസ്തമയാൽ പുരാ
തദ്യോത്തരേദ്യുരസ്താൽ പ്രാ-
ഗമാവാസ്യാദശാംശകഃ.

സമ്പൂൎണ്ണോഽപ്യത്ര വൎജ്ജ്യന്തേ
ശ്രാദ്ധനാന്ദീമുഖാദയഃ.

തലനാളപ്പതിന്നാൽ മാസത്തിന്നും വേണ്ടും പോരായ്ക. പിറെറന്നാൾ വാവുമാസത്തിന്നു വേണ്ടും പൊരുന്താനും. എങ്കിൽ അപ്പതിന്നാലുമമാവാസിവാവും കൂടുന്ന ദിവസവും ശ്രാദ്ധാദികൾക്കു വൎജ്ജിക്കേണം. ഇങ്ങനെയത്രെ പെരുമനത്തു മിക്കവാറുമാചാരമാകുന്നതു്. ഇനിപ്പതിന്നാലും വാവുംകൂടി മാസത്തിന്നു് ഒരു മിച്ചവരുന്നാൾ വാവത്രെ പ്രധാനമാകുന്നതു്. അന്നു ശ്രാദ്ധാദികൾക്കു വൎജ്ജിക്കേണ്ടായെന്നില്ലയൊ ഒരുപക്ഷം എന്നറിഞ്ഞീല താനും. അതു ചോദിച്ചു നിൎണ്ണയിച്ചുകൊൾക. ചോദിപ്പാനൊരുക്കമില്ലായ്കിൽ ആ ദിവസം ശ്രാദ്ധാദികൾക്കു വൎജ്ജിക്ക.

തസ്യാ ദശാംശഃ പൂൎവ്വേദ്യുഃ
പൂൎണ്ണോഽപ്യസ്തമയാൽ പുരാ
തദോത്തരേദ്യുരസ്താൽ പ്രാ-
ഗമാവാസ്യാദശാംശകഃ.

പൂൎണ്ണോ നചേത്തദ്ദിനേ വാ
വൎജ്ജ്യന്തേ പ്രായശോ ബുധൈഃ.

തലനാളസ്തമയത്തിന്നു കണ്ടാൽ അപരപക്ഷത്തിൽ പതിന്നാലു മാസത്തിന്നു വേണ്ടും പോന്നിരുപ്പു. പിറെറന്നാളസ്തമയത്തിന്നു കണ്ടാൽ അമാവാസിവാവു മാസത്തിന്നു വേണ്ടും പോരാതെയും വരു. എങ്കിൽ അത്തലനാളും പിററന്നാളും ശ്രാദ്ധനാന്ദീമുഖാദികളെ വൎജ്ജിക്കുമാറത്രെ പെരുമനത്തു മിക്കവാറുമാചാരം. ചിലരില്ലയൊ പിററന്നാൾ വൎജ്ജിയാതെ എന്നറിഞ്ഞില്ല താനും. ഇതെല്ലാമന്നന്നുകേട്ടു നിൎണ്ണയിച്ചുകൊൾക. കൃഷ്ണചതുൎദ്ദശി ശ്രാദ്ധാദികൾക്കു വൎജ്ജിക്കുമാറു പെരുമനത്തെ ആചാരമുള്ളു. പെരുമനഗ്രാമമൊഴിച്ചുള്ളവർ വൎജ്ജിക്കുമാറില്ല. എന്നാൽ കൃഷ്ണചതു-

ദ്ദശിയെ പെരുമനത്തുപെരികെ സൂക്ഷിച്ചു വജ്ജിക്കുന്നേടത്തൊക്കെ വജ്ജിച്ചുകൊള്ളുക.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
പക്ഷതിഥിവിചിന്തനം നാമ
പഞ്ചമോ/ധ്യായഃ.

---

## അഥ ഷഷ്ഠോ/ധ്യായഃ.

### സംക്രാന്തിനിണ്ണയം.

ഇനി മൃത്യുയോഗത്തിന്റെ ലക്ഷണത്തെച്ചൊല്ലുന്നു:—

മൃത്യുയോഗമിവ ഞായറാഴ്ചതൊ-
ട്ടേഴിനോടു മകവും വിശാഖവും
രൌദ്രമൂലശതതാരരോഹിണീ
വൈശ്വദേവമിവയൊത്തുകൂടുകിൽ.

ഞായറാഴ്ചയും മകവും, തിങ്കളാഴ്ചയും വിശാഖവും, ചൊവ്വാഴ്ചയും തിരുവാതിരയും, ബുധനാഴ്ചയും മൂലവും, വ്യാഴാഴ്ചയും ചതയവും, വെള്ളിയാഴ്ചയും രോഹിണിയും, ശനിയാഴ്ചയും ഉത്രാടവും, ഇവ തങ്ങളിൽ കൂടുന്നേരത്തു മൃത്യുയോഗമുണ്ടു്.

ഇനി ദഗ്ദ്ധയോഗം:—

ബുധദ്വിതീയാ കുജപഞ്ചമീ ച
ഷഷ്ഠീ ഗുരോരഷ്ടമി ശുക്രവാരേ
ഏകാദശീ ചന്ദ്രശനിന്നവമ്യാ-
ന്ദ്വാദശ്യഥാൎക്കേണ ച ദഗ്ദ്ധയോഗഃ.

ബുധനാഴ്ചയും ദ്വിതീയയും കൂടുന്നേരത്തു ദഗ്ദ്ധയോഗമുണ്ടു്. ചൊവ്വാഴ്ചയും പഞ്ചമിയും കൂടുന്നേരത്തുമുണ്ടു്. ഷഷ്ഠിയും വ്യാഴാഴ്ചയും, അഷ്ടമിയും വെള്ളിയാഴ്ചയും, ഏകാദശിയും തിങ്കളാഴ്ചയും, ശനിയാഴ്ചയും നവമിയും, ദ്വാദശിയും ഞായറാഴ്ചയും കൂടുന്നേരത്തു ദഗ്ദ്ധയോഗമുണ്ടു്.

ഇനി ആഴ്ചയും നാളും പക്കവും ഇവ മൂന്നുകൂട്ടീട്ടും ഇവററാലിരണ്ടുകൂട്ടീട്ടും പല യോഗങ്ങളുണ്ടു അശുഭയോഗങ്ങളായിട്ടു.

അവററെ പലതും നിരൂപിക്കുന്നുവല്ല. എന്നിട്ടവററെ ചൊല്ലാഞ്ഞു. എന്നിട്ടവററെയും ഗ്രന്ഥാന്തരങ്ങളിൽനിന്നു കണ്ടിട്ടു വൎജ്ജിക്കിൽ സുഖമുണ്ടുതാനും. അല്ലായ്കിൽ ഇവ രണ്ടും വൎജ്ജിച്ചാൽ പോരായ്ക ഇല്ലതാനും.

ഇനി ഈ യോഗങ്ങൾക്ക മൂന്നേമുക്കാൽനാഴിക പുലരുവോളമെ ഫലമുള്ളു എന്നു ചൊല്ലുന്നു:—

തിഥിവാരൎക്ഷയോഗാനാം
ഫലമൎക്കോദയാദിതഃ
അൎദ്ധയാമാൽ പരം നാസ്തി
ശുഭം ചാപ്യശുഭം ച യൽ.

ഏഴരനാഴിക ഒരു യാമം. അപ്പോഴൊ അൎദ്ധയാമമായതു് മൂന്നേമുക്കാൽനാഴിക. അന്നേപ്പകൽകൊണ്ടൊപ്പിച്ചു് എട്ടുകൂറിട്ടാൽ അതിനു നടേത്തെക്കൂററിനെയത്രെ ഇവിടെ അൎദ്ധയാമശബ്ദംകൊണ്ടു ചൊല്ലി. കേവലം മൂന്നേമുക്കാൽ നാഴികതന്നെയല്ല. അപ്പൊഴൊ മൃത്യുയോഗവും ദഗ്ദ്ധയോഗവും ഉള്ള ദിവസമാദിത്യോദയം തുടങ്ങീട്ടു മിക്കവാറും മൂന്നേമുക്കാൽ നാഴിക പുലരുവോളമെ വൎജ്ജിക്കേണ്ടു. മൂന്നേമുക്കാൽനാഴിക പുലരുന്നതിന്നകത്തും തങ്ങളിൽക്കൂടുന്നനേരമേ വൎജ്ജിക്കേണ്ടു. അപ്പൊഴൊ മൂന്നേമുക്കാൽനാഴിക പുലൎന്നെ യോഗമുള്ളു എങ്കിലൊ, അന്നൊട്ടും വൎജ്ജിക്കയെവേണ്ടല്ലൊ. ആദൃഷ്ടക്കൂട്ടുകഹേതുവായിട്ടുണ്ടാകുന്ന യോഗങ്ങൾ നല്ലവ എങ്കിലും, ആകാത്തവ എങ്കിലും അവററിന്നു മിക്കവാറും മൂന്നേമുക്കാൽനാഴിക പുലരുവോളമെ ഫലമുള്ളു. പിന്നെ ഫലമില്ല.

ഇനി സൂൎയ്യസംക്രാന്തിയുടെ ഇരുപുറത്തും പൊഴുതുകൾക്ക വൎജ്ജിക്കേണ്ടുന്ന കാലം ഇളയ്ക്കുതാത്തവററെച്ചൊല്ലുന്നു:—

യസ്മിൻ ദിനേ/ൎക്കസംക്രാന്തി-
സ്തസ്മിന്നേ കൎമ്മ വൎജ്ജയേൽ
യദ്രാത്രൌ സംക്രമസ്തസ്യാം
രാത്ര്യാം കൎമ്മ വിവൎജ്ജയേൽ.

സൂൎയ്യസംക്രമണാൽ പൂൎവ്വം
പരതശ്ചാപി ഷോഡശ

ഘടികാശ്ച വിവൎജ്ജ്യാസ്സ്യുഃ
സൎവ്വേഷു ശുഭകൎമ്മസു.

പകൽ സംക്രാന്തിഎങ്കിൽ അപ്പകൽ മുഴുവൻ വൎജ്ജിക്കണം. രാത്രിയിൽ സംക്രാന്തി എങ്കിൽ ആ രാത്രിമുഴുവൻ വൎജ്ജിക്കണം. അതുതന്നെ പോരാതാനും. സംക്രാന്തിനേരത്തിന്നു കീഴും മേലും പതിനാറീതെനാഴിക വൎജ്ജിക്കണം. അപ്പൊഴൊ രാത്രിയിൽ സംക്രാന്തിഎങ്കിൽ പകലാലൊട്ടും പകൽ സംക്രാന്തിയെങ്കിൽ രാത്രിയാലൊട്ടുംകൂടി വൎജ്ജിക്കേണ്ടിവരും. അതു ഞാൻ ഭാഷയിൽ ചൊല്ലീട്ടുമുണ്ടു്.

രാത്രൌ ചേൽ പകലാലൊട്ടും
ദിവാ ചേൽ രാത്രിയാൽത്തഥാ
കൂടെ വൎജ്ജിക്കയെന്നത്രെ
കാലമാനേ പ്രയോജനം.

ഇങ്ങനെ.

ഇമ്മുപ്പത്തിരണ്ടു നാഴികക്കും ബിംബസംക്രാന്തിയെന്നു പേർ. ഇതു പ്രായികമത്രെ മുപ്പത്തുരണ്ടു നാഴിക എന്നുചൊല്ലിയതു്. ആദിത്യന്റെ സ്ഫുടഗതിക്കുതക്കവാറത്രെ ഇതിന്റെ സ്ഫുടത. രണ്ടു രാശിയിൽ കൂടിയിട്ടു് ആദിത്യബിംബമിരിക്കുന്നനേരം ബിംബസംക്രാന്തിയായതു്. ബിംബസംക്രാന്തികാലം സൂക്ഷിച്ചറിയേണ്ടുകിൽ ആദിത്യന്റെ ബിംബലിപ്തകളും സ്ഫുടഗതിയും സൂക്ഷിച്ചു വരുത്തിയാൽ ബിംബലിപ്തകളെ അറുപതിൽ പെരുക്കി സ്ഫുടഗതിയുടെ ഇലികളെക്കൊണ്ടു ഹരിച്ചാൽ വരുന്നഫലം ബിംബസംക്രാന്തിയുടെ നാഴിക. അതിനെ അൎദ്ധിച്ചാൽ സൂക്ഷ്മസംക്രാന്തിയുടെ കീഴുംമേലും വൎജ്ജിക്ക ഉളയ്ക്കൂരുതാത്ത നാഴിക വരും. ഇതു സൂൎയ്യസിദ്ധാന്തത്തിൽ ചൊല്ലീട്ടുമുണ്ടു്.

അൎക്കമാനകലാഃ ഷഷ്ട്യാ
ഗുണിതാ ഭുക്തിഭാജിതാഃ
തദൎദ്ധനാഡ്യസ്സംക്രാന്തേഃ
രൎവ്വാൿപുണ്യാസ്തഥാപരാഃ.

ഇങ്ങനെ.

ഇങ്ങനെവരുത്തിക്കാണുമ്പോൾ സൂക്ഷ്മസംക്രാന്തിയുടെ കീഴും മേലും പതിനേഴരചെയ്യനാഴിക ഉണ്ടാം മിക്കവാറും ബിംബ സംക്രാന്തികാലമായിട്ടു്. എന്നാൽ സംക്രാന്തിയുടെ കീഴും മേലും പതിനേഴരചെയ്യ നാഴിക വൎജ്ജിക്കയത്രെ എനിക്കു തെളിഞ്ഞിരിക്കുന്നതു്. പതിനാറുചെയ്യല്ല.

ദേവാൎച്ചനാദിദാനം തു
തസ്മിൻ കാലേ ശുഭാവഹം.

സംക്രാന്തിനേരത്തു ദേവപൂജ, ദേവന്മാരെക്കാണുക, തീൎത്ഥസ്നാനം, ദാനം ചെയ്ക ഇത്യാദികളെല്ലാം പെരികെ നന്നു്. ഇങ്ങനെ സംക്രാന്തിവൎജ്ജിക്കുന്നെടത്തും, അംഗീകരിക്കുന്നെടത്തും ആചാരസ്ഥിതി.

ഇനി ബലാബലമറിവാൻ ഗ്രന്ഥാന്തരങ്ങളെക്കൂടിയെഴുതുന്നു. നടെ സംക്രാന്തികളുടെ വിശേഷനാമങ്ങളെ ചൊല്ലുന്നു.

അൎക്കേ സ്ഥിരാൻ വിശതി വിഷ്ണുപദാഭിധാനാ-
സ്തേഭ്യഃ പരാസ്തു ഷഡശീതിമുഖാശ്ചതസ്രഃ
സംക്രാന്തയസ്തു ഭജമൃഗാസ്യതുലാകുളീരാൻ
ജ്ഞേയാഃ ക്രമാദുദഗവാഗപിഷുവായനാഖ്യാഃ.

ഇതു മാധവീയം.

ശ്രീപതിയും ഇതു ചൊല്ലുന്നുണ്ടു്.

ഹരിപദം സ്ഥിരഭേ രവിസംക്രമോ
ദ്വിതനുഭേ ഷഡശീതിമുഖം ഭവേൽ
ഉദഗവാഗയനേ മൃഗകൎക്കിണോഃ
ക്രിയതുലാധരയോൎവിഷുവത് സ്മൃതഃ.

ഇങ്ങനെ.

ഈ ഗ്രന്ഥങ്ങൾ കാണുമ്പൊഴും അയനചലനം കൂട്ടാതെയത്രെ അയനസംക്രാന്ത്യാദികൾ കാണേണ്ടു എന്നു നിൎണ്ണയം വരും. ഇനി സംക്രാന്തിയുടെ കീഴും മേലും പതിനാറുചെയ്യനാഴിക പുണ്യകാലം എന്നുണ്ടു ശ്രീപതി ചൊല്ലുന്നു.

പൂൎവ്വതോ/പി പരതോ/പി സംക്രമാൽ
പുണ്യകാലഘടികാസ്തു ഷോഡശ
അൎദ്ധരാത്രസമയാദനന്തരം
സംക്രമേ പരദിനം ഹി പുണ്യദം.

യോ യോ/ൎദ്ധരാത്ര ഏവ സ്യാൽ
സംപൂൎണ്ണേ സംക്രമോ രവേഃ
തദാ ദിനദ്വയം പുണ്യം
സ്നാനദാനാദികൎമ്മസു.

ഇങ്ങനെ.

കൎക്കടഞായർപിറക്കുന്ന സംക്രാന്തിക്കും, സ്ഥിരരാശികൾ നാലിലും, ആദിത്യൻ ചെല്ലുന്ന സംക്രാന്തികൾക്കും, ആദിയിലെടം പുണ്യകാലം. വിഷുസംക്രാന്തി രണ്ടിനും നടുവ്. ഉഭയരാശികൾ നാലിലുമാദിത്യൻ ചെല്ലുന്ന സംക്രാന്തികൾക്കും, മകരഞായർ പിറക്കുന്ന സംക്രാന്തിക്കും, ഒടുക്കം പുണ്യകാലം. എന്നും ശ്രീപതി ചൊല്ലീട്ടുണ്ടു്.

യാമ്യായനേ വിഷ്ണുപദേ തഥാദൌ
ദാനാദ്യനന്തം വിഷുവേ ച മദ്ധ്യേ
വദന്ത്യതീതേ ഷഡശീതിവക്ത്രേ
മഹൎഷയഃ ഖല്വയനേ ച സൌമ്യേ.

ഇങ്ങനെ.

സ്ഥിരരാശികൾ നാലിലും ആദിത്യൻ ചെല്ലുന്ന സംക്രാന്തികൾക്കും, അയനസംക്രാന്തി രണ്ടിനും, ഇരുപുറത്തും മുമ്മൂന്നു ദിവസം വൎജ്ജിക്കണം. വിഷുസംക്രാന്തി രണ്ടും കഴിഞ്ഞാൽ ഓരോ ദിവസം. ഉഭയരാശികൾ നാലിലും ചെല്ലുന്ന സംക്രാന്തി കഴിഞ്ഞാൽ മുപ്പതു നാഴിക വൎജ്ജിക്കണം.

ത്യജന്തി പൂൎവ്വം പരതശ്ച സംക്രമാദ്
ദിനാനി ഷഡ് വിഷ്ണുപദാത്തഥായനാൽ
ശുഭക്രിയായാം വിഷുവാൽപരം ദിനം
പരം പരേഭ്യശ്ച ദിനാൎദ്ധമുൽസൃജേൽ.

ഇങ്ങനെ മാധവീയത്തിൽ.

ഇനി മുഹൂർത്തരത്നം.

അയനേ വിഷുവത്യന്യാ-
സ്വൃക്ഷസംക്രാന്തിഷു ക്രമാൽ
ത്രിദിനൈകദിനേ ത്രിംശ-
ന്നാഡ്യസ്ത്യാജ്യാസ്സ്വപാർശ്വയോഃ.

ഇങ്ങനെ.

സ്ഥിരാദ്യേ ചോഭയാദ്യേ ച
ഭാനോസ്സംവേശനം യദാ
തദാ സംക്രാന്തിനാമ സ്യാൽ
കാലോ രാശൌ വിഷോപമഃ.

പൂർവ്വപശ്ചിമയോസ്തസ്യ
ത്രിംശന്നാഡീ വിവർജ്ജയേൽ
ശുഭാൻ സർവ്വാൻ സ യാത്രാദീൻ
ധർമ്മാനത്രാഹരേദ് ബുധഃ.

വിഷുക്രിയതുലേ ഭാനോഃ
പ്രവേശസമയസ്തതഃ
പൂർവ്വേഽതീതേ ച നാഡീനാം
വർജ്ജ്യാ ഷഷ്ടിസ്ത്വശോഭനാ.

കാലോഽതിപുണ്യസ്തൽ സർവ്വ-
ന്ദേവാനാം വാ ശുഭാവഹം
ദാനം ശതസഹസ്രഘ്നം
ഫലം ദദ്യാൽ സ്വതശ്ശുഭം.

മൃഗേ കർക്ക്യാം യദാ ഭാനോഃ
പ്രവേശസമയസ്തദാ
അയനോ നാമ പുണ്യാനാ
മധിപശ്ചോദിതഃ പുരാ.

പൂർവ്വേഽതീതേ ച പൂർവ്വസ്യ
ദിനത്രയമശോഭനം
ശുഭാനി തത്ര വർജ്ജ്യാനി
യസ്യേച്ഛാശ്ശുഭമാത്മനഃ.

ദിനത്രയേ വ്യതീതേഽസ്യ
ദാനമക്ഷയമുത്തമം
വജ്ജിംസ്തുപയാപി തൽ കാലേ
ഉത്തരൈസ്ത്ര്യതൽഫലം ഭവേൽ.

യഃ പശ്ചാദയനസ്യോക്തഃ
തത് പൂർവേഽപി ദിനത്രയേ
ദാനം മഹാബലം വജ്ജിം-
സ്തുല്യം സൂർയ്യോപരാഗതഃ.

പശ്ചാദായനകാലസ്യ
പൂർവ്വേതീതേ ച ശോഭനാ
ദിനത്രയം വിവർജ്ജ്യാസ്സ്യ-
രാത്മനോ ഭൂതിമിച്ഛതാ.

ഇങ്ങനെ ബൃഹസ്പതി ചൊല്ലി.

ഇനി ബൃഹസ്പതി മറെറാരു പ്രകാരവും ചൊല്ലീട്ടുണ്ടു്.

പൂർവ്വേഽന്ത്യേ ഷഡഹം വർജ്ജ്യ-
മയനാഖ്യദ്വയസ്യ ച
അന്ത്യാദൌ ഷഡഹം പുണ്യ-
മുത്തരാദക്ഷിണാഖ്യയോഃ.

അശുഭാ സർവ്വനക്ഷത്ര-
തിഥയശ്ശുഭകർമ്മണാം
ഷഡഹം ഷഡഹം പൂർവ്വ-
പശ്ചിമേഽയനയോർദ്വയോഃ.

ഇങ്ങനെ.

ബൃഹസ്പതി സംക്രാന്തികാലത്തെയും ചൊല്ലീട്ടുണ്ടു്.

രാശൌ രാശൌ തു സൂർയ്യസ്യ
പ്രവേശസമയോ നൃണാം
നിമേഷസ്യായുതാംശസ്സ്യാൽ
സോഽപ്യസ്മാഭിന്ന ഗണ്യതേ.

തഥാപി സമയസ്തസ്യ
കഥിതഃ പത്മജന്മനാ

തസ്യോപാന്തേ ചാന്ത്യപാന്തേ
സമാസ്സപ്താർദ്ധനാഡികാഃ.

ഇങ്ങനെ.

ആദിത്യസ്ഫുടത്തിലയനചലനം സംസ്കരിച്ചിട്ടു വേണം രാശികളിലെ സംക്രാന്തികളെ കാണ്മാൻ അയനചലനമുള്ള നാം എന്നു ശ്രീപതി ചൊല്ലുന്നുണ്ടു്.

മകരകർക്കടകാദിഗതസ്യ ചോദ്
ഭവത ഉത്തരയാമ്യഗതീ രവേഃ
കഥിതരാശിഷു സംക്രമണേ തദാ
ഹരിപദാദ്യുദിതം പരമർഷിഭിഃ.

യാവദ്ഭിരംശൈരയനാത് ച്യുതിസ്സ്യാ-
ദ്ദൃഗ്ഭോഗകാലേന ദിവാകരസ്യ
ച്യുതിർഭവേദ്വിഷ്ണുപദാദികാനാം
രഹസ്യമേതന്മുനിഭിഃ പ്രദിഷ്ടം.

ഇങ്ങനെ.

ത്യജന്തി പൂർവം പരത-
ശ്ചായനാദ്ദിവസത്രയം
വിഷുവാച്ചൈകദിവസ-
മിതരേഭ്യശ്ശുഭേപ്സവഃ.

രവിസംക്രമണേഭ്യോഽഥ
ത്രിംശന്നാഡീർദ്വയാധികാഃ
ഷോഡശൈവ ത്യജന്ത്യന്യേ
യാമമേവാപരേ ബുധാഃ.

ഇതു മുഹൂർത്തദീപകം.

ഇങ്ങനെ പലമതങ്ങളുമുണ്ടു്. ഇവററിൻകാലമേറെ വർജ്ജിപ്പാൻ ചൊല്ലിയതിന്നു തക്കവാറു വർജ്ജിക്കിലോ അഴകേറുമല്ലോ. അവ്വണ്ണം വർജ്ജിപ്പാനോയെല്ലാനാളും വേലയുണ്ടല്ലോ. എന്നാൽ സംക്രാന്തിയുള്ള പകലും സംക്രാന്തിയുള്ള രാത്രിയും ബിംബസംക്രാന്തിയും വർജ്ജിക്ക. ഇങ്ങനെയത്രേ മിക്കവാറുമാചാരം കാണുന്നതു.

എങ്കിലും അയനസംക്രാന്തികളും വിഷുസംക്രാന്തികളും മുഹൂൎത്താന്തരത്തിൽ ചൊല്ലിയവണ്ണം വൎജ്ജിക്കയത്രേ മുഖ്യമാകുന്നതു്.

അയനേ വിഷുവത്യന്യാ-
സ്വപ്യൎക്കസംക്രാന്തിഷു ക്രമാൽ
ത്രിദിനൈകദിനത്രിംശ-
ന്നാഡ്യസ്ത്യാജ്യാസ്സ്വപാൎശ്വയോഃ.

ഇതു മുഹൂൎത്താന്തരം.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
ഭാഷാദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
സംക്രാന്തിനിൎണ്ണയം നാമ
ഷഷ്ഠോഽധ്യായഃ.

---

## അഥ സപ്തമോഽധ്യായഃ.

### നവദോഷകഥനം.

ഇനി എല്ലാപ്പൊഴുതിനും വൎജ്ജിക്കേണ്ടുന്ന നവദോഷങ്ങളെച്ചൊല്ലുന്നു: —

ഗുളികോ വിഷ്ടിഗണ്ഡാന്ത-
വിഷോൎദ്ധ്വൈകാൎഗ്ഗളാ അമീ
വൎജ്ജ്യാസ്സൎപ്പശിരോ ലാടോ
വൈധൃതശ്ച സ്വകൎമ്മസു,

ഗുളികൻ, വിഷ്ടി, ഗണ്ഡാന്തം, വിഷഘടിക, ഉൎദ്ധ്വശിഖ, ഏകാൎഗ്ഗളം, സൎപ്പമസ്തകം, ലാടം, വൈധൃതം ഇവയത്രയും എല്ലാപ്പൊഴുതുകൾക്കും വൎജ്ജിക്കണം.

ഇനി ഇവറ്റിന്റെ ലക്ഷണങ്ങളെച്ചൊല്ലുന്നു. അവിടെ നടേ ഗുളികന്റെ ലക്ഷണത്തെപ്പറയുന്നു:—

ചന്ദ്രോ രുദ്രോ ജയോ വിദാ
നയസ്തൂനഃ ഖനി രവേഃ
ത്രിംശന്നാഡ്യഹ്നി ഗുളികോ
ദിനപഞ്ചമവന്നിശി

ചന്ദ്രഃ, രുദ്രഃ, ജയഃ, വിദ്യാ, നയഃ, സ്തേനഃ, ഖനിഃ ഇവ ഏഴും പരല്പേരു്. ഞായറാഴ്ച തുടങ്ങി ക്രമത്താലെ ഓരോ ആഴ്ചകളുടെ ഗുളികവാക്യങ്ങളിവ. അപ്പോഴൊ ഞായറാഴ്ചനാൾ ഇരുപത്താറാംനാഴികക്കു പകൽ ഗുളികൻ. തിങ്കൾ ഇരുപത്തിരണ്ടു്. ചൊവ്വ പതിനെട്ടു്. ബുധൻ പതിനാലു്. വ്യാഴം പത്തു്. വെള്ളി ആറു്. ശനിയാഴ്ചനാൾ രണ്ടുനാഴികക്കു പകൽ ഗുളികൻ. ഇങ്ങനെ മുപ്പതുനാഴികപ്പകലുള്ള നാളത്തെ ദിനഗുളികൻ.

ഇനി രാത്രി ഗുളികൻ. അന്നത്തെ ആഴ്ചയുടെ അഞ്ചാമാഴ്ചനാളെ ദിനഗുളികൻപോലെ അന്നത്തെരാത്രി ഗുളികൻ. ഞായറാഴ്ചനാൾ പത്താംനാഴികക്കു രാത്രി ഗുളികൻ. തിങ്കൾ ആറു്. ചൊവ്വ രണ്ടു്. ബുധൻ ഇരുപത്താറു്. വ്യാഴം ഇരുപത്തിരണ്ടു്. വെള്ളി പതിനെട്ടു്. ശനിയാഴ്ചനാൾ രാത്രിയിൽ പതിനാലുനാഴികക്കു ഗുളികൻ.

ഇങ്ങനെ രാപ്പകലൊക്കുന്നനാൾ. രാപ്പകലേറക്കുറച്ചിലുള്ളനാൾ സൂക്ഷിച്ചു വരുത്തിക്കൊള്ളണം. ഒരാണ്ടിൽ രണ്ടുദിവസമല്ലൊ രാപ്പകൽ ഒപ്പു. എന്നാൽ ഗുളികനെ നിത്യമായി സൂക്ഷിച്ചുവരുത്തിക്കൊൾക.

ഗുളികനാഴിക ഈവണ്ണമെന്നിയെ ചിലർ ചൊല്ലുന്നുണ്ടു്.

നരാമുഖം, വനം രൌദ്രം,
താവദ്ദ്വേയം, ഹരിഃ സ്വയം;
പ്രിയന്നിത്യം, മണിർമാനം,
ധീഗമ്യം, ഗുളികസ്ഥിതിഃ.

ഇങ്ങനെ.

ഈ വാക്യങ്ങൾക്കു വിനാഴികയാദി. ഞായറാഴ്ചനാൾ ഇരുപത്തഞ്ചുനാഴികയും ഇരുപതു വിനാഴികയും പുലരുമ്പോൾ ഗുളികൻ. ഇത്യാദി കണ്ടുകൊൾക. ഇങ്ങനെയും മുഹൂർത്തരത്നത്തിൽ ചൊല്ലീട്ടുണ്ടു്.

ഇനി മാധവീയത്തിൽ മറെറാരുപ്രകാരം ചൊല്ലുന്നു.

ഉക്തക്രമാൽ ഗുളികമക്സ്യൂതസ്യ ഭാഗം.

എന്നു,

അന്ത്യേ ഗുളികസ്യ ദൈവ
നാഡ്യോ നിയമാൽ പരിത്യാജ്യേ.

എന്നും.

ഇതിനെ ബാർഹസ്പത്യത്തിലും ചൊല്ലുന്നുണ്ടു്.

ദിനമാനാഷ്ടഭാഗേഷു
വാരേശപ്രഥമാന്ത്യഭാക്
ക്രമേണ തേഷു ഭാഗേഷു
ശന്യംശോ ഗുളികോദയഃ.

ഇങ്ങനെ.

ഇവററിന്നുതക്കവാറല്ല ആചാരം. "ചന്ദ്രോ രുദ്ര" എന്നുള്ള ശ്ലോകത്തിന്നു തക്കവാറത്രെ ആചാരം. മുഹൂർത്തരത്നത്തിൽ "അഷ്ടൌ ദിനാധിപ" എന്നശ്ലോകംകൊണ്ടു ഗണിച്ചുവന്ന ഗുളികവാക്യങ്ങളത്രെ "ചന്ദ്രോ രുദ്രഃ" എന്ന ശ്ലോകംകൊണ്ടു ചൊല്ലിയതു്.

അഷ്ടൌ ദിനാധിപമുഖോദയിനോ ദിനാംശാ
മന്ദാപരാദ്ധമുദിതം ഗുളികോദയാഖ്യം
താൽകാലികോƒപി ച തദീയതദഷ്ടമാംശോ
വാരേശപഞ്ചമമുഖോദയിനോ നിശാംശഃ.

എന്നു മുഹൂർത്തരത്നത്തിൽ ചൊല്ലിക്കിടക്കുന്നു. ഇതിന്നുതക്കവാറത്രെ ആചാരം എന്നു് ആചാരസംഗ്രഹത്തിൽ ചൊല്ലിക്കിടക്കുന്നു. "അഷ്ടൌ ദിനാധിപ ഇതി ശ്ലോകേന ഗുളികസ്ഥിതിഃ" ഇങ്ങനെ. എന്നാൽ ചന്ദ്രോ രുദ്രോ എന്ന ശ്ലോകത്തിന്നു തക്കവാറത്രെ ആചാരസ്ഥിതി.

ഗുളികസ്വരൂപവും ചൊല്ലീട്ടുണ്ടു്.

അഥ ഗുളികഃ ക്രൂരതമ-
ശ്ശനൈശ്ചരസ്യാത്മജഃ ഖലഃ പാപഃ
സപ്താകൃതിരത്യുഗ്രോ
നിഗദ്യതേ മൃത്യുരഖിലസംഹാരീ

നീലാഞ്ജനസംകാശോ
രക്താക്ഷോ വിഷമഭീഷണോ ദീർഘഃ
പഞ്ചാസ്യഃ പൃഥുദംഷ്ട്രോ
ഭയംകരസ്സർവ്വദാ ഗുളികഃ.

ഇനി വിഷ്ടിലക്ഷണത്തോടുകൂടെ കരണങ്ങളുടെ ലക്ഷണത്തെയും കൂടെച്ചൊല്ലുന്നു:—

ശുക്ലപ്രതിപദാന്ത്യാർദ്ധാൽ
കരണാനി പുനഃ പുനഃ
സിംഹോ വ്യാഘ്രോ വരാഹശ്ച
ഖരേഭപശുവിഷ്ടയഃ.

എല്ലാപ്പക്കങ്ങളെക്കൊണ്ടും ഒപ്പിച്ച് ഈരണ്ടു കൂറിട്ട് അവററിലോരോ കൂറുകൾക്കു കരണമെന്നു പേർ. അതിൽ പൂർവ്വപക്ഷത്തിൽ പ്രതിപദത്തിൻെറ മേൽമുറിക്കു സിംഹം കരണം. ദ്വിതീയക്കു പുലി, പന്നി; തൃതീയക്കു, കഴുത, ആന: ഇത്യാദി. അപ്പോഴെ പൂർവ്വപക്ഷത്തിൽ വാവിന്നു വിഷ്ടി, സിംഹം. ഇങ്ങനെ ഓരോ പക്കങ്ങൾക്കും ഈരണ്ടു കരണങ്ങൾ ഇങ്ങനെ പൂർവ്വപക്ഷത്തിൽ.

ഇനി അപരപക്ഷത്തിൽ പ്രതിപദത്തിന്നു പുലി, പന്നി; ദ്വിതീയക്കു കഴുത, ആന; തൃതീയക്കു സുരഭി, വിഷ്ടി; ഇത്യാദി. അപ്പോഴെ അപരപക്ഷത്തിൽ ത്രയോദശിക്ക് ആന, പശു; അപരപക്ഷത്തിൽ പതിന്നാലുടെ കീഴ്മുറിക്കു വിഷ്ടി. ഇവ ഏഴും ചരകരണങ്ങൾ.

ഇനി സ്ഥിരകരണങ്ങൾ:—

സ്ഥിരകരണാന്യസിതചതു-
ർദ്ദശ്യപരാർദ്ധാദികാനി ചത്വാരി
പ്രോക്തശ്ശകുനിചതുഷ്പാ-
ദ്വിരസനകിംസ്തുഘ്നനാമാനി.

അപരപക്ഷത്തിൽ ചതുർദ്ദശിയുടെ മേൽമുറിക്കു പുള്ള്. അമാവാസിവാവിനു നാല്ക്കാലി, പാമ്പ്. പൂർവ്വപക്ഷത്തിൽ പ്രതിപദത്തിൻെറ കീഴ്മുറിക്കു പുഴുവ്. ഇവ സ്ഥിരകരണങ്ങൾ. താമരനല്ലൂരിലും ഉണ്ടു കരണങ്ങളെ ചൊല്ലീട്ടു.

പ്രതിപദമേൽമുറിമുതലായ്
സിംഹം, പുലി, പന്നി, കഴുത, കരി, സുരഭി
വിഷ്ടിരിതീത്ഥം കൃഷ്ണച-
തുൎദ്ദശിതൻ പരദലം യാവൽ;

പുള്ളും നാല്ക്കാലികളും
പാമ്പും പുഴവും ക്രമേണ പിന്നേ।
കരണാനി വിഷ്ടിപുച്ഛം
ശുഭം തദന്ത്യേ ത്രിനാഡികാമാത്രം.

ഇങ്ങനെ.

വിഷ്ടിയുടെ ഒടുക്കത്തെ മൂന്നു നാഴിക ശുഭം എന്നു ചൊല്ലിയതു മുഹൂൎത്തങ്ങൾക്കു വൎജ്ജിക്കുമാറത്രെ ആചാരം. ഇനി വിഷ്ടിതന്നെ വേറെ ചിലർ ചൊല്ലീട്ടുണ്ടു്.

ഏകാദശീ നക്തമതശ്ചതുൎത്ഥീ
ശുക്ലാഷ്ടമീ പൂൎണ്ണദിവാ ച വിഷ്ടിഃ
കൃഷ്ണേ തൃതീയാ ദശമീ ച രാത്രൌ
സാസപ്തമീ ഭൂതദിവാ ച വിഷ്ടിഃ.

ഇങ്ങനെ.

പൂൎവ്വപക്ഷത്തിൽ ഏകാദശിക്കും ചതുൎത്ഥിക്കും മേൽമുറി വിഷ്ടി. അഷ്ടമിക്കും വാവിനും കീഴ്മുറി വിഷ്ടി. ഇനി അപരപക്ഷത്തിൽ തൃതീയക്കും ദശമിക്കും മേൽമുറി വിഷ്ടി. സപ്തമിക്കും ചതുൎദ്ദശിക്കും കീഴ്മുറി വിഷ്ടി.

ഇങ്ങനെ വിഷ്ടിയെപ്പറഞ്ഞേടത്തു പ്രസംഗാൽ പക്കങ്ങളുടെ പേരുകളെ ച്ചൊല്ലുന്നു:—

നന്ദാ ഭദ്രാ ജയാ രിക്താ
പൂൎണ്ണേതി തിഥയഃ ക്രമാൽ
പുനഃ പുനൎവ്വിപശ്ചിദ്ഭിഃ
കഥിതാഃ പ്രഥമാദികാഃ.

പ്രതിപദം, ഷഷ്ഠി, ഏകാദശി ഇവ മൂന്നിനും നന്ദാ എന്നു പേരുണ്ടു്. ദ്വിതീയാ, സപ്തമി, ദ്വാദശി ഇവ മൂന്നിനും ഭദ്രാ എന്നു പേരുണ്ടു്. തൃതീയാ, അഷ്ടമി, ത്രയോദശികൾ ജയാ. ചതുൎത്ഥി, നവമി, ചതുൎദ്ദശികൾ രിക്താ. പഞ്ചമി, ദശമി, വാവുകൾ ഇവ മൂന്നിനും പൂൎണ്ണാ എന്നു പേരുണ്ടു്.

ഇനി ഗണ്ഡാന്തം:—

അശ്വിമൂലമഘാദ്യാംശാഃ
പൗഷാഹീന്ദ്രാന്ത്യപാദകാഃ
ഗണ്ഡാന്തം ച സദാ വർജ്ജ്യം
സർവ്വേഷു ശുഭകർമ്മസു.

അശ്വതി, മകം, മൂലങ്ങളുടെ മുതൽക്കാലും, രേവതി ആയില്യം, തൃക്കേട്ടകളുടെ നാലാംകാലും ഗണ്ഡാന്തമാകുന്നത്. ഇങ്ങിനെയത്രെ മുഹൂർത്തങ്ങൾക്ക വർജ്ജിച്ചു ഞായം. ഇതിൽ കുറെ വർജ്ജിക്കുമാറാചാരമില്ല. വിഷ്ടിഗണ്ഡാന്തങ്ങളെ വർജ്ജിക്കുന്നേടത്തെ ആചാരസ്ഥിതി ഇച്ചൊല്ലിയവണ്ണം തന്നെയത്രെ.

ഇനി വ്യാപ്തികാണ്മാൻ ചിലഗ്രന്ഥങ്ങളെക്കൂടെ എഴുതുന്നു.

ശുക്ലേ വാരിധിനാഗരുദ്രതിഥിസം-
ഖ്യാതാസു പക്ഷേ/സിതേ
തൽപൂർവ്വാസ്വപി നക്തമഹ്നി തിഥിഷു
പ്രോദ്യാതി വിഷ്ടിഃ ക്രമാൽ
ദിഗ്യാമേഷു ശരാക്ഷിശൈലയുഗഷട്
ത്ര്യഷ്ടേന്ദുസംഖ്യേഷ്വഥോ
യാമേഷ്വാദ്യജഗച്ചരാന്ത്യദഹനേ-
ഷ്വന്ത്യാദ്യനാഡീഷു ച.

ഇതു മാധവീയം.

വിഷ്ട്യുദ്ഗമസ്തു ദിഗ്യാമേ
ശൂരേ സവാതിലോദകേ.

ഇത് ആചാരദീപിക.

ഫ്ലുജാ ട്ടണീ സിതേ പക്ഷേ
ഗ്രസിഞ്ഞ്വൃസിതേതരേ
ഫലാ തിഥിം വിജാനീയാ-
ദചാ ദിഗ്യാമനാഡികാഃ.

ഇതു മുഹൂർത്തരത്നം.

വിഷ്ട്യപവാദമുണ്ടു മാധവീയത്തിൽ.

വിഷ്ടിര്യ്യദാഹനി തിഥേരപരാൎദ്ധജാതാ
പൂൎവ്വാൎദ്ധജാ നിശി തദാ ശുഭദാ ച പുച്ഛേ
തൽക്കാലഭൂരപി നിജോദയയാമബാഹ്യാ
ഗ്രാഹ്യാ ശുഭേ ബലിനി ലഗ്നപതൌ നിജാംശേ.

ഇങ്ങനെ.

ബാൎഹസ്പത്യത്തിലുമുണ്ടു്.

നിശി പൂൎവ്വാൎദ്ധജാ വിഷ്ടി-
ൎദ്ദിവാ ചാപരതശ്ശുഭാ
ക്രമോദ്ഗതാ തു യാ വിഷ്ടി-
സ്സൈവ ഹാലാഹലോപമാ.

യദൈവാവതരത്യേഷാ
ദിവോ ഭൂഃ കമ്പതേ തദാ
തദാനീം കൃതസൽകൎമ്മ
കൎത്രാ സഹ വിനശ്യതി.

ഇങ്ങനെ.

വിധിരത്നത്തിൽ വിഷ്ട്യുദയനാഴിക ചൊല്ലുന്നുണ്ടു.

യോഗനിത്യനിശാനാഗ-
നിസപന്നാരീനതേ പുനഃ
ഏതാനി വിഷ്ടിനാഡീനാം
വാക്യാന്യഷ്ടതിഥിഷ്വപി.

ഇങ്ങനെ.

വിഷ്ടിസ്വരൂപത്തെ ശ്രീപതിയും ചൊല്ലുന്നുണ്ടു്.

കരാളീ നന്ദിനീ രൌദ്രീ
ദുൎമ്മുഖീ സുമുഖീ തഥാ
ത്രിശിരാ വൈഷ്ണവീ സിംഹീ
ത്യഷ്ടഭേദാസ്തു വിഷ്ടയഃ.

വിബുധാസുരസംഗ്രാമേ
ദാനവൈർഭീമവിക്രമൈഃ
ഭൃശം ക്രുദ്ധേ മഹാദേവേ
ദേവൈർവിജ്ഞാപിതേ സതി.

ക്ഷണാർദ്ധേന തതോ വിഷ്ടി-
ന്നിർഗ്ഗതാ മുഖരാനനാ
സപ്തഗ്രീവാ സപ്തഭുജാ
ത്രിപദാ പുച്ഛസംയുതാ.

ഏവം ലക്ഷണസമ്പന്നാ
പ്രേതാരൂഢാ മഹോദരീ
ജ്വലനം ചാങ്കുശം ചൈവ
ഗദാപാശാസിശക്തയഃ.

നൃമുണ്ഡമാലാമാലാ ച
മുദ്രാ സപ്തവിധാ സ്മൃതാ.

അസിതജലദവക്ത്രാ ദീർഘനാസോഗ്രദംഷ്ട്രാ
വിപുലഹനുകപോലാ പിണ്ഡിതോദ്ബന്ധജംഘാ
അനല ശതസഹസ്രം ചോദ്ഗിരന്തീ സമന്താൽ
പതതി ഭുവനമദ്ധ്യേ കാര്യ്യനാശായ വിഷ്ടിഃ.

നാഡ്യസ്തു പഞ്ചവദനം ഗളകസ്ത്വേകാ
വക്ഷോ ദശൈകസഹിതാ നിയതം ചതസ്രഃ
നാഭിഃ കടിഃ ഷഡഥ പുച്ഛലതാ ച തിസ്രോ
വിഷ്ടേർബ്ബുധൈരഭിഹിതോഽംഗവിഭാഗ ഏഷഃ

മുഖേ കാര്യ്യധ്വസ്തിർഭവതി മരണം ചാഥ ഗളകേ
ധനഗ്ലാനിർവക്ഷസ്യഥ കടിതടേ ബുദ്ധിവിലയഃ
കലിർന്നാഭീദേശേ വിജയമഥ പുച്ഛേ ച ജഗദു
ർഗ്ഗീരാ ഭദ്രായാഃ പൃഥഗിതി ഫലം പൂർവ്വമുനയഃ

ഇങ്ങനെ.

ഇനി ഗണ്ഡാന്തം:—

രാശിതിഥിതാരകാണാം
ഗണ്ഡാന്തം ജലധിവിഷയനവമാന്തേ
തത്രോദയതോ നാഡ്യ-
സ്ത്രിശിരഗുണസമ്മിതാസ്ത്യാജ്യാഃ.

ഇതു മാധവീയം.

നക്ഷത്രതിഥിരാശീനാം
ഗണ്ഡാന്തം ത്രിവിധം സ്മൃതം
നവഭ്രതാബ്ധിസംഖ്യാന്തേ
ക്രമാദ്വേദ്യകാദ്യന്നാഡികാഃ.

ഇതു സർവ്വസിദ്ധി.

മഘാഭുജഗസന്ധൌ തു
ദേ ദേ ജ്യേഷ്ഠാസ്വരർക്ഷയോഃ
തിസ്രസ്തിസ്രഃ പൌഷ്ണഭസ്രോ-
സ്സന്ധൌ നാഡ്യോ/ബ്ധിസംഖ്യയാ.

ഗണ്ഡാന്തസ്സ്യാൽ കളീരാളി-
മീനാന്ത്യാംശകതസ്തഥാ
മേഷസിംഹശരാസാനാ-
മാദ്യംശാശ്ച തദാഹ്വയാഃ.

പഞ്ചമ്യന്തേ ദശമ്യന്തേ
പഞ്ചാന്തേ ച ക്രമാദിയം
സംഖ്യാ വേദ്യാ ഗുണാത്ഭേശ-
വഹ്ന്യാദൌ ചാപി ദൃശ്യതാം.

ഇതു മുഹൂർത്തരത്നം.

ഇത്യാദി വ്യാപ്തികാണ്മാനത്രെ ഇവറെറക്കൂടി എഴുതിയതു്.

ഇവിടെ ആചാരസ്ഥിതിയാകട്ടെ പിന്നെ അതു വിഷ്ടിയും ഗണ്ഡാന്തവും മിക്കവാറും മുപ്പതുചെയ്തു നാഴിക വർജ്ജിക്കുമാറത്രെ മിക്കവാറുമെന്നുചൊല്ലി. നാളിന്റെയും പക്കത്തിന്റെയും ഏററക്കുറച്ചിൽ കൂട്ടിക്കണ്ടുകൊള്ളണം. രാശിഗണ്ഡാന്തവും, പക്കത്തിന്റെ ഗണ്ഡാന്തവും മുഹൂർത്തങ്ങൾക്ക നിരൂപിക്കുമാറു് ആചാരമില്ല.

ഇനി വിഷഘടിക:—

അംഗേ, നൈവ, വിയൽ, പയോ, നില, നരോ,
　　രാഗീ, നഗം, രാഖുനാ,
ദിവ്യാ, രാഷ്ട്ര, നരോ, ഭയാ, ദപിട, നടോ, വാ-
　　ദ്വൈ, ന്നരോ, വീരനക്,
നിഷ്ഠാ, നിത്യ, നയോ, ഭയം, തുക, വി-
　　രാട്, നിംബാ, നിശാ, വക്രനക്.
ഹവ്യാശാദിഷു താനതീത്യ പരതോ
　　നാഡ്യശ്ചതസ്രോ വിഷം.

അംഗേ, നൈവ ഇത്യാദി ഈരണ്ടക്ഷരംകൊണ്ട് ഓരോ വാക്യം. ഒൻപതാമതും, പതിനെട്ടാമതും, ഇരുപത്തേഴാമതും ഈവ മൂന്ന വാക്യങ്ങൾക്കും മുമ്മൂന്നക്ഷരങ്ങൾ. ഇരുപത്തേഴ വാക്യവും പരല്പേര്. ഹവ്യാശ എന്ന കാൎത്തിക. കാൎത്തികയാദിയായി ഇരുപത്തേഴനാളിന്നും ക്രമത്താലെ അംഗേ എന്ന തുടങ്ങിയുള്ള വാക്യങ്ങൾ ഓരോന്ന്. ഈ വാക്യങ്ങളെക്കൊണ്ട നാളിലെ നാഴികയുടെ സംഖ്യകണ്ടാൽ അതിന്നടുത്തു മീതെ എല്ലാ നാളിലും നന്നാലുനാഴിക വിഷഘടിക. അപ്പൊഴൊ കാൎത്തികയിൽ മുപ്പതുനാഴിക കഴിഞ്ഞാൽ നാലുനാഴിക വിഷഘടിക. രോഹിണിയിൽ നാല്പതുനാഴിക കഴിഞ്ഞാൽ നാലുനാഴിക ഇത്യാദി. ഭരണിയിൽ ഇരുപത്തിനാലു നാഴിക കഴിഞ്ഞാൽ നാലുനാഴിക വിഷഘടിക.

ഇവിടെ ഹസ്തത്തിന്ന് ഇരുപത്തൊന്നനാഴികകഴിഞ്ഞിട്ട നാലുനാഴിക വിഷം എന്ന ചൊല്ലുന്ന മാധവീയത്തിലും സൎവ്വസിദ്ധിയിലും. സൎവ്വസിദ്ധിയിൽ തിരുവാതിരയ്ക്കു് ഇരുപത്തൊന്ന കഴിഞ്ഞു് അഞ്ചുനാഴിക എന്ന ചൊല്ലുന്നു. ഇതു മററും ചിലവററിൽ കണ്ടു. അവിടെ തിരുവാതിരയ്ക്കു് ഉഷ്ണശിഖയിൽക്കൂടെ അകപ്പെട്ടുപോമല്ലൊ ഇതു്. അതില്ലല്ലൊ ഹസ്തത്തിന്നു്. എന്നിട്ട മുഹൂൎത്തദീപകത്തിൽ ഹസ്തത്തിന്ന് ഇരുപത്തൊന്നുകഴിഞ്ഞാൽ അഞ്ചുനാഴിക വൎജ്ജിക്ക എന്ന ചൊല്ലുന്നു.

ഊൎദ്ധ്വം ഹസ്തേ സമിന്നാഡ്യാഃ
　　പഞ്ചനാഡ്യോ വിഷാഹ്വയാഃ
ഊൎദ്ധ്വമീശേശനാഡ്യാശ്ച
　　ചതസ്രോ ഘടികാ അപി.

ഇങ്ങനെ.

മുഹൂർത്തരത്നത്തിൽ തിരുവാതിരയ്ക്കു പതിനൊന്നുകഴിഞ്ഞു നാലുനാഴിക, ഹസ്തത്തിന്ന് ഇരുപത്തിരണ്ടുകഴിഞ്ഞു നാലുനാഴിക എന്നു ചൊല്ലുന്നു. ഇതു് അന്നന്നു പ്രമാണഭൂതരോടു ചോദിച്ചു കൊൾക. കേൾപ്പാനൊരുക്കമില്ലെങ്കിൽ മുഹൂർത്തരത്നത്തിൽ ചൊല്ലിയപോലെ തിരുവാതിരയ്ക്കു പതിനൊന്നുകഴിഞ്ഞു നാലുനാഴികയും, ഹസ്തത്തിന്ന് ഇരുപത്തിരണ്ടുകഴിഞ്ഞു നാലുനാഴികയും വൎജ്ജിക്ക. ഇങ്ങനെയത്രെ ആചാരം കാണുന്നു.

ഇനി ഉഷ്ണശിഖ:—

ഏഴരചെന്നാലെഴര-
　യൻപതുമഞ്ചും കഴിഞ്ഞൊരഞ്ചു പുനഃ
ഇരുപതുമൊന്നും ചെന്നാ-
　ലൊൻപതുമമ്മൂന്നുനാളിലുഷ്ണശിഖ.

പതിനഞ്ചിലുമീവണ്ണം
　ശുഷ്പാദികൾ പന്തിരണ്ടിലും ക്രമശഃ
ആദിയിലെട്ടമൊടുക്ക-
　ത്തെട്ടും വിംശതികഴിഞ്ഞു ദശഘടികാഃ.

അശ്വതിക്ക് ഏഴരനാഴികകഴിഞ്ഞാൽ പിന്നെ ഏഴര നാഴിക ഉഷ്ണശിഖ. ഭരണിക്ക് അൻപത്തഞ്ചുനാഴികകഴിഞ്ഞാൽ അഞ്ചുനാഴിക. കാൎത്തികയ്ക്കു് ഇരുപത്തിഒന്നുകഴിഞ്ഞാൽ ഒൻപതു നാഴിക. ഇനി രോഹിണിതുടങ്ങി മുമ്മൂന്നുനാൾക്കും ഇങ്ങനെ തന്നെ കണ്ടുകൊൾക സ്വാതി കഴിവോളം. അപ്പൊഴൊ അശ്വ തി, രോഹിണി, പുനൎവ്വസു, മകം, ഹസ്തം ഇവയഞ്ചിനും ഏഴര നാഴികകഴിഞ്ഞാൽ ഏഴരനാഴിക ഉഷ്ണശിഖ. പിന്നെ ഭരണി, മൃഗശീൎഷം, പൂരം, പുഷ്യം, ചിത്രാ ഇവയഞ്ചിനും അൻപത്തഞ്ചു നാഴിക കഴിഞ്ഞാൽ അഞ്ചുനാഴിക. ഇനി കാൎത്തിക, തിരുവാതിര, ആയില്യം, ഉത്രം, സ്വാതി എന്നിവയഞ്ചിനും ഇരുപത്തൊന്നുനാ ഴികകഴിഞ്ഞാൽ ഒൻപതുനാഴിക. ഇങ്ങനെ അശ്വതിതുടങ്ങി പതിനഞ്ചുനാൾക്കും. ഇനി വിശാഖാദികളിൽ ഭേദമുണ്ടു്. വിശാ ഖത്തിനാദിയിൽ എട്ടുനാഴിക. അനുഷത്തിന്ന് ഒടുക്കം എട്ടുനാഴിക. ജ്യേഷ്ഠാനക്ഷത്രത്തിന്ന് ഇരുപതുനാഴികകഴിഞ്ഞാൽ പത്തുനാഴിക. ഈവണ്ണമെ മൂലംതുടങ്ങി മുമ്മൂന്നുനാൾക്കും കണ്ടുകൊൾക. രേവതി

കഴിവോളവും. അപ്പോൾ വിശാഖം, മൂലം, തിരുവോണം, പൂരുരുട്ടാതി ഇവ നാലിനും ആദിയിൽ എട്ടുനാഴിക. അനിഴം, പൂരാടം, അവിട്ടം, ഉത്രട്ടാതി ഇവ നാലിനും ഒടുക്കത്തു് എട്ടുനാഴിക. തൃക്കേട്ട, ഉത്രാടം, ചതയം, രേവതി എന്നിവ നാലിനും ഇരുപത്തു നാഴിക കഴിഞ്ഞാൽ പത്തു നാഴിക ഉഷ്ണശിഖ.

ഇതു മാധവീയത്തിൽ ചൊല്ലീട്ടുമുണ്ടു്.

അശ്വിന്യാദിഷു ഭേഷ്വജാളിമകര-<br>
പ്രാപ്താംശകാന്തേ ക്രമാ-<br>
ദംശാൽസ്വരബാണരന്ധ്രഘടികാ-<br>
സ്തദ്വദ്വിശാഖാദിഷു<br>
മേഷാംശസ്യ മുഖേഽഷ്ട കൌപ്പിമൃഗ-<br>
യോരംശാവസാനേഽഷ്ടദിങ്-<br>
നാഡീരുഷ്ണശിഖാഹ്വയാഃ പരിഹരേൽ<br>
സർവ്വേഷു കാര്യേഷ്വപി.

ഇങ്ങനെ.

ഇനി ഏകാർഗ്ഗളം:—

മണ്ഡലഹീനരവേസ്സ്യാ-<br>
ദ്ദത്താസനനിത്യപൂജ്യഭയതുല്യേ<br>
ദൈത്യനരർക്ഷേ തസ്മി-<br>
ന്നാദൌ നാഡീസമോഽർഗ്ഗളോ വജ്ജ്യഃ.

പന്ത്രണ്ടുരാശി വച്ചിട്ടതിൽനിന്നു പൊഴുതുന്നേരത്തെ ആദിത്യസ്ഫുടത്തെ വാങ്ങു. ശേഷിച്ചതിന്നു നാളും കാൺമൂ. അപ്പോളപ്പോൾ അന്നാളിലെത്രനാഴിക കണ്ടു എന്നു നിർണ്ണയിപ്പൂ. അവ ടെവന്ന നാളിൽ അത്ര നാഴിക ആദിയിൽ ഏകാർഗ്ഗളമുണ്ടു്. അതിൻെറ രണ്ടാംനാളിലും, ഏഴാംനാളിലും, പത്താംനാളിലും, പതിനൊന്നാംനാളിലും, പതിന്നാലാംനാളിലും, പതിനാറാം നാളിലും, പതിനെട്ടാംനാളിലും, ഇരുപതാംനാളിലും ഇങ്ങനെ ഇവ ഒൻപതുനാളിലും ഏകാർഗ്ഗളമുണ്ടു്. നടേത്തെ നാളിലെത്ര നാഴിക ആദിയിൽ കണ്ടു അത്രയ്ക്കുനാഴിക ഈ ഒൻപതുനാളിലും ആദിയിൽ ഏകാർഗ്ഗളമുണ്ടു. ഈ വന്ന നാഴിക ആദിയിൽ കഴിച്ചു ശേഷം ഒൻപതുനാളിലും ഏകാർഗ്ഗളമൊടുക്കത്തില്ലതാനും. അവിടം പൊഴിതിന്നു കൊള്ളാം.

ഇനി ഏകാൎഗ്ഗളസ്വരൂപം ശ്രീപതി ചൊല്ലുന്നുണ്ടു.

ദിനകരഹിമരശ്മ്യോർദൃഷ്ടിസംപാതജന്മാ
ഭവതി വികൃതമൂൎത്തിഃ കോ/പി രൌദ്രോ മനുഷ്യഃ
പതതി ഭുവനമധ്യേ മംഗലനാം വിനാശൈ്യ
ജ്വലനകപിലദൃഷ്ട്യാ നിൎദ്ദഹൻ വാ ജഗന്തി.

ഇങ്ങനെ.

എന്നാൽ ഏകാൎഗ്ഗളത്തെ സൂക്ഷിച്ചു വൎജ്ജിക്ക ഇളുയ്യൂരുള്ളു.

ഇനി അഹിമസ്തകം:—

ചന്ദ്രാൎക്കയോഗേ മൈത്രസ്യ
പരാൎദ്ധം യദി സംഭവേൽ
സാൎപ്പമസ്തകസംജ്ഞസ്തു
തദാ ദോഷോ വിവൎജ്ജ്യതേ.

പൊഴുതുന്നേരത്തെ ചന്ദ്രാദിത്യന്മാരുടെ സ്ഫുടങ്ങൾ തങ്ങളിൽ കൂട്ടിയാൽ അതിനു നാളു കാൺമൂ. അപ്പോൾ അനിഴത്തിൽ മുപ്പതുനാഴിക കഴിഞ്ഞിട്ടുള്ളശേഷം അനിഴം വന്നുവെങ്കിൽ അപ്പോൾ അഹിമസ്തകമുണ്ടു്.

ഇനി ലാടം:—

ചന്ദ്രാൎക്കയോഗേ രാശീനാം
ചതുഷ്കേ പഞ്ചകേ/പി വാ
ദൃഷ്ടേ ലാടോ വിചിന്ത്യസ്സ്യാൽ
ത്രികേ/പി ച കദാചന.

പൊഴുതുന്നേരത്തെ ചന്ദ്രാദിത്യസ്ഫുടങ്ങൾ രണ്ടും തങ്ങളിൽ കൂട്ടിയാൽ രാശിസ്ഥാനത്തു നാലുതാൻ, അഞ്ചുതാൻ, കാൺകിൽ ലാടം എണ്ണേണം. മൂന്നുരാശി വരികിലും ചിലനാൾ നിരൂപിക്കേണ്ടിവരും. ഉഭയരാശിമാസങ്ങളിലെങ്കിലെ മൂന്നു രാശിവരുമ്പോൾ എണ്ണേണ്ടതും.

ഇനി വൈധൃതം:—

ദശകേ വാ യദാ ദൃഷ്ടോ
ദ്വൈദശകേ/പി വാ

വൈധൃതസ്തു തദാ ചിന്ത്യോ
നവകേ വാ കദാചന.

പൊഴുതുന്നേരത്തെ ചന്ദ്രാൎക്കയോഗത്തിൻെറ രാശിസ്ഥാന ത്തു പത്തുതാൻ, പതിനൊന്നുതാൻ, കാൺകിൽ വൈധൃതം എണ്ണേണം. ഇനി ഉഭയരാശിമാസങ്ങളിൽ ഒൻപതുരാശി കാണു മ്പോളും കൂടെ എണ്ണേണ്ടിവരും. എന്നാൽ ലാടവൈധൃത ങ്ങൾ സൂക്ഷിച്ചുഗണിച്ചുകൊണ്ടേ നിശ്ചയിക്കാവൂ. ഗണിപ്പാൻ സംഭാവനയുള്ള കാലമറിവാനത്രെ ഇതു ചൊല്ലിയതു്.

ഇനി ദോഷങ്ങളെ വൎജ്ജിക്കേണ്ടുന്നേടത്തെ പ്രകാരഭേദത്തെച്ചൊല്ലുന്നു. അവിടെ നടെ ഗുളികവിഷോഷ്ണങ്ങളുടെ വിശേഷത്തെച്ചൊല്ലുന്നു:—

യദ്രാശ്യന്തേ സ്ഥിതാ ഉഷ്ണ-
വിഷൌ മാന്ദിശ്ച തം ത്യജേൽ.

മാന്ദി എന്നു ഗുളികൻ. പൊഴുതുകൊള്ളുന്ന രാശിയിൽ ദോഷങ്ങളൊന്നുംകൂടാതെ ഇരിക്കയത്രെ ഉത്തമമാകുന്നതു. അ വിടെ ഗുളികനും, വിഷവും, ഉഷ്ണവും ഇവ മൂന്നിലൊന്നു യാതൊരു രാശിയുടെ ഒടുക്കത്തു തട്ടുന്നു ആ രാശി മുഴുവൻ വൎജ്ജിക്ക ഇള്ളു രുതു്. ഇവ മൂന്നും രാശിയുടെ ആദിയിൽ തട്ടുകിൽ ഇവ കഴി ഞ്ഞാൽ ആ രാശിയുടെ ശേഷം കൊള്ളുമാറത്രെ ആചാരവും. ഇവിടെ പൊഴുതുകൊള്ളുവാൻ കല്പിച്ച രാശിയുടെ ആദിയിൽ ഒട്ടേടം ഒരു നാളായിരിപ്പൂ. ആ രാശി കഴിയുംമുൻപെ മറെറ നാളു തുടങ്ങുന്നതും ചെയ്‌വൂ. ആ രാശി കഴിയുംമുൻപെ തുടങ്ങു ന്നനാളുക്കു് ആദിയിൽ ഉഷ്ണശിഖ ഉണ്ടെന്നുമിരിപ്പൂ എങ്കിൽ ആ രാശിയെ ഉഷ്ണശിഖതുടങ്ങിയെ വൎജ്ജിക്കേണ്ടൂ. മുഴുവൻവൎജ്ജിക്കേ ണമെന്നില്ലല്ലൊ. അതൊ നാളിരണ്ടത്രെ ഉല്ലൊ. എന്നിട്ടു് ഇങ്ങ നെയുണ്ടു ചിലർ പറയുന്നു. അതു് അവ്വണ്ണമല്ല. യദ്രാശ്യന്തേ എന്നു രാശിയെ പ്രധാനമാക്കി ചൊല്ലുകകൊണ്ടു രാശിയുടെ മേൽ നിന്നു ദോഷം തട്ടുകിൽ ആ രാശി മുഴുവൻ വൎജ്ജിക്കുമാറത്രെ ആചാരം. നാളു ഒന്നൊ രണ്ടൊ എന്നെല്ലാം നിരൂപിക്കേണ്ട.

ഇനി ഗുളികനെ വൎജ്ജിക്കുന്നേടത്തു മറെറാരുപ്രകാരം ഒരുഗ്രന്ഥത്തിൽ കേട്ടിട്ടുണ്ടു്.

ഗുളികസ്ഥിതഘടികായാഃ
പൂർവ്വം ഷഷ്ടിവിനാഡികാസ്ത്യാജ്യാഃ
പരതസ്ത്രിംശദ്വജ്ജ്യാഃ
ശേഷാഃ ശുഭദാഃ സമസ്തകാര്യേഷു.

ഇങ്ങനെ.

ഇതുമീവണ്ണമല്ല ആചാരം. ബലാബലമറിവാൻ ഇതും കൂടെ നിരൂപിച്ചുകൊള്ളേണം താനും. എന്നാൽ ഉഷ്ണവും, വിഷവും, ഗുളികനും രാശിയിന്മേൽ നീളെ ഉണ്ടെങ്കിൽ ആ രാശി മുഴുവൻ വജ്ജിക്കണം. ഇവ മൂന്നും കഴിച്ചു രാശി ശേഷമുണ്ടെങ്കിൽ അവിടം കൊള്ളുകയുമാം.

ഇനി സാപ്പ്മസ്തകം, ഗണ്ഡാന്തം, വിഷ്ടി, ഏകാഗ്ഗളം ഇവ നാലിനേയും വജ്ജിക്കുന്നപ്രകാരത്തെ ചൊല്ലുന്നു:—

സാപ്പ്മസ്തകഗണ്ഡാന്തൌ
വിഷ്ടിരേകാഗ്ഗളസ്തഥാ
സ്വകാല ഏവ വജ്ജ്യന്തേ
ചത്വാരോ/മീ ബുധൈരിഹ.

അഹിമസ്തകം, ഗണ്ഡാന്തം, വിഷ്ടി, ഏകാഗ്ഗളം ഇവ നാലും പൊഴുതുകൊള്ളുന്ന രാശിയിൽ തട്ടായ്ക വേണ്ടുന്നതു്. അതൊ ആ രാശിയുടെ ഒടുക്കത്തെങ്കിലും ആദിയിലെങ്കിലും തട്ടിയതുകൊണ്ടു് ആ രാശി മുഴുവൻ വജ്ജിക്കണമെന്നില്ലതാനും. ഇവ നാലും ദോഷമുള്ളനേരം തന്നെ വജ്ജിക്കുമാറത്രെ ആചാരം. ഇവ നാലും മേൽ നിറുത്തിക്കൊള്ളുന്നതിനേക്കാൾ കീഴ കഴിച്ചുകൊള്ളുക അഴകുള്ളു. വിഷ്ടിയുടെ ഒടുക്കത്തെ മൂന്നു നാഴിക നന്നു് എന്നു താമരനല്ലൂരിൽ ചൊല്ലിയിട്ടുണ്ടു്. അവിടവും വജ്ജിക്കുമാറത്രെ ആചാരം.

ഇനി ലാടവൈധൃതങ്ങൾ തട്ടുന്ന നാൾ മുഴുവൻ വജ്ജിക്കേണം എന്നു ചൊല്ലുന്നു:—

ലാടവൈധൃതയോമ്മദ്ധ്യം
യദ്ദൃക്ഷേ തദ്വിവജ്ജയേൽ
ദന്താഗ്രനം ച യസ്മിംസ്യാ-
ത്തദൃക്ഷം ച ന ശോഭനം.

ലാടവൈധൃതങ്ങളുടെ നടുവു് ഏതൊരു നാളിൽ വരുന്നു ആ നാളു മുഴുവൻ വജ്ജിക്ക. ഉന്താദ്ഭനമെന്നു ചന്ദ്രാക്കന്മാരുടെ ക്രാന്ത്യന്തരം മുപ്പത്തിരണ്ടിൽ കുറയുക. വ്യതീപാതം എണ്ണിയപ്പോൾ ഏതൊരു നാളിൽ ഉന്താദ്ഭനംവന്നു അന്നാളും നന്നല്ല. അതും വജ്ജിക്കുമാറത്രെ ആചാരമാകുന്നതു്. ഇങ്ങനെ ആചാരസ്ഥിതി.

ഇനി ബലാബലമറിവാൻ ചില ഗ്രന്ഥാന്തരങ്ങളെക്കൂടി എഴുതുന്നു.

യത്ര ചന്ദ്രാക്കയോഗോ ഭവേത്തദ്ദിനം
ദാനയോഗ്യം ശുഭേഷുൽസൃജേൽ കമ്മസു
തച്ച തസ്മാദധശ്ചോത്തരം ചാശുഭം
വാസരാണാം ത്രയം കേചിദാചക്ഷതേ.

ഇതു മാധവീയം.

ഇനി വരാഹമിഹിരരും ചൊല്ലുന്നുണ്ടു്.

ഏദ്ദ്വേഷ്യാ ധനം ക്ഷപയതി വ്യതിപാതദോഷോ
മൃത്യും ദദാതി നിയതം ഖലു വത്തമാനഃ
സന്താപശോകവധദൈന്യഭയാന്യതീത-
സ്തസ്മാദ്ദിനത്രയമപി പ്രജഹീത വിദ്വാൻ.

ഇങ്ങനെ.

വാസരശബ്ദംകൊണ്ടും ദിനശബ്ദംകൊണ്ടും ഇവർ ഉപചാരാന്നാളിനെയത്രെ ചൊല്ലി. അതു ചൊല്ലീട്ടുമുണ്ടു്.

ചക്രാദ്ധജോ വ്യതിപാതോ
ദോഷരാജസ്സപാൾപഭഃ.

ഇങ്ങനെ.

ഇനി സൂൎയ്യസിദ്ധാന്തത്തിലുണ്ടു വ്യതീപാതസ്വരൂപത്തെ ചൊല്ലുന്നു.

തുല്യാംശുജാലസംപക്കാ-
ത്തയോസ്തു പ്രവഹാഹതാൽ
തദ് ദൃക്ക്രോധഭവോ വഹ്നി-
ല്ലോകാഭാവായ ജായതേ.

വിനാശായാതിം തിതോ
ലോകാനാമസകൃദ്ഭുതഃ
വ്യതീപാതഃ പ്രസിദ്ധോ/ത-
സ്സംജ്ഞാഭേദേന വൈധൃതഃ.

സ കൃഷ്ണോ ദാരുണവപുഃ
ലോഹിതാക്ഷോ മഹോദരഃ
സൎവ്വാനിഷ്ടകരോ രൌദ്രോ
ഭൂയോ ഭൂയഃ പ്രജായതേ.

ഇങ്ങനെ.

വ്യതീപാതംതുടങ്ങുമ്പോൾ തുടങ്ങീട്ട് അതു കഴിവോളം നേരം ദോഷത്തിന്നു ഗൌരവമേറും എന്നും സൂൎയ്യസിദ്ധാന്തത്തിൽ ചൊല്ലീട്ടുണ്ട്.

ആദ്യന്തകാലയോൎമ്മദ്ധ്യേ
കാലോ ജ്ഞേയോ/തിദാരുണഃ
പ്രജ്വലജ്ജ്വലനാകാര-
സ്സൎവ്വകൎമ്മവിഗൎഹിതഃ.

ഏകകാഷ്ഠാം ഗതം യാവ-
ദൎക്കേന്ദ്വോൎമ്മണ്ഡലാന്തരം
സംഭവസ്താവദേവാസ്യ
സൎവ്വകൎമ്മവിനാശകൃൽ.

സ്നാനദാനജപശ്രാദ്ധ-
വ്രതഹോമാദികൎമ്മസു
പ്രാപ്യതേ സുമഹാംച്ശ്രേയ-
സ്തത്കാലജ്ഞാനതസ്സദാ.

ഇങ്ങനെ.

എത്രനാഴിക നേരമുണ്ടു വ്യതീപാതമുള്ളത് അന്നാഴികകളെ വൎജ്ജിക്കേണ്ടു എന്നും വരാഹമിഹിരൻ ചൊല്ലീട്ടുണ്ട്.

തന്മാത്രമേവേതി മതം ബഹൂനാം.

ഇങ്ങനെ.

വ്യതീപാതമുള്ള നേരംതന്നെ വജ്ജിക്കേവേണ്ടു. വ്യതീപാതം തട്ടിയ നാളുമുഴുവൻ വജ്ജിക്കയെല്ലാംവേണ്ടാ എന്നു മറെറാരു ഗ്രന്ഥമുണ്ടു കേട്ടിരിക്കുന്നു. അതു്

വിഷപ്രദിഗ്ധേന ഹതസ്യ പത്രിണാ
മൃഗസ്യ മാംസം ശുഭദം ക്ഷതാദൃതേ
യഥാ തഥൈവ വ്യതിപാതദൂഷിതഃ
ക്ഷണസ്തു വജ്ജ്യോ ന തു ഭം ന വാതിഥിഃ.

ഇങ്ങനെ.

ഇത്തരം ഗ്രന്ഥങ്ങളുണ്ടുള്ളു. ഇവറെറക്കണ്ടിട്ടാചാരം നീക്കരുതു് എന്നുമാനത്രെ ഇവറെറക്കൂടി എഴുതിയതു്. ഈവണ്ണമാചരിപ്പാനല്ല. വ്യതീപാതം തട്ടിയ നാളുമുഴുവൻ വജ്ജിക്കണം. ദന്താദ്യൂനം വരുന്ന യാതൊരുനാളിൽ അന്നാളും മുഴുവൻ വജ്ജിക്കണം. അത്രെ വേണ്ടതും. വ്യതീപാതമുള്ള നാളിന്റെ അടുത്തു കീഴെനാളും മേലെനാളും വജ്ജിക്കണമെന്നുണ്ടല്ലൊ ചിലർചൊല്ലി. അതും ആചാരമില്ല. ലാടവൈധൃതങ്ങൾ തട്ടിയ നാളുമുഴുവൻ വജ്ജിക്കണം അത്രെ വേണ്ടതും. ഇങ്ങനെയത്രെ ആചാരം.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
നവദോഷകഥനന്നാമ
സപ്തമോഽധ്യായഃ.

---

അഥ അഷ്ടമോഽധ്യായഃ.

യാത്രാപഥികദോഷകഥനം.

ഇനി സവ്വകമ്മങ്ങളിലും വജ്ജ്യങ്ങളായി പൊതുന്നവയുണ്ടാകുന്ന ദോഷങ്ങളെച്ചൊല്ലുന്നു:—

ഉല്ക്കാനിപാതഭൂകമ്പൌ
ധൂമകേതോശ്ച ദശനം
ശിവാരുതാദയോ ദോഷാ
വജ്ജ്യാ യാത്രാപഥികാസ്തഥാ ഇമേ.

ഉല്ക്കാനിപാതം എന്നു കൊള്ളിമീൻവീഴുക. അതും, ഭൂകമ്പവും, ധൂമകേതു ഉദിച്ചിട്ടു കാൺകയും, കുറുനരി കരഞ്ഞിട്ടുള്ളോരു ഒലികേൾക്കയും ഇത്യാദി ദോഷങ്ങളേയും എല്ലാപ്പൊഴുതിനും വൎജ്ജിക്ക.

ഉല്ക്കാപാതേ ച ഭൂകമ്പേ
ധൂമകേതോശ്ച ദൎശനേ
ദിനത്രയം വിവൎജ്ജ്യം സ്യാൽ
സൎവേഷു ശുഭകൎമ്മസു.

അവിടെ കൊള്ളിമീൻ വീണാലും, ഭൂകമ്പമുണ്ടായാലും ധൂമകേതു ഉദിച്ചിട്ടുകണ്ടാലും അവയുണ്ടായ ദിവസത്തോടുക്രുടീട്ടു മൂന്നു ദിവസം വൎജ്ജിക്ക എല്ലാപ്പൊഴുതിനും. ഒലി കേട്ടാൽ അദ്ദിവസം പൊഴുതു വൎജ്ജിക്ക.

യസ്മിന്നസ്തമയന്തി വക്രഗമനം
യത്രാരഭന്തേ ഗ്രഹാഃ
യസ്മിന്ദേവമഹോത്സവാശ്ച വിവിധോൽ-
പാതാശ്ച തം വാസരം
നിൎഘാതേ/ഥ സധൂമകേതുജനനേ
സോല്ക്കാനിപാതേ ദിശാം
ദാഹേ ഭൂചലനേ ഗ്രഹപ്രഹരണേ
ചാഹ്നാം ത്രയം വൎജ്ജയേൽ.

എന്നു മാധവീയം.

ഇനി എല്ലാപ്പൊഴുതിനും നിന്ദ്യങ്ങളായുള്ളവറെറച്ചൊല്ലുന്നു:—

കൃഷ്ണപക്ഷോ/പരാഹ്നശ്ച
വാരൌ മന്ദാരയോസ്തഥാ
ധനകേന്ദ്രത്രികോണേഷു
പാപാസ്സൌമ്യാസ്ത്രിഷഷ്ഠയോഃ.

സൎവേ ഗ്രഹാ വ്യയേ രന്ധ്രേ
ചന്ദ്രാൎക്കൌ ലഗ്നഗൌ തഥാ
ലഗ്നം ച പാപമധ്യസ്ഥ-
മേതേ നിന്ദ്യാസ്സുകൎമ്മസു.

അപരപക്ഷം മുഴുവൻതന്നെ എല്ലാപ്പൊഴുതിന്നും നിന്ദ്യമെന്നത്രെയിരിക്കുന്നു. അതിലും ഷഷ്ഠിതുടങ്ങി മേലേടം വിശേഷിച്ചും നിന്ദ്യം. അപരാഹ്നവും എല്ലാപ്പൊഴുതിന്നും നിന്ദ്യം. ശനിയാഴ്ച്ചയും, ചൊവ്വാഴ്ച്ചയും എല്ലാപ്പൊഴുതിന്നും നിന്ദ്യം.

ധനകേന്ദ്രത്രികോണേഷു എന്നു തുടങ്ങീട്ടു നിന്ദ്യമായുള്ള ഗ്രഹസ്ഥിതിയെച്ചൊല്ലുന്നു. ധനം എന്നു ലഗ്നത്തിൻെറ രണ്ടാം രാശി. കേന്ദ്രം എന്നു് ഉദയം, നാലു്, ഏഴു്, പത്തു്. ഇതു താമര നല്ലൂരിൽ ചൊല്ലീട്ടുണ്ടു്.

നാലേഴുപത്തു മുതലെന്നിവ കേന്ദ്രമാഹു-
സ്തത് കണ്ടകം പുനരതേവ ചതുഷ്ടയം ച.

മേലേ തേഷാം പണപരമിതിൻ
മേലതാപോക്ലിമാഖ്യ-
ന്നല്ലൻ പോവാൻ പൊഴുതിലവിടെ
ചന്ദ്രനാദ്യേ ച കേന്ദ്രേ.

ഇങ്ങനെ.

ലഗ്നത്തിൻെറ നാലാമെടവും, എഴുാമെടവും, പത്താമെടവും, മുതൽ എന്നു ലഗ്നത്താനും ഇന്നാലുസ്ഥാനത്തിലും ഓരോന്നിന്നും കേന്ദ്രം എന്നും, കണ്ടകം എന്നും, ചതുഷ്ടയം എന്നും ഇങ്ങനെ മൂന്നു പേരുണ്ടു്. ഇവററിൻെറ മേലേതു ലഗ്നത്തിൻെറ രണ്ടാമതും, അഞ്ചാമതും, എട്ടാമതും, പതിനൊന്നാമതും ഇന്നാലു രാശിക്കും പണപരം എന്നും പേരുണ്ടു്. അതിൻെറ മേലേതു ലഗ്നത്തിൻെറ മൂന്നാമതും, ആറാമതും, ഒൻപതാമതും, പന്ത്രണ്ടാമതും ഇന്നാലുരാശിക്കും ആപോക്ലിമം എന്നും പേരുണ്ടു്. ത്രികോണമെന്നു ലഗ്നത്തിൻെറ അഞ്ചാംരാശിക്കും, ഒൻപതാംരാശിക്കും പേരുണ്ടു്. വ്യയം എന്നു ലഗ്നത്തിൻെറ പന്ത്രണ്ടാംരാശി. രന്ധ്രം എന്നു ലഗ്നത്തിൻെറ എട്ടാംരാശി. ധനകേന്ദ്രത്രികോണങ്ങളിലെ പാപികളും, മൂന്നാറിലെ ശുഭന്മാരും, എട്ടു പന്ത്രണ്ടിലെ ഗ്രഹങ്ങളെല്ലാരും, ഇവരൊക്കവെ എല്ലാപ്പൊഴുതിന്നും നിന്ദ്യന്മാർ. ചന്ദ്രോദയവും, ആദിത്യോദയവും എല്ലാപ്പൊഴുതിന്നും നിന്ദ്യം. പിന്നെയാതൊരു രാശിക്കു രണ്ടാമെടത്തും, പന്ത്രണ്ടാമെടത്തും കൂടിപ്പാപികൾ നില്ക്കുന്നു ആ രാശിയുമെല്ലാപ്പൊഴുതിന്നും നിന്ദ്യം. ഇങ്ങനെ സാമാന്യേന വർജ്ജിക്ക.

ഇളക്ക്ലുതാത്തദോഷങ്ങളെയും നിന്ദ്യങ്ങളായുള്ളവററെയും ചൊല്ലീതായി. ഇനിയും ദോഷങ്ങളനേകമുണ്ടു്. അവററെയും ദേശകാലാവസ്ഥകളെ തക്കവൊറു വജ്ജിക്കാകുന്നവററെ വജ്ജിക്കേണമെന്നു ചൊല്ലുന്നു.

അന്യേ ച ദോഷാ ബഹവ-
സ്സന്തി താനപി വജ്ജയേൽ
കലാവദോഷഃ കാലോ ന
മന്ദഭാഗ്യോ യതോ ജനഃ.

ദോഷേ/ല്പേതരാ ബഹുഗുണേ
കൎമ്മ കുവന്തി മാനവാഃ
അവിജ്ഞായ തു ദോഷാണാം
ഗുണാനാം ച ബലാബലം.

കാലോ വിധീയതേ യേന
നരകം യാതി സ ധ്രുവം.

ഇവകൂടാതെ മററുമനേകം ദോഷങ്ങളുണ്ടു്. അവററെയും കൂടി ശാസ്ത്രാന്തരങ്ങളിൽ നിന്നുകണ്ടു വജ്ജിക്ക. ലോകൎക്കു ഭാഗ്യം കുറകകൊണ്ടു കലിയുഗത്തിങ്കൽ ദോഷം കൂടാത്തകാലം തന്നെ ഇല്ല. എന്നിട്ടു ദോഷം കുറഞ്ഞും ഗുണമേറിയും വരുന്നനേരത്തു കൎമ്മങ്ങളെ ചെയ്യുന്നു ലോകർ. ഗുണദോഷങ്ങളുടെ ബലാബലത്തെ അറിയാതെ യാവനൊരുത്തൻ മുഹൂൎത്തം വിധിക്കുന്നതു് അവൻ നരകത്തിൽ പോകുന്നോൻ നിശ്ചയം.

അപ്പൊഴെ എങ്ങനെ അവററിന്റെ ബലാബലമറിവൂ എന്നേടത്തു ചൊല്ലുന്നു.

വസിഷ്ഠനാരദേധ്യാദി
പ്രോക്തൈരേവ ഹി ശക്യതേ
ശാസ്ത്രൈൎഗ്ഗുണാനാം ദോഷാണാ-
മപി ജ്ഞാതും ബലാബലം.

വസിഷ്ഠൻ, നാരദൻ, ഈഡ്യനെന്നു ബൃഹസ്പതി, ആദിശബ്ദംകൊണ്ടു ഗൎഗ്ഗാദികൾ ഇത്യാദിമഹൎഷികൾ ചമച്ച ശാസ്ത്രങ്ങളെക്കൊണ്ടേ ഗുണദോഷബലാബലങ്ങളെ അറിയാവൂ. എന്നാലവററെയും ഗുരുവിങ്കലെ പഠിച്ചുകൊണ്ടുവേണം മുഹൂൎത്തം വിധിപ്പാൻ.

അവിടെയും പല പക്ഷഭേദങ്ങളെക്കാൺകിൽ അതിലേതു കൊള്ളേണ്ടുവതു് എന്നു ചൊല്ലുന്നു.

പക്ഷഭേദേഷു സവ്വ്ത്ര
ദേശാചാരവശാൽ സ്ഥിതിഃ.

പക്ഷങ്ങൾ പലവ കാണുന്നേടത്തു് എല്ലാടവും ദേശാചാരത്തിന്നു തക്കവാറു സ്ഥിതിയാകുന്നു. അതൊ ശാസ്ത്രവിരുദ്ധമായിട്ടു ദേശാചാരം കാൺകിൽ അതിലേതു പിന്നെക്കൊള്ളേണ്ടുവതു് എന്നേടത്തു ദേശാചാരത്തിന്നു തക്കവാറുവേണം കൊൾവാൻ എന്നു ചൊല്ലുന്നു.

ന ശാസ്ത്രദൃഷ്ട്യാ വിദുഷാ കദാചി-
ദ്ദുല്ലംഘനീയാഃ കുലദേശധമ്മാഃ
മൂലം ഹി തേഷു ച്യുതവേദശാഖാ
ഭൂയാൻ ഹി ധമ്മസ്ഥിതിഭംഗദോഷഃ

താൻതന്നെ പെരികെ വിദ്വാനെന്നിരിക്കിലും ശാസ്ത്രത്തെത്തന്നെ കണ്ടിട്ടു കുലധമ്മത്തേയും, ദേശധമ്മത്തേയും ഒരിക്കലുമേ അതിക്രമിക്കൊല്ല. കുലധമ്മമെന്നു തന്റെ പൂവ്വന്മാരാചരിച്ചുപോന്ന ആചാരം. ദേശധമ്മമെന്നതു തന്റെ ദേശത്തു് ആചരിച്ചുപോരുന്ന ആചാരം. എന്തുതാൻ ശാസ്ത്രത്തിന്നൊ വേദമൂലത്വമല്ലൊ ഉള്ളതു്.

ദേശാചാരത്തിന്നൊ അതില്ലല്ലൊ എന്ന ശങ്കയിങ്കൽ ചൊല്ലുന്നു.

മൂലം ഹി തേഷു ച്യുതവേദശാഖാഃ.

എന്നു്.

ആചാരങ്ങൾക്കമൂലമായതു മറഞ്ഞുകിടക്കുന്ന വേദശാഖകൾ എന്നൊ പ്രസിദ്ധമല്ലൊ. എങ്കിലൊ കുലദേശധമ്മങ്ങൾക്കും വേദമൂലത്വമുണ്ടായാലും അതുകൊണ്ടുമവററിന്നു തക്കവാറുതന്നെ വേണമനുഷ്ഠിപ്പാൻ എന്നുള്ള നിയമമൊ വന്നില്ലല്ലൊ. എന്നാൽ ശാസ്ത്രങ്ങളിലും ആചാരങ്ങളിലും പക്ഷഭേദം കാണുന്നേടത്തു കുലധമ്മത്തിന്നും ദേശധമ്മത്തിന്നും അത്രെ പ്രാമാണ്യം. അവിടെയും കുലധമ്മവും ദേശധമ്മവും തങ്ങളിൽ വിരോധിക്കുന്നേ

ടത്തു കുലധൎമ്മംവേണം കൊള്ളുവാനും. എന്നാൽ തന്റെ പൂൎവ്വന്മാർ എങ്ങിനെ പണ്ടാചരിച്ചുപോരുന്നു അവ്വണ്ണംതന്നെയാചരിക്കയാവൂ.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
യാത്രാപ്രചരികദോഷകഥനം നാമ
അഷ്ടമോऽധ്യായഃ.

## അഥ നവമോऽധ്യായഃ.

### ഗുണാദികഥനം.

ഇനി എല്ലാപ്പൊഴുതിലും നല്ലഗ്രഹസ്ഥിതിയെ ചൊല്ലുന്നു:—

സൌമ്യാഃ കേന്ദ്രത്രികോണേഷു
പാപാഃ ക്ഷതസഹോത്ഥയോഃ
ഏകാദശേ സ്ഥിതാസ്സൎവ്വേ
ശുഭദാശ്ശുഭകൎമ്മസു.

ശുഭഗ്രഹങ്ങൾ കേന്ദ്രത്രികോണങ്ങളിൽ നില്ക്കുനല്ലു. ക്ഷതം എന്നു ആറാമെടം. സഹോത്ഥം എന്നു മൂന്നാമെടം. പാപികൾ മൂന്നാമെടത്തും ആറാമെടത്തും നില്ക്കുനല്ലു. പതിനൊന്നാമെടത്തു പാപികളും ശുഭഗ്രഹങ്ങളും നില്ക്കുനന്നു.

ഇനി ഗ്രഹം പിഴച്ചുനില്ക്കുന്നേടത്തു ക്രമത്താലെ ദോഷങ്ങൾക്കു ന്യൂനതയുണ്ടു് എന്നു ചൊല്ലുന്നു:—

അംഗാസ്തായുസ്സുഹൃദ്ധൎമ്മ-
പുത്രാൎത്ഥവ്യയകൎമ്മഗാഃ
പാപാ ദോഷം ക്രമാദ്ധീനം
കുൎവ്വന്ത്യവിഹിതാ യദി.

അംഗം എന്നു ലഗ്നം. അസ്തം എന്നു ഏഴാമെടം. ആയുസ്സ് എന്നു എട്ടാമെടം. സുഹൃത്തു് എന്നു നാലാമെടം. ധൎമ്മം എന്നു ഒൻപതാമെടം. പുത്രൻ എന്നു അഞ്ചാമെടം. അൎത്ഥം എന്നു രണ്ടാമെടം. വ്യയം എന്നു പന്ത്രണ്ടാമെടം. കൎമ്മം എന്നു പത്താമെടം. ഇച്ചൊല്ലിയസ്ഥാനങ്ങളിൽ ക്രമത്താലെ നില്ക്കുന്നപാപി

കൾ ദോഷത്തെ ക്രമത്താലെ ഹീനമാംവണ്ണം ചെയ്യുന്നു. ലഗ്നത്തിൽ പാപി നില്ക്കിൽ എല്ലാത്തിലും ദോഷമേറും. ഏഴാമെടത്തു പാപിനിന്നാൽ ലഗ്നത്തെക്കാട്ടിലിത്തിരി കുറയും ദോഷം. ഏഴാമെടത്തെക്കാൾ കുറെ കുറയും അഷ്ടമത്തിൽ. ഇന്നും ഇങ്ങനെ ദോഷത്തിന്റെ കുറച്ചിൽ കണ്ടുകൊൾക ക്രമത്താലെ. അപ്പൊഴൊ പത്താമെടത്തു നില്ക്കുന്നപാപിക്ക് എല്ലാത്തിലും ദോഷം കുറവ്. ഇച്ചൊല്ലിയ സ്ഥാനങ്ങളിലൊന്നിൽ ഒരു പൊരുത്തിനായിട്ട് ഒരു പാപിയെക്കൊള്ളാം എന്നു വിധിച്ചിട്ടെങ്കിൽ അപ്പൊരുത്തിനാവിടെ അപ്പാപി ദോഷംചെയ്കയില്ല.

കേന്ദ്രാദിസ്ഥേഷു പാപേഷു
വേദ്യമേവം ഫലാന്തരം.

കേന്ദ്രത്തിൽ നില്ക്കുന്ന പാപികൾക്കു ദോഷമെല്ലാത്തിലുമേറും. അതിനേക്കാൾ കുറയും പണപരത്തിങ്കൽ. പണപരത്തിങ്കലെക്കാട്ടിൽ ദോഷം കുറയും ആപോക്ലിമത്തിങ്കൽ പാപിനിന്നാൽ. ഇങ്ങനെയും കണ്ടുകൊള്ളാം.

ഇനി അനിഷ്ടസ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ ന്യൂനദോഷപ്രദന്മാരെങ്കിൽ അവക്കു പ്രായശ്ചിത്തം ചെയ്തിട്ടു ആവശ്യങ്ങളുടെ കാൽ പൊഴുതുകൊള്ളേണ്ടിവരും. എന്നിട്ട് അതിന്ന ഗ്രഹങ്ങളുടെ ദക്ഷിണാദ്രവ്യങ്ങളെച്ചൊല്ലുന്നു:—

ധേനുശ്ശംഖോഽരുണരുചിവൃഷഃ
കാഞ്ചനം പീതവാസ-
ശ്ശ്വേതശ്ചാശ്വഃ സുരഭിരസിതാ
കൃഷ്ണലോഹം മഹാജഃ
സൂര്യാദീനാമ്മുനിഭിരുദിതാ
ദക്ഷിണാസ്സ്പുർഗ്രഹാണാം
ഹോമൈസ്ത്രാനൈസ്തവനബലിഭി-
സ്തേഽത്ര തുഷ്യന്തി യസ്മാൽ.

ആദിത്യന്നു കിരാല്പശു. ചന്ദ്രന്നു ശംഖ്. ചൊവ്വയ്ക്കു ചുവന്നകാള. ബുധന്നു പൊന്ന്. വ്യാഴത്തിന്നു മഞ്ഞൾക്കൂറ. ശുക്രന്നു വെളുത്തകുതിര. ശനിക്കു കറുത്തപശു. രാഹുവിന്നു കാരിരുമ്പ് (കറുത്ത ഇരുമ്പ്). കേതുവിന്നു വലിയ ആട്ട്. ഇവ ദക്ഷിണാദ്രവ്യങ്ങൾ. ആദിത്യാദിഗ്രഹങ്ങൾ ഹോമാദികളെക്കൊണ്ടു സന്തോ

ഷിക്കുന്നു എന്നതു യാതൊന്നു് അതുഹേതുവായിട്ടു് അവക്കു മുനികൾ ചൊല്ലിക്കിടക്കുന്ന ദക്ഷിണാദ്രവ്യങ്ങൾ ഇവ.

ഇനി അവിഹിതനക്ഷത്രാദികളിലും വിഹിതോത്തരകാലത്തിങ്കലും ചെയ്കിൽ അക്കൎമ്മത്തെ ആവൎത്തിക്കണമെന്നു ചൊല്ലുന്നു: —

നക്ഷത്രതിഥിരാശീനാം
വ്യത്യാസേ വിഹിതോത്തരേ
കാലേ ചാവൎത്തനം കാൎയ്യം
രാശേഃ കൈശ്ചിദ്വികല്പ്യതേ.

യാതൊരുകൎമ്മത്തിന്നു നാളുതാൻ, പക്കംതാൻ, രാശിതാൻ ഇവ മൂന്നിലൊന്നു് അക്കൎമ്മത്തിന്നു വൎജ്ജിച്ചതുകൊണ്ടതെങ്കിൽ അക്കൎമ്മത്തെ ആവൎത്തിക്കണം. അവിടെ വൎജ്ജിച്ചരാശികൊണ്ടതെങ്കിൽ ആവൎത്തിക്കണമൊ വേണ്ടായൊ എന്നു വികല്പിക്കുന്നു ചിലർ. അതോ അന്നന്നു പ്രമാണഭൂതരോടു കേട്ടു ചെയ്തുകൊൾക. കേൾപ്പാനൊരുക്കമില്ലെങ്കിൽ ആവൎത്തിക്ക. വിധിപരമാകുന്നകാലത്തു ചെയ്കിലും ആവൎത്തിക്കണം. വിധിപരമായതു, പേരിടുവാൻ പന്ത്രണ്ടാംദിവസം വിധിച്ചു. അപ്പോൾ പതിമ്മൂന്നാംദിവസം അതിന്നു വിധിപരം. വാതിൽപുറപ്പെടുവാൻ നാലാംതിങ്ങൾ വിധിച്ചതു്; അതിന്നഞ്ചാംതിങ്ങൾ വിധിപരം. ഇത്യാദി എല്ലാടവും കണ്ടുകൊൾക.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
ഗുണാദികഥനം നാമ
നവമോ/ധ്യായഃ.

---

## അഥ ദശമോ/ധ്യായഃ.

### കൎത്തൃവൎജ്ജ്യജന്മാദികഥനം

ഇനി ഇന്നാൾക്കിപ്പൊഴുതു് എന്നു കല്പിച്ചാൽ അവൎക്കു വൎജ്ജിക്കേണ്ടുന്ന അനുജന്മരാശ്യംശകാദികളെ അറിവാൻ അവിടെക്കുപയോഗിക്കുന്നുള്ള അംശകസംജ്ഞാദികളെ ചൊല്ലുന്നു. അവിടെ നടെ അശ്വിന്യാദിനക്ഷത്രങ്ങളിലെ അംശകങ്ങൾക്കു മേഷാദിസംജ്ഞ ഉണ്ടെന്നു ചൊല്ലുന്നു:—

അശ്വിനീപ്രഥമാംശാദ്യാഃ
ക്രമാന്മേഷാദിസംജ്ഞിതാഃ

ഏവം ത്രിഭിസ്ത്രിഭിസ്താരൈ-
ന്നവവാരം ഭവന്തി തേ.

അശ്വിനിതുടങ്ങിയുള്ള നാളിരുപത്തേഴിനും ഓരോന്നിന്നു നന്നാലല്ലൊ കാലാകുന്നു. അപ്പൊഴൊ ഇരുപത്തേഴു നാളും കൂട്ടീട്ടു നൂറെറട്ടുകാലുണ്ടാം. അവിടെ അശ്വിനിമുതൽക്കാൽതുടങ്ങിയുള്ള ഇന്നൂറെറട്ടു കാലുകൾക്കും ക്രമത്താലെ മേഷാദിസംജ്ഞയുണ്ടു്. അപ്പൊഴൊ ഇരുപത്തേഴുനാളുമൊരുവട്ടം കഴിയുമ്പോൾ പന്ത്രണ്ടു രാശിയുമൊൻപതുവട്ടം കഴിയുമല്ലോതാൻ. അശ്വതി, ഭരണി, കാൎത്തിക ഇമ്മൂന്നുനാളും കഴിയുമ്പോൾ മേഷാദിരാശികൾ പന്ത്രണ്ടും ഒരുവട്ടം കഴിയും. പിന്നെ രോഹിണി, മകയിരം, തിരുവാതിര ഇമ്മൂന്നുനാളും കഴിയുമ്പോഴും മേഷാദിരാശികൾ പന്ത്രണ്ടുമൊരുവട്ടംകൂടി കഴിയും. ഈവണ്ണം ക്രമത്താലെ കണ്ടുകൊൾക. എന്നാൽ അശ്വതിയുടെ മുതൽക്കാൽ മേടക്കാൽ, രണ്ടാംകാലിടവക്കാൽ, മൂന്നാംകാൽ മിഥുനക്കാൽ, നാലാംകാൽ കൎക്കടകക്കാൽ, ഭരണിയുടെ മുതൽക്കാൽ ചിങ്ങക്കാൽ, രണ്ടാംകാൽ കന്നിക്കാൽ, മൂന്നാംകാൽ തുലാക്കാൽ, നാലാംകാൽ വൃശ്ചികക്കാൽ, കാൎത്തികയുടെ മുതൽക്കാൽ ധനുക്കാൽ, രണ്ടാംകാൽ മകരക്കാൽ, മൂന്നാംകാൽ കുംഭക്കാൽ, നാലാംകാൽ മീനക്കാൽ ഇങ്ങനെ മൂന്നുനാളുകൊണ്ടു പന്ത്രണ്ടുരാശിയുമൊരുവട്ടം കഴിയും. ഇനി രോഹിണ്യാദികൾ മുമ്മൂന്നിനേക്കൊണ്ടും ഈവണ്ണംതന്നെ കണ്ടുകൊൾക.

ഇനി മേഷാദിരാശികളുടേയും മേഷാദ്യംശകങ്ങളുടേയും അധിപന്മാരെ ചൊല്ലുന്നു:—

ഭൌമശുക്രജ്ഞചന്ദ്രാൎക്ക-
ബുധശുക്രകുജാ ഗുരുഃ
മന്ദാൎക്കിജീവാ മേഷാദി
രാശ്യംശപതയഃ ക്രമാൽ.

മേടത്തേയും മേടക്കാലിനംശകത്തേയും ഉടയതു ചൊവ്വ. ഇടവത്തേയും ഇടവക്കാലംശകത്തേയും ഉടയതു ശുക്രൻ. മിഥുനം ബുധൻ. കൎക്കടകം ചന്ദ്രൻ. ചിങ്ങം ആദിത്യൻ. കന്നി ബുധൻ. തുലാം ശുക്രൻ. വൃശ്ചികം ചൊവ്വ. ധനു വ്യാഴം. മകരം ശനി.

കുംഭം ശനി. മീനത്തേയും മീനകാലിനേയുമുടയതു വ്യാഴം. ഇങ്ങനെ രാശിയുടേയും അംശകങ്ങളുടേയും അധിപന്മാർ.

ഇനിപ്പിറന്നനാൾ തുടങ്ങിയുള്ള നാളുകളുടെ പേരുകളെച്ചൊല്ലുന്നു:—

ജന്മസമ്പദ്വിപൽക്ഷേമം
പ്രത്യരഃ സാധകോ വധഃ
മൈത്രം പരമമൈത്രം ച
ജന്മാദീനി പുനഃ പുനഃ.

പിറന്നാളും പക്കപ്പിറന്നാൾ രണ്ടും ഇവ മൂന്നിനും ജന്മം എന്നു പേർ. ഇവ മൂന്നിന്റേയുമടുത്തമേലെ നാളുകൾക്കു സമ്പൽ എന്നു പേർ. മൂന്നാംനാളുകൾക്കു വിപത്തു്. നാലാമതു ക്ഷേമം. അഞ്ചാമതു പ്രത്യരം. ആറാമതു സാധകം. ഏഴാമതു വധം. എട്ടാമതു മൈത്രം. ജന്മനക്ഷത്രങ്ങളുടെ ഒൻപതാംനാളുകൾക്കു പരമമൈത്രം എന്നു പേർ.

ഇനിപ്പിറന്നാളും പക്കപ്പിറന്നാളും വർജ്ജിക്കേണ്ടുന്നവറ്റെച്ചൊല്ലുന്നു:—

ചൌളവ്രതസ്നാനസേക-
ശസ്ത്രസീമന്തഭേഷജേ
ഗോദാനേ കർണ്ണവേധേ ച
വർജ്ജയേൽ ജന്മഭത്രയം.

തലമിനിയം, വ്രതങ്ങൾകൊള്ളുവാനും, ചാമത്തം, വേളി ശ്ലേഷം, ചുരികകെട്ടുക, സീമന്തം, ഔഷധസേവ, ഗോദാനം കൊള്ളുവാൻ, കാതുകുത്തുക ഇവ ഒൻപതിന്നും പിറന്നാളും പക്കപ്പിറന്നാളുകളും വർജ്ജിക്കണം. ഇളയ്ക്കരുതു്. യജുർവേദികൾ വ്രതത്തിന്നു് ഇവറ്റെ വർജ്ജിയാതേയുമുണ്ടു ചിലർ. ആവശ്യകത്തിങ്കൽ ഗോദാനം വ്രതത്തിനൊ ഇവറ്റെ വർജ്ജിച്ചുകൂടല്ലൊ. ഈ ചാമത്തത്തിന്നാൾതന്നെ വേണമല്ലൊ എന്നു നിയമമുണ്ടു്. എന്നിട്ടു മററവററിന്നാകിൽ വർജ്ജിച്ചുകൊളകയത്രെ മുഖ്യമാകുന്നതു്. എങ്കിലും ഗോദാനം കൊള്ളുവാനമഴിവാനും ഇവറ്റെ വർജ്ജിക്ക ഇളയ്ക്കരുതു്.

ഷോഡശേ വർഷേ ഗോദാനം
തസ്യ ചൌളവൽ പ്രതിപത്തിരവസാനം ച.

എന്നല്ലൊ ബോധായനഗ്രന്ഥം. എന്നിട്ടു്.

ഭാൎയ്യായാ ഏവ സീമന്തേ
നിഷേകേ തു ദ്വയോരപി.

സീമന്തത്തിന്നു ഭാൎയ്യയുടെ പിറന്നാളും പക്കപ്പിറന്നാളും വൎജ്ജിക്കേവേണ്ടു. ഭൎത്താവിന്റേറവ കൊള്ളാം. വേളിശ്ശേഷത്തിന്നു ഭാൎയ്യാഭൎത്താക്കന്മാരിരുവരുടേയും പിറന്നാളും പക്കപ്പിറന്നാളുകളും വൎജ്ജിക്കണം.

ഇനി നടേത്തെപ്പിറന്നാളുതന്നെ വൎജ്ജിക്കേണ്ടുന്നവറ്റെച്ചൊല്ലുന്നു:—

വൎജ്ജ്യം ജന്മ വ്രതസ്യാദ്യം
വിവാഹേഽപ്യുപനീതിഭം
വൎജ്ജ്യം ക്ഷൌരന്ന മാവൃത്ത്യോ-
രാദ്യമന്യേഷു കൎമ്മസു.

വേളിക്ക ഭൎത്താവിന്റെ നടേത്തെപ്പിറന്നാൾതന്നെ വൎജ്ജിക്കേവേണ്ടു. ഭൎത്താവിന്റെ പക്കപ്പിറന്നാളുകളും പെണ്ണിന്റെ പിറന്നാളുകൾ മൂന്നും കൊള്ളാം. അതു ചൊല്ലീട്ടുമുണ്ടു്.

ഉദ്വാഹേ വരജന്മാദ്യം
വൎജ്ജ്യമന്യദ്വയം ശുഭം
കന്യാജന്മത്രയം ശസ്തം
തൃതീയാദ്യാസ്തു ഭൎത്തൃവൽ.

ഇങ്ങനെ.

വ്രതങ്ങൾക്കും, ഗോദാനത്തിന്നും, ചാമത്തത്തിന്നും ഇടയിലുള്ള ക്ഷൌരങ്ങൾക്കും, ഇവറ്റിന്നു് ഉപനിച്ചനാളുംകൂടി വൎജ്ജിക്കണം. ഇനി ഇവിടെച്ചൊല്ലിയ കൎമ്മങ്ങളൊഴിച്ചുള്ളവറ്റിന്നൊക്കവെ നടേത്തെപ്പിറന്നാൾ വൎജ്ജിക്ക. അവറ്റിന്നു പക്കപ്പിറന്നാൾ രണ്ടും കൊള്ളാം.

ഇനി നടേത്തെപ്പിറന്നാളുംകൂടി കൊള്ളാവുന്നവറ്റെച്ചൊല്ലുന്നു:—

ഗൃഹസ്ഥാഗ്രയണേ വസ്ത്ര-
ധാരണേ ച നവാശനേ
പുണ്യകൎമ്മണ്യലങ്കാരേ
ശുഭദം ജന്മഭത്രയം.

ആഗ്രയണത്തിന്നും, പുടവയുടുപ്പാനും, പുത്തരി ഉണ്മാനും, പുണ്യകൎമ്മങ്ങൾ എന്ന ആയുഷ്കരാദിഹോമാദികൾക്കും, ദേവൎ

ക്കാൺക, ദേവപൂജ, ബ്രാഹ്മണപൂജ, ദാനംചെയ്ക ഇത്യാദികൾ അവററിന്നും, ആഭരണമിടുവാനും ഇവയഞ്ചിനും പിറന്നാളുകൾ മൂന്നും നന്ന്. പിറന്നാളും പകപ്പിറന്നാളുകളും വജ്ജിക്കുന്നേടത്തു ചൊല്ലിയവണ്ണന്തന്നെയത്രെ ആചാരം.

ഇനി ബലാബലമറിവാൻ പഞ്ചാശികയിൽ ചൊല്ലിയതു കൂടി എഴുതിയേക്കുന്നു.

കണ്ണവേധേ ത്യജേജ്ജന്മ-
ത്രയമൌഷധശസ്ത്രയോഃ
സേകസീമന്തഗോദാന
സ്നാനചൌളവ്രതേഷു ച.

നാമാന്നോപനയഷഷ്ഠാദ്യം
വിവാഹേ പുരുഷസ്യ തൽ
വജ്ജ്യന്നിന്ദിതമന്യേഷു
ശസ്തം വാസോനവാന്നയോഃ.

ത്യാജ്യം ക്ഷൌരവ്രതസ്നാന-
ഗോദാനേഷൂപനീതിഭം.

ഇങ്ങനെ.

ഇവിടെ 'നിന്ദിതമന്യേഷു' എന്നു ചൊല്ലിയതും വജ്ജിക്കുമാറത്രെ ആചാരം കാണുന്നതു്.

ഇനി എല്ലാററിന്നും വജ്ജിക്കേണ്ടുന്ന മൂന്നാംനാൾ അഞ്ചാംനാൾ ഇത്യാദികളെച്ചൊല്ലുന്നു:—

ആദ്യാത്തു ജന്മനക്ഷത്രാത്
ത്രിപഞ്ചസപ്തതാരകാഃ
വിശേഷതോ വജ്ജനീയാ-
സ്സവ്വേഷു ശുഭകമ്മസു.

സപ്തം എന്നു് ഏഴ്. സപ്തതാരകം എന്നു് ഏഴാംനാൾ. നടേത്തെപ്പിറന്നാൾ തുടങ്ങീട്ടു മൂന്നാംനാളും, അഞ്ചാംനാളും, ഏഴാംനാളും മുഴുവൻ വജ്ജിക്കേണമെല്ലാകമ്മങ്ങൾക്കും.

ദ്വിതീയജന്മഭാത്തേഷു
കുവേദാഗ്ന്യംശകാംസ്ത്യജേൽ.

കു എന്നു് ഒന്നു്. വേദം എന്നു നാലു്. അഗ്നി എന്നു മൂന്നു്. പക്കപ്പിറന്നാളുകൾ രണ്ടല്ലൊ ഉള്ളു. അതിൽ നടേത്തേതിനെ ദ്വിതീയജന്മഭം എന്നു ചൊല്ലി. അപ്പൊഴൊ നടേത്തെപ്പക്കപ്പിറന്നാൾ തുടങ്ങീട്ടു മൂന്നാംനാളുടെ മുതല്ക്കാലും അഞ്ചാംനാളുടെ നാലാംകാലും ഏഴാംനാളുടെ മൂന്നാംകാലും വജ്ജിക്കണം. ഇതുതന്നെ പരല്പേരുകൊണ്ടു ചൊല്ലുന്നുണ്ടു്. രണ്ടാംപിറന്നാളാകുന്ന നടേത്തെ പക്കപ്പിറന്നാൾതുടങ്ങി ഗോമാസനാളുകളിൽ ക്രമത്താലെ കാവാലിക്കാലുകളെ വജ്ജിക്ക.

തൃതീയജന്മഭാത്തേഷു
പാപഭാഗാൻ വിവജ്ജയേൽ.

മൂന്നാംപിറന്നാളായതു രണ്ടാംപക്കപ്പിറന്നാൾ. ഒട്ടക്കത്തെ പക്കപ്പിറന്നാൾ തുടങ്ങീട്ടു മൂന്നഞ്ചേഴാംനാളുകളിലെ പാപാംശകങ്ങളെ വജ്ജിക്ക. അവിടെ ആദിത്യനും, ക്ഷീണചന്ദ്രനും, പാപികളോടുകൂടിയ ബുധനും പാപിയല്ല. ഇങ്ങനെയത്രെ അംഗീകരിക്കുന്നു. അവിടെ മൂന്നാംപിറന്നാൾതുടങ്ങീട്ടു മൂന്നഞ്ചേഴാംനാളുകളിലെ പാപാംശകങ്ങളെ ഒക്കെ വജ്ജിക്കണം എന്നല്ലൊ ചൊല്ലി. അപ്പാപാംശകങ്ങളെ ഒക്കെ വജ്ജിക്കിലാം. വേണ്ടാ. കാവാലിക്കാലുകളിൽ വരുന്ന പാപാംശകങ്ങളെ വജ്ജിക്കേവേണ്ടു. അതല്ലാത്തവറെറക്കൊള്ളാം എന്നുചൊല്ലുന്നു.

ത്രിപഞ്ചസപ്തതാരേഷു
ക്രമാദന്ത്യേഷു കേചന
വദന്ത്യുഗ്രാംശകാ ഗ്രാഹ്യാഃ
കുവേദാഗ്നിമിതാ നചേൽ.

ഒട്ടക്കത്തെ പക്കപ്പിറന്നാളുടെ മൂന്നാംനാളിൽ മുതല്ക്കാലിൽ വരുന്ന പാപാംശകം എങ്കിലെ വജ്ജിക്കേണ്ടു. മുതല്ക്കാലിലെന്നിയെ വരുന്ന പാപാംശകങ്ങളെക്കൊള്ളാം. അഞ്ചാംനാളിൽ പാപാംശകം നാലാംകാലിൽ വരികിലെ വജ്ജിക്കേണ്ടു. നാലാംകാലിലെന്നിയെ വരുന്ന പാപാംശകങ്ങളെക്കൊള്ളാം. ഏഴാംനാളിലെ പാപാംശകം മൂന്നാംകാലായി വരികിലെ വജ്ജിക്കേണ്ടു. മൂന്നാംകാലിലെന്നിയെവരുന്ന പാപാംശങ്ങളെക്കൊള്ളാം. അപ്പൊഴെ ഒട്ടക്കത്തെ പക്കപ്പിറന്നാൾതുടങ്ങി മൂന്നഞ്ചേഴാംനാളുകളിൽ

ക്രമത്താലെ കാവാലിക്കാലുകളും പാപാംശകവുമൊരുമിച്ചുവരികി ലെ വൎജ്ജിക്കേണ്ടു. കാവാലിക്കാലുകളെന്നിയെ വരുന്ന പാപാംശകങ്ങളെക്കൊള്ളാം. പാപാംശകങ്ങളല്ലാഞ്ഞിൽ കാവാലിക്കാലുകളെയും കൊള്ളാം എന്നു പൊരുൾ. ഇങ്ങനെ ചൊല്ലുന്നു ചിലർ. പെരുമനത്തിവണ്ണംതന്നെ ആചാരം. ഇനി തൃശ്ശിവപേരൂർ കഴിഞ്ഞു വടക്ക് ഒട്ടക്കത്തെപ്പുകപ്പിറന്നാൾതുടങ്ങി തെക്കോട്ട വേണാട്ടുകരകഴിവോളം ഇങ്ങനെതന്നെയത്രെ ആചാരം. തൃശ്ശിവപേരൂരുമിങ്ങനെതന്നെയത്രെ ആചാരം. പെരുമനത്തുനിന്നുതുടങ്ങി തെക്കോട്ട വേണാട്ടുകരകഴിവോളം ഇങ്ങനെതന്നെയത്രെ ആചാരം. ഇനി തൃശ്ശിവപേരൂർകഴിഞ്ഞു വടക്ക് ഒട്ടക്കത്തെപ്പിറന്നാൾതുടങ്ങി മൂന്നഞ്ചേഴാംനാളിലെപ്പാപാംശകങ്ങളെ വൎജ്ജിക്കമാറല്ലയത്രെ ആചാരം എന്നറിഞ്ഞീലതാനും. അതു കേട്ടു നിൎണ്ണയിച്ചുകൊൾക.

അഷ്ടാശീതിതമം ഭാഗം

വൈനാശാഖ്യം വിവൎജ്ജയേൽ  
അഷ്ടോത്തരശതാംശം ച  
ജന്മാംശാത് സൎവ്വകൎമ്മസു.

ഒരു നാൾക്കു നാലല്ലൊ കാലുള്ളു. അവററിൽ എതുകാലിലിവൻ പിറന്നു അക്കാൽതുടങ്ങി എണ്ണത്തെട്ടാംകാലും, നൂറെറട്ടാംകാലും എല്ലാററിനും വൎജ്ജിക്ക. പിറന്നാളുടെ ഇരുപത്തിരണ്ടാംനാളിൽ താൻ, ഇരുപത്തിമൂന്നാംനാളിൽതാൻ വന്നു ഞായം എൺപത്തെട്ടാംകാല്. യാതൊരുനാളിലും മുതല്ക്കാൽപിറക്കുന്നുവെങ്കിൽ പിറന്നാളിന്റെ ഇരുപത്തുരണ്ടാംനാളിലെ നാലാംകാൽ എണ്ണത്തെട്ടാംകാലായതു്. രണ്ടാംകാൽപിറക്കിൽ ഇരുപത്തിമൂന്നാംനാളിലെ മുതല്ക്കാൽ. മൂന്നാംകാൽപിറക്കിൽ ഇരുപത്തിമൂന്നാംനാളിലെ രണ്ടാംകാൽ. നാലാംകാൽപിറക്കിൽ ഇരുപത്തിമൂന്നാംനാളിലെ മൂന്നാംകാൽ എൺപത്തെട്ടാംകാലായതു്. എൺപത്തെട്ടാംകാലിനു വൈനാശികക്കാലെന്നു പേർ. ഇവൻ പിറന്നകാലുടെ അടുത്തു കീഴെക്കാൽ നൂറെറട്ടാംകാലായതു്, അതൊ ഇരുപത്തേഴുനാൾകളുംകൂടീട്ടു നൂറെറട്ടല്ലൊ കാലുള്ളു എന്നിട്ടു്. അന്നുനൂറെറട്ടാംകാലുമെല്ലാററിനും വൎജ്ജിക്ക.

ജന്മാഷ്ടമർക്ഷതല്ലഗ്ന-
പാപശുക്രതദംശകാൻ
ലഗ്നാദഷ്ടമരാശിം ച
സർവ്വകർമ്മസു വർജ്ജയേൽ.

ജന്മം എന്നു പിറന്നകൂറ്. ജന്മാഷ്ടമർക്ഷം എന്നു പിറന്നകൂറ്റിന്റെ എട്ടാംരാശി. അതു് അഷ്ടമരാശിയായതു്. ആയഷ്ടമരാശിയേയും അതിൽ നിന്നു് ആയഷ്ടമരാശിയിലെ ലഗ്നൻ അതഷ്ടമരാശിക്കൂറായതു്. ആയഷ്ടമരാശിക്കൂറിനേയും പാപശുക്രതദംശകാൻ എന്നു പാപികൾതാൻ, ശുക്രൻതാനാവൂ ആയഷ്ടമരാശിയുടെ ഉടയതു് എങ്കിൽ ആയഷ്ടമരാശിക്കാലുകൾ പാപശുക്രാംശകങ്ങളാകുന്നു. ആയഷ്ടമരാശ്യംശകങ്ങളെയും ഇവററെ ഒക്കവെ എല്ലാററിനും വർജ്ജിക്ക.

മേടക്കൂറു പിറന്നവനു വൃശ്ചികമല്ലൊ അഷ്ടമരാശി. വൃശ്ചികത്തിന്നൊ പാപനല്ലൊ അധിപതിയാകുന്നതു്. എന്നിട്ടു് അവനു വൃശ്ചികക്കാൽ വർജ്ജിക്ക. ഇടവക്കൂറു പിറന്നവർക്കു് അഷ്ടമരാശ്യധിപതി വ്യാഴമാകകൊണ്ടു് അഷ്ടമരാശിക്കാൽ വർജ്ജിക്കേണ്ട. മകരക്കൂറു പിറന്നവനു ചിങ്ങക്കാൽ വർജ്ജിക്കുമാറത്രെ ആചാരം. ഇത്യാദികണ്ടുകൊൾക. ലഗ്നം എന്നു് ഇവൻ പിറന്ന. രാശി. അതിന്റെ എട്ടാംരാശിയെ ലഗ്നാഷ്ടമമെന്നു ചൊല്ലുന്നു ലഗ്നാഷ്ടമരാശിയേയുമെല്ലാററിനും വർജ്ജിക്ക. ലഗ്നാഷ്ടമരാശി തന്നെ വർജ്ജിക്കേവേണ്ടു. അതിനു ക്രൂരം പാപശുക്രാംശകങ്ങളെല്ലാം നിരൂപിക്കേണ്ട.

ജന്മാഷ്ടമേ തുലാരാശൌ
തദംശോ ഗൃഹ്യതേ പരൈഃ.

മീനക്കൂറു പിറന്നവർക്കു തുലാക്കാലല്ലൊ അഷ്ടമരാശിക്കാലായതു്. അതിനെ ചിലരുണ്ടു കൊള്ളുന്നു വൈശ്യതിന്നു്. തുലാക്കൂറു പിറന്നവർക്കു് ഇടവക്കാൽ വർജ്ജിക്കുമാറത്രെ ആചാരം. മീനക്കൂറു പിറന്നവർക്കു തുലാക്കാൽ വർജ്ജിക്കുന്നതുവല്ലതാനും. ഇങ്ങിനെയത്രെ ആചാരം കാണുന്നു.

ഇവിടെ അന്തർക്കർമ്മങ്ങൾക്കു തനിക്കു തനിക്കു വർജ്ജിപ്പാൻ ചൊല്ലിയ പിറന്നാൾ, പക്കപ്പിറന്നാൾ, മൂന്നഞ്ചേഴാംനാൾ ഇവ

വേളികഴിഞ്ഞാൽ, വേളിദശ്ലേഷത്തിന്നും, ഭാൎയ്യാഭൎത്താക്കന്മാരിരുവൎക്കും വൎജ്ജിക്കണം. പിന്നെ ഗൎഭമുണ്ടായാൽതുടങ്ങീട്ടു പ്രസവിപ്പോളം ഗൎഭിണിക്കുതന്നെ വൎജ്ജിക്കേണ്ടു. പിറന്നാൽ പിന്നെയുള്ള കൎമ്മങ്ങൾക്കു് ഒക്കെ ചെറിയവന്നു തന്നെ വൎജ്ജിക്കേണ്ടു. അവിടെ ഉപനയനത്തിന്നു വിശേഷമുണ്ടു്. അതിന്നു് ഉപനിക്കുന്നവന്റെ അഷ്ടമരാശിയും, അഷ്ടമരാശിക്കൂറുംകൂടെ വൎജ്ജിക്കണം. അവന്റെ മൂന്നഞ്ചേഴാംനാളിത്യാദികളെല്ലാം വൎജ്ജിക്കമാറില്ലതാനും.

ആചാൎയ്യാഷ്ടമഭം നിന്ദ്യം
നാമധേയാദികൎമ്മസു
നനിശ്ചയേനാസി ത്യാജ്യ-
മുപനീതൌ വിശേഷതഃ.

എന്നുണ്ടൊരുഗ്രന്ഥം.

ഇങ്ങനെ പിറന്നാൾ, പക്കപ്പിറന്നാൾ, മൂന്നഞ്ചേഴാംനാൾ, അഷ്ടമരാശി ഇത്യാദികളുടെ ആചാരസ്ഥിതി ചൊല്ലീതായി.

ഇനി ബലാബലമറിവാൻ ചില ഗ്രന്ഥങ്ങളെക്കൂടിയെഴുതിയേക്കുന്നു.

ഗൎഗ്ഗഃ.

ശ്രാദ്ധം യാത്രാം ചികിത്സാം ച
മൈഥുനാഭ്യഞ്ജനം തഥാ
ചൌളോപനയനാദീനി
വൎജ്ജയേൽ ത്രിഷു ജന്മസു.

ദേവരാതഃ.

യാത്രാക്ഷൌരവിവാഹവാഹനരണ-
പ്രേതക്രിയാസാഹസാ
ഗോദാനവ്രതമൌഞ്ജിബന്ധവനിതാ-
ബാലാന്നഭുക്തിക്രിയാഃ
സീമന്തൌഷധതൈലമാംസഭജനം
വാസ്തുപ്രതിഷ്ഠാലയാ
വൎജ്ജ്യാ ജന്മഭനാംജ്ഞിതേഷു നികലാഃ
ക്രൌൎയ്യാദിനിന്ദ്യാഃ ക്രിയാഃ.

ഇങ്ങനെ.

ശ്രീപതിഃ.

ഭൈഷജ്യസീമന്തവിവാഹയാത്രാഃ
ക്ഷൗരം സമാവൎത്തനമൂഢികാദ്യൈഃ
യാനാധിരോഹോപ്യുപനായനം ച
ശ്രാദ്ധം ത്രിജന്മസ്വപി വൎജ്ജനീയാഃ.

ഇങ്ങനെ.

ദേവരാതഃ.

വിദ്യാഭൂഷണയജ്ഞനൈറിക്രിയയജപാ
വേശ്മാദികം ശാന്തികം
വേദാദ്ധ്യായപുരാണഭാരതമനാ-
സ്മൃത്യാദിസംകീൎത്തനം
ദാനസ്നാനസുഗന്ധമാല്യഭരണം
മംഗല്യസിദ്ധിക്രിയാം
കുൎയ്യാജ്ജന്മഭസംജ്ഞിതേഷു ഗുരുവേ-
ദാഗ്നിദ്വിജാഭ്യൎച്ചനം.

ഇങ്ങനെ.

നാരദഃ.

ജന്മൎക്ഷാദ്ദശമം തതോപി ദശമ-
ഞ്ജന്മൎക്ഷമിത്യുച്യതേ
ത്രിഷ്വപ്യാദ്ദശമം തദൎദ്ധഫലദ-
ന്തസ്മാത്തദൎദ്ധം ഫലം.

ഇങ്ങനെ.

പഞ്ചാശികയിലതൊ മുൻപെ ചൊല്ലീട്ടും ചെയ്യുകല്ലൊ.

സൎവ്വാനേവ വിപത്തിപഞ്ചമവധേ-
ഷ്വാദ്യേഷു ഭേഷ്വംശകാ-
ന്മദ്ധ്യേഷ്വാദ്യതുരീയപാവകമിതാ-
നന്ത്യേഷു വാ വൎജ്ജയേൽ
സൽകൎമ്മാ ബലവാഞ്ഛുഭാംശകഗതോ
ദൃഷ്ടശ്ച സൌമ്യഗ്രഹൈ-
ൎജ്ജന്മപ്രത്യരജാനപിപദ്വധഭവാൻ
ദോഷാനപിധ്യുബ്ബാധതേ.

ഇതു മാധവീയം.

അഗസ്ത്യഃ.

ജന്മതാരാദിതാരാസു
വിപൽപ്രത്യരനൈധനാഃ
പഞ്ചായേ പ്രഥമേ വർജ്ജ്യാ
ദ്വിതീയേ ഭൂചതുസ്ത്രയഃ.

പാദാസ്ത്യാജ്യാസ്തൃതീയേ തു
സർവാസ്താരാശ്ച ശോഭനാഃ.

ഇതി.

അത്രിയുക്തവചോ᾽പ്യഗസ്ത്യവചനാനുസാരി.

തഥാഹി.

പ്രഥമേ സകലം ത്യാജ്യം
ദ്വിതീയേ ത്വംശകാംസ്ത്യജേൽ
തൃതീയേ സകലം ഗ്രാഹ്യം
വിനാ വൈനാശികാഹ്വയം.

പിറന്നാളും പക്കപ്പിറന്നാളുകളും തുടങ്ങി മൂന്നഞ്ചേഴാംനാളു ക്രമത്താലെ കാവാലിക്കാലുകൾ വർജ്ജിക്കേവേണ്ടു. മററെക്കാലുകൾ കൊള്ളാമെന്നുണ്ടു ചിലർ ചൊല്ലുന്നു.

നാരദഃ.

വിപൽകരാസു താരാസു
വിപദസ്സംഭവന്തി ഹി
ആദ്യംശസ്തത്ര ദോഷായ
വിദ്യാദന്യേ ശുഭാവഹാഃ.

ജാതസ്യ പഞ്ചമർക്ഷോ യഃ
പ്രത്യരാഖ്യസ്തു നാശദഃ
ചതുർത്ഥാം᾽ശോ᾽ത്ര ദോഷായ
ശേഷാസ്സർവ്വേ ശുഭാവഹാഃ.

വധാഖ്യസ്സപ്തമർക്ഷസ്സ്യാൽ
വധായ യതതേ സ്വയം
തൃതീയാംശസ്തു ദോഷായ
വിദ്യാദന്യേ ശുഭാവഹാഃ.

ഇതി.

ബൃഹസ്പതിഃ.

വിപദി പ്രത്യരവധേ
പ്രഥമാന്ത്യത്രിഭാഗതഃ
വിനാഡ്യോംശാശ്ശുഭാസ്സർവ്വേ
സർവ്വേഷു ശുഭകർമ്മസു.

വിപദി പ്രഥമം പാദം
പ്രത്യരേ തു ചതുർത്ഥകം
വധാഖ്യേ ച തൃതീയാംശം
വർജ്ജ്യമംശേതരാശ്ശുഭാഃ.

എന്നുമുണ്ടൊരുഗ്രന്ഥം കണ്ടു.

മൂന്നഞ്ചേഴാംനാളുകളിൽ അഞ്ചാംനാൾക്കു ദോഷം കുറവു. അഞ്ചാംനാളെക്കാട്ടിൽ ദോഷമേറും മൂന്നാംനാൾക്ക്. അതിനേക്കാൾ ദോഷമേറും ഏഴാംനാൾക്ക്.

ബൃഹസ്പതിഃ.

ജന്മകർമ്മപ്രതിഷ്ഠാഖ്യ-
നക്ഷത്രേഭ്യഃ ക്രമാദമീ
സമ്പദ്വിപത്തഥാ ക്ഷേമ-
പ്രത്യരം സാധകോ വധഃ.

മൈത്രം പരമമൈത്രം ച
നവസംജ്ഞാസ്തു കർമ്മണാം
സ്വസംജ്ഞാഭിസ്സമം തേഷാം
കൃതം ജന്മനി തൈഃ ഫലം.

ഇതി.

ഭരദ്വാജഃ.

ജന്മർക്ഷേ ദേഹനാശായ
കൃതം കർമ്മ ഭവിഷ്യതി
സമ്പൽക്കരേ തു യൽ കർമ്മ
സമ്പദാമാസ്പദം ഭവേൽ.

വ്യാപദം കുരുതേ യസ്മാ-
ദ്വിപൽക്കരമിതി സ്മൃതം
ക്ഷേമേണ സുകൃതം കാര്യം
ക്ഷേമാരോഗ്യകരം ഭവേൽ.

കാൎയ്യസമ്പന്നിഷേധതപാൽ
പ്രത്യരം തപിതി കീൎത്തിതം
സാധകസ്സാധയേദൎത്ഥാ
ന്നചിരാദശ്രമാദപി.

നിധനം ഹി ഭവേദ്യസ്മാ-
ത്സപ്തമോ വധസംജ്ഞിതഃ
മൈത്രം തു മിത്രസംപ്രീത്യാ
കൎയ്യാൽ കാൎയ്യഫലോദയേ.

പരമം മൈത്രമാസാദ്യ
യത് കാൎയ്യം കുരുതേ നരഃ
തത് കാൎയ്യം സുകരം തസ്യ
സിദ്ധ്യതേ നാത്ര സംശയഃ.

പിറന്നാളുടെ ഇരുപത്തെഴാംനാൾ മുഴുവൻ വൎജ്ജിക്കണം എന്നുണ്ടു ചിലർ ചൊല്ലുന്നു.

ജന്മൎക്ഷാൽ പൂൎവ്വനക്ഷത്രം
സപ്തവിംശതിദം ഭവേൽ
സപ്തവിംശതിനക്ഷത്രം
സൎവ്വകൎമ്മസു വൎജ്ജയേൽ

എന്നുണ്ടൊരു ഗ്രന്ഥംകണ്ടു

അങ്ങിനെ വ്യാഖ്യകതം.

ജന്മൎക്ഷാൽ പൂൎവ്വനക്ഷത്രം
സപ്തവിംശതിദം ഭവേൽ
ശ്രാദ്ധേ വിവാഹേ ക്ഷൌരേ ച
ഗമനേ ച ദ്വിജന്മനാം

എതേഷു ശുഭകാൎയ്യേഷു
സൎവ്വദാ മരണപ്രദം.

ഇതി.

കാലവിധാനപദ്ധതൌ.

വിപദധപ്രത്യരസപ്തവിംശ
ചന്ദ്രാഷ്ടവൈനാശികജന്മഭേഷു,

പിറന്നക്കൂറിന്റെ ആറാംരാശിയും പന്ത്രണ്ടാംരാശിയുംകൂടി വൎജ്ജിക്കേണം എന്നുമുണ്ടു ഗ്രന്ഥങ്ങൾ.

ത്യജന്തി ഷഷ്ഠവ്യയൌ ചാന്യേ

എന്നു മാധവീയം.

ഷഷ്ഠോഽഷ്ടമാദ്വാദശകശ്ച രാശി-
ശ്ശുഭേഷു കൎമ്മസ്വതിഗൎഹണീയഃ.

എന്നുമുണ്ടൊന്നുകണ്ടു.

പിറന്നനാളുടെ ഇരുപത്തിരണ്ടാംനാളും നാളിൽപിറന്ന കാലൂടെ എൺപത്തെട്ടാംകാലുംകൂടി വൎജ്ജിക്കണം എന്നുണ്ടു ചിലർ ചൊല്ലുന്നു.

നാരദഃ.

വൈനാശികസ്തു ജന്മൎക്ഷാദ്
ദ്വാവിംശൎക്ഷോ വിനാശദഃ
അഷ്ടാശീത്യംശകോ ഭാനാ-
ഞ്ജന്മതശ്ച വിനാശദഃ.

„ഇരുപത്തുകഴിഞ്ഞുണ്ടു രണ്ടാംനാളും" എന്നു താമരനല്ലൂർ.

എൺപത്തെട്ടാംകാൽ എതൊരു നാളിൽ വരുന്നു അന്നാളുമുഴുവൻ വൎജ്ജിക്കണം എന്നുണ്ടു മാധവീയത്തിൽ.

അഷ്ടാശീതിതമോഽംശോ
യസ്മിഞ്ജന്മാദിഗണനയാ ഭവതി
വൈനാശികന്തദൃക്ഷം
ത്യജന്തി കേചിത്തമേവാംശം.

മൂന്നഞ്ചേഴാംനാളുകളുടെ ദോഷത്തിന്നപവാദം മാധവീയത്തിലെതോ മുൻപെ ചൊല്ലിയല്ലൊ. „സത്കൎമ്മാ ബലവാൻ' ഇത്യാദി.

ഇനി മുഹൂൎത്താരംഭം.

ശുഭവൎഗ്ഗഗതശ്ചന്ദ്ര-
ശ്ശുഭകൎമ്മാ ശുഭേക്ഷിതഃ
ത്രിജന്മപ്രത്യരവിപ-
ദ്വധദോഷാനപോഹതി.

ഇതി.

അഥാഷ്ടമരാശ്യപവാദഃ മാധവീയേ.

സ്വകീയജന്മാഷ്ടമരാശിപത്യോർ-
മൈത്ര്യാ ന ജന്മാഷ്ടമരാശിദോഷഃ.

മുഹൂത്തരത്നേ.

ജന്മാഷ്ടമേശമിത്രത്വേ
രാശിജ്ജന്മാഷ്ടമോ പരഃ
അഷ്ടമേശേതി ശബ്ദേന
ഖരപോƒഭിമതഃ കില.

ഖരപ ഇതി ദ്വാവിംശദ്രേക്കാണാധിപതിഃ.

നാരദഃ.

ജന്മേശമൃത്യുരാശീശൌ
മിഥോ മിത്രം യദാ തദാ
ജന്മാഷ്ടമസ്ഥചന്ദ്രോത്ഥ-
ദോഷോ ഭംഗത്വമാവ്രജേൽ.

ഇതി.

അഥ വൈനാശികാപവാദഃ മാധവീയേ.

ജന്മേശകർമ്മേശപരമിത്രഭാവഃ
ക്ഷിണോതി വൈനാശികദോഷമുഗ്രം.

ജന്മകർമ്മർക്ഷനാഥൌ ദ്വൌ
മിഥോ മിത്രം യദാ തദാ
വൈനാശികാംശകോല്പന്ന-
ദോഷോ ഭംഗത്വമാപന്ന്യാൽ.

എന്നമുണ്ടൊന്നുകണ്ടു.

മുഹൂത്തരത്നേ അഷ്ടാശീതിതമാംശപഃ കർമ്മേശശബ്ദേന നോക്തഃ,

ജന്മകർമ്മേശമിത്രത്വ-
വൈനാശികമദൂഷികാ
തഥാ കർമ്മേശശബ്ദേന
ഹോദ്രാംശപ ഇതീരിതഃ.

ഇതി.

അഥാഷ്ടമരാശ്യംശകാപവാദഃ മുഹൂൎത്തരത്നേ.

അഷ്ടമാംശഗതശ്ചന്ദ്രോ
നേഷ്ടസ്സൎവ്വേഷു കൎമ്മസു
ശുഭാംശകേ പ്രശസ്തസ്സ്യാ-
ന്ന തു ഭൃഗ്വംശകേ സദാ.

പാപാംശകാ വിവൎജ്ജ്യാസ്സ്യുഃ
കൃഷ്ണപക്ഷേ വിശേഷതഃ
സൌമ്യാംശകാഃ പ്രശസ്താസ്സ്യുഃ
പൂൎവ്വപക്ഷേ ശശീ ശുഭഃ.

തുലാംശകഗതശ്ചാപി
ചന്ദ്രഃ പൂൎണ്ണോ ന ദോഷദഃ
പൂൎണ്ണോഽപി ന വൃഷാംശസ്ഥോ
മദ്ധ്യാംശേ സത്ഭിരിഷ്യതേ.

അഥ ലഗ്നാഷ്ടമാപവാദഃ മുഹൂൎത്തരത്നേ.

ലഗ്നാഷ്ടമൎക്ഷേ സൎവ്വത്ര
രാശിമാത്രം വിവൎജ്ജയേൽ
ത്രിംശദ്ഘഷാണ്ണാധ്യോഽത്രപ
ഷഷ്ഠിതോഽധസ്തു മധ്യമഃ.

തതഃ പരം തു നോ ദോഷ
ഇതി വിദ്വദ്ഭിരീരിതഃ
തതഃ പരം ന ദോഷായ
ലഗ്നേ സൌമ്യയുതേക്ഷിതേ

ബലാബലമറിവാനത്രെ ഈ ഗ്രന്ഥങ്ങളേക്കൂടി എഴുതി. ആചാരസ്ഥിതിയറിവാനല്ല. മുൻപിൽ മൂലത്തിൽ ചൊല്ലിയവണ്ണം തന്നെയത്രെ ആചാരസ്ഥിതി.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
കൎത്തൃവൎജ്ജ്യജന്മാദികഥനന്നാമ
ദശമോഽദ്ധ്യായഃ.

## അഥൈകാദശോഽദ്ധ്യായഃ.

### സാവനാദികാലമാനനിരൂപണം.

ഇനി സാവനാദികാലമാനങ്ങളിൽ ഇന്നതിന്നു് ഇന്നതു കൊള്ളേണ്ടുവതു് എന്നു ചൊല്ലുന്നു:—

സാവനസ്സമ്മതഃ കാലോ
വ്രതസീമന്തപുംസവേ
ചൌളോപനീത്യോസ്സൌരോഽപി
ചാന്ദ്രോഽപ്യാപദി ഭോജനേ.

വ്രതങ്ങൾ, സീമന്തം, പുംസവനം ഇവററിന്നു സാവനം കൊണ്ടത്രെ സംവത്സരവും മാസവും കണ്ടു ഞായം. ചൌളത്തിന്നും ഉപനയനത്തിന്നും സാവനവും, സൌരവും ഇവരണ്ടും കൊള്ളുന്നു. ചോറൂണിന്നു സാവനവും, സൌരവും കൊള്ളാം. ആപത്തിങ്കൽ ചാന്ദ്രവും കൂടിക്കൊള്ളാം.

ഇനി ഇവററിൽത്തന്നെ ചില വിശേഷങ്ങളുണ്ടുള്ളു. അവ ററെച്ചുരുക്കി പറയുന്നുണ്ടു്. വ്രതത്തിന്നു സാവനംകാലം എന്നു ചൊല്ലിയിടത്തു രണ്ടുപ്രകാരം വരുമതു്. ഇത്രാണ്ടിൽ ഇന്ന വ്രതം കൊൾക എന്നു വിധിച്ചുള്ളേടത്തു സാവനംകൊണ്ടു വേണമുണ്ടു കാണ്മാൻ. അതൊ, 'ഷോഡശേ വർഷേ ഗോദാനം' എന്നുണ്ടല്ലൊ ഗോദാനത്തിന്നു വിധി. അവിടെ സാവനം കൊണ്ടു പതിനാറിൽ വേണമതു ചെയ്വാൻ. ഇതൊന്നു്. ഇനി മറേറതു്. ഒരാണ്ടേക്കു് ഇന്ന വ്രതം കൊണ്ടു എന്നിയെ ആറു മാസത്തേക്കു കൊണ്ടു എന്നുതാൻ ഇത്യാദികാലത്തെ നിയമിക്കേണമല്ലൊ വ്രതംകൊള്ളുമ്പോൾ. അതിന്നും സാവനംകാലം വേണ്ടുവതു്. ഇങ്ങനെ രണ്ടുപ്രകാരം വരുന്നു. അവിടെ ഇത്രാണ്ടിൽ എന്നു ചൊല്ലിയേടത്തു ഗോദാനത്തിന്നു സൌരംകൊണ്ടും പതിനാറിലാചാരമുണ്ടു്. അവിടെയുണ്ടു വിചാരിക്കേണ്ടുവതു്. സൌരംകൊണ്ടു പതിനാറു തികഞ്ഞു. പതിനാറുതികയുന്ന ആട്ടപ്പിറന്നാൾ കഴിഞ്ഞതുമില്ല. അങ്ങനെ വരുമൊരിക്കൽ ഇനി മറെറജ്ജാതിയും വരുമൊരിക്കൽ. പതിനാറുതികയുന്ന ആട്ടപ്പിറന്നാൾ കഴിഞ്ഞു പതിനേഴു തുടങ്ങി പിന്നെയും സൌരംകൊണ്ടു പതിനാറു തികഞ്ഞതുമില്ല. ഇങ്ങനെയും വരും. ഇവ രണ്ടുപൊഴുതുകളിലും ഗോദാനം കൊള്ളാമൊ എന്നു പെരികെ വിചാരിക്കണം. അപ്പൊഴുതുവരുന്ന പ്രകാരത്തെക്കാട്ടുന്നു.

മിഥുനഞായർപിറക്കുന്ന സംക്രാന്തി കഴിഞ്ഞു നടെ അശ്വതി പിറപ്പു ഒരുത്തൻ. ആ തിങ്ങളിൽതന്നെ ഒടുക്കത്തെ അശ്വതി പിറപ്പു മറ്റൊരുത്തൻ. അവരിരുവൎക്കും പിന്നെ പതിനാറു തികയുന്ന ആട്ടപ്പിറന്നാൾ മിഥുനഞായറൊടുക്കത്തുവന്നു ഞായം എന്നൊ നിശ്ചയമല്ലൊ. ഇനി മറ്റെജ്ജാതിയും വരുമെ. അവിടെ മിഥുനഞായർകഴിയുന്ന സംക്രാന്തിക്കുമുൻപെ അന്ന് അശ്വതി പിറപ്പു ഒരുത്തൻ. അമ്മിഥുനഞായറാദിയിലെ അശ്വതി പിറപ്പു മറ്റൊരുത്തൻ. അവരിരുവൎക്കും പിന്നെപ്പതിനാറുതികയുന്ന ആട്ടപ്പിറന്നാൾ മിഥുനഞായറൊട്ടാദിക്കുവന്നു ഞായം എന്നു നിശ്ചയമത്രെ. ഇനി മിഥുനഞായർ പത്താം തീയതി പിറപ്പു ഒരുത്തൻ, അവൻ പിന്നെപ്പതിനാറുതികയുന്ന ആട്ടപ്പിറന്നാൾ പന്ത്രണ്ടാന്തീയതിക്കടുത്തു വരുമത്രെ എന്നു നിശ്ചയം. എന്നാൽ ആട്ടപ്പിറന്നാൾകൊണ്ടു പതിനാറുതികയുകയും സൌരംകൊണ്ടു പതിനാറുതികയായ്കയും ഒരുദിവസന്തന്നെ വരികയുമില്ല എന്നുവരും.

ഇനി സൌരംകൊണ്ടു പതിനാറുതികയുന്നേടം നിശ്ചയിച്ചറിവാനുപായം പതിനാറു തികയുന്ന ആട്ടപ്പിറന്നാൾ വരുന്ന തിങ്ങളിൽ ഇവന്റെ ജന്മകാലത്തിങ്കലെ ആദിത്യസ്ഫുടം പോലെ തന്നെ ആദിത്യസ്ഫുടം വരുന്നു യാതൊരിക്കൽ അപ്പോൾ സൌരംകൊണ്ടു പതിനാറു തികയുന്നു. ഇങ്ങനെ. എന്നാൽ ആട്ടപ്പിറന്നാൾ കാണുമ്പോൾ പതിനേഴുതുടങ്ങി സൌരംകൊണ്ടു കാണുമ്പോൾ പതിനാറു തികഞ്ഞതുമില്ല എന്നുവരുന്നേടവും സൌരംകൊണ്ടു പതിനേഴു തുടങ്ങി ആട്ടപ്പിറന്നാൾ കൊണ്ടു പതിനാറു തികഞ്ഞതുമില്ല എന്നുവരുന്നേടവും ഇവ രണ്ടെടത്തും ഗോദാനവും കൊള്ളാമൊ എന്നു പെരികെ പലരോടും ചോദിക്കണം. അതൊ ഒരാണ്ടുതികയുന്ന ആട്ടപ്പിറന്നാൾ നക്ഷത്രഹോമം കാലംകൂട്ടുക എന്നുണ്ടൊരു പക്ഷം. പതിമ്മൂന്നാം പിറന്നാൾക്കു കാലംകൂട്ടുക എന്നുമുണ്ടൊരുപക്ഷം.

ഇനി ആശൌചം നിരൂപിക്കുന്നേടത്തു രണ്ടാണ്ടുതികയുന്ന ആട്ടപ്പിറന്നാളിങ്കൽ ചൌളത്തിന്നു കാലം തുടങ്ങുന്നു. പിന്നെ ഏഴാണ്ടുതികയുന്ന ആട്ടപ്പിറന്നാളിങ്കൽ ഉപനയനത്തിന്നു കാലം തുടങ്ങുന്നു. പിന്നെ പെൺകൊടുപ്പാൻ പതിനാരാണ്ടുതികയുന്ന ആട്ടപ്പിറന്നാളിങ്കൽ കാലം തുടങ്ങുന്നു. ഇങ്ങനെ ആട്ടപ്പിറ

ന്നാൾക്ക തലനാളോടുകൂടെ മുൻപിലെ ആണ്ടു തികയുമാറും ആട്ടപ്പിറന്നാൾ പിന്നത്തെയാണ്ടു തുടങ്ങുമാറും ഇങ്ങനെയല്ലൊ ആശൌചത്തിങ്കൽ ആചാരസ്ഥിതിവരുത്തിയിരിക്കുന്ന സ്മാൎത്ത ന്മാർ.

അവിടെ ആട്ടപ്പിറന്നാൾ ഉദയത്തിങ്കൽ ആരംഭമെന്നു ചിലർ. അതല്ല ആട്ടപ്പിറന്നാളുടെ തലനാൾരാത്രി ത്രിഭാഗോപ ക്രമത്തിങ്കൽ ആരംഭം എന്നു മററു ചിലർ. ഇങ്ങനെ രണ്ടുപക്ഷ മെ അവിടെ കാണുന്നതുള്ളു. ആട്ടപ്പിറന്നാളിങ്കലത്രെ ആരംഭം എന്നവൎക്കെല്ലാവൎക്കുമനുവാദം. എന്നാൽ ഗോദാനത്തിന്നും പ തിനാറുതികയുന്ന ആട്ടപ്പിറന്നാളിങ്കൽ അല്ലെല്ലീ പതിനാറു തികയുന്നു എന്നു തോന്നും. എന്നിയെ സൌരസാവനാദി കാല മാനങ്ങളിലൊന്നിലും മാറായല്ലൊ ഈ ആട്ടപ്പിറന്നാൾ. അപ്പൊ ളെങ്ങനെ ആട്ടപ്പിറന്നാൾ രണ്ടുമറുതികൊള്ളു എന്നുതോന്നും ജ്യോതിഃശാസ്ത്രം കാണുമ്പോൾ. എന്നാലിവിടമിന്നും വിചാരിക്ക.

ഇനി വയസ്സിന്റെ ആരംഭം ജന്മകാലംതുടങ്ങീട്ടൊ മുഖ്യ മല്ലൊ. ഗോദാനത്തിന്നു വയററാണ്ടുകൂടിക്കാൺകയുമാം. അതു് ഇരുനൂറെറഴുപതു സാവനദിനംകൂടിക്കാൺക എന്നു ചിലർ. വയററാണ്ടുകൂടിക്കാൺക എന്നു ചിലർ. വയററാണ്ടു ഒരാണ്ടുത ന്നെകൂടിക്കൊൾക എന്നു മററു ചിലർ. അതു് അന്നന്നു പ്രമാണ ഭൂതരോടുകേട്ടു നിൎണ്ണയിക്ക. കേൾപ്പാനൊരുക്കമില്ലാത്തപ്പോൾ പത്തുനാക്ഷത്രമാസത്തിന്നു് ഇരുനൂറെറഴുപത്തിമൂന്നു സാവനദിനം കൂട്ടിക്കൊൾക. അതൊ ഗൎഭാധാനദിവസം ദൈവഗത്യാ നിശ്ച യിച്ചറിഞ്ഞിരിക്കുന്നു എന്നാവൂ ഇരിപ്പതു് എങ്കിൽ അദ്ദിവസം മുതലായ് കൊൾക അത്രെ വേണ്ടുവതും.

ഇനി യജുൎവ്വേദികൾക്കു് ഉപാകൎമ്മത്തുന്നാൾ കൊള്ളുന്ന വ്രത ങ്ങൾക്ക കാലത്തെ നിയമിക്കുന്നതു ചാന്ദ്രമത്രെ മാനം. സാവന മല്ല. അതൊ പക്കത്തെത്തന്നെ ആശ്രയിച്ചിട്ടു യാതൊന്നു ചെ യ്യുന്നതു് അതിന്നുകാലം ചാന്ദ്രമത്രെ എന്നുണ്ടു ഞായം. അവിടെ വ്രതംകൊണ്ടിരിക്കുന്നനാൾ അധിമാസം മദ്ധ്യേ വരികിൽ അതുക ഴിച്ചു കാലംകൂടിയേ ആതുകഴിയാവൂതും. ഇനി ഉപാകൎമ്മത്തുന്നാ ളെന്നിയെ കൊള്ളുന്ന വ്രതങ്ങൾക്ക കാലം സാവനമത്രെ യജുൎവ്വേ ദികൾക്കുമെന്നു നിശ്ചയം. അക്കൊണ്ടവ്രതത്തിന്റെ മദ്ധ്യേ അധി മാസം വരികിൽ ആതുകഴിക്കേണ്ടതാനും കാലംകൂട്ടുവാൻ. അതൊ

അധിമാസമൊ ചാന്ദ്രമത്രേയല്ലൊ. സാവനമത്രെ വ്രതത്തിന്ന കാലംകൊണ്ടത് എന്നിട്ട്. പുംസവനത്തിന്ന് അത്യാപത്തുംകൽ നാക്ഷത്രമാസം കൊള്ളാമൊ എന്ന വിചാരിക്കണം.

അത്രേഷ്ടസ്സാവനോ മാസോ
നാക്ഷത്രഃ കൈശ്ചിദിഷ്യതേ.

എന്നുണ്ട മുഹൂൎത്തദീപകത്തിൽ പുംസവനത്തിന്ന ചൊല്ലിയേടത്തുകണ്ടു. അതും കേട്ടു നിൎണ്ണയിക്ക. കേൾപ്പാനൊരുക്കമില്ലാത്തപ്പോൾ സാവനന്തന്നെ കൊൾക.

ഇനി സീമന്തത്തിന്നുണ്ടു ചിലവൈരസ്യം വന്നു ഞായം. അച്ഛൻെറതാൻ, അമ്മയുടെതാൻ മരണമടുത്തു എന്ന നിൎണ്ണയം വരു. സാവനംകൊണ്ട് അഞ്ചാംതിങ്ങൾ ഗൎഭത്തിന്ന് എന്നംവന്നു. അവിടെ സൌരചാന്ദ്രനാക്ഷത്രങ്ങളിലൊന്നുകൊണ്ട് അഞ്ചാംതിങ്ങളല്ലാതയും വരു. അന്ന സീമന്തത്തിന്ന പൊഴുതുണ്ട് എന്ന വരികിൽ അന്ന സീമന്തം ചെയ്കയൊ ചെയ്യായ്കയൊ വേണ്ടുവത് എന്ന് ഇതു പെരികെ വിചാരിക്കണം. അതോ ദീക്ഷയിൽ സീമന്തം ചെയ്യേണ്ടിവരികിൽ ദീക്ഷവീടിയെയാവൂ എന്നൊരു ആചാരസ്ഥിതിവരുത്തിയല്ലൊ ഇരിക്കുന്നു.

മാതാപിത്രോൎവിശേഷേണ
ക്ഷപേത പരിവത്സരം.

എന്നുണ്ടാകയാൽ അവരുടെ ദീക്ഷയാകിൽ വീടാതെ ഇരിക്കാമല്ലൊ. എന്നാൽ അത്യാപത്തുകൽ സീമന്തത്തിന്നും സാവനമൊഴിച്ചുള്ള മാനങ്ങളിലൊന്നും കൊള്ളാമൊ എന്ന പ്രമാണഭൂതരോടു വിചാരിക്കണം. കേൾപ്പാനൊരുക്കമില്ലായ്കിൽ സൌരചാന്ദ്രനാക്ഷത്രങ്ങളിലൊന്നുകൊണ്ട് അഞ്ചാന്തിങ്ങളല്ലായ്കിൽ കൊള്ളുകെയുള്ളു.

ചൌളത്തിന്ന സൌരം മുഖ്യം എന്നെല്ലാക്കുമനുവാദം. സാവനംകൂടെക്കൊള്ളാമെന്ന നിശ്ചയം. ആട്ടപ്പിറന്നാൾവരുന്ന സൌരമാസത്തിൽ ചൌളത്തിന്ന പൊഴുതുകൊള്ളരുത്. അപ്പൊഴൊ സൌരവും ആട്ടപ്പിറന്നാളും തങ്ങളിലുള്ള പക്ഷത്തിൽ പൊഴുതു കൊള്ളായിട്ടും വരാ ചൌളത്തിന്ന്. അപ്പോൾ അവിടെ സൌരംകൊണ്ടു വൈരസ്യമില്ല. ഇനി മൂവാണ്ടും, അയ്യാണ്ടും, ഏഴാണ്ടും തുടങ്ങുന്ന ആട്ടപ്പിറന്നാൾ വരുന്ന സൌരമാസത്തി

ന്റെ അടുത്തു കീഴെ സൌരമാസത്താൽ സാവനംകൊണ്ടു മൂവാണ്ടുതാൻ, അയ്യാണ്ടുതാൻ, ഏഴ്വാണ്ടുതാൻ തുടങ്ങുകിൽ അന്നു ചൌളത്തിന്നു കൊള്ളാം.

സൌരോ വാ സാവനോ വാബ്ദ-
ശ്ചൌളാദൌ സാവനോ വ്രതേ.

എന്നു് ആചാരസംഗ്രഹം.

തൃതീയേ പഞ്ചമേ വാബ്ദേ
ചൌളേ സൌരേഽഥ സാവനേ
കുൎയ്യാൽ സഹോപനീത്യാ വാ
ന ചതുൎത്ഥേ ന ഷഷ്ഠകേ.

എന്നു് ആചാരദീപിക.

എന്നാൽ സാവനംകൂടിക്കൊള്ളാം ചൌളത്തിന് എന്നു നിശ്ചയം.

ഇനി സൌരംതന്നെ ചൊല്ലിയ ഗ്രന്ഥങ്ങൾ.

ചൌളം സൌരേ തൃതീയേഽബ്ദേ
പഞ്ചമേ സപ്തമേഽപി വാ
കുൎയ്യാൽ സഹോപനീത്യാ തൽ
കേചിൽ കുൎവ്വന്തി സൂരയഃ.

ഇതു മുഹൂൎത്തദീപകം.

തൃതീയേ പഞ്ചമേ വാബ്ദേ
ചൂഡാകൎമ്മ വിധീയതേ
വൎജ്ജ്യൌ ചതുൎത്ഥഷഷ്ഠാബ്ദൌ
സൌരോ മുഖ്യഃ സ്മൃതോ ബുധൈഃ.

ഇതു കാലദീപിക

എന്നാൽ ചൌളത്തിന്നബ്ദം സൌരമുഖ്യമാകുന്നതു്. സാവനംകൂടിക്കൊള്ളാമെന്നു നിശ്ചയം. ചൌളത്തിന്നു വയററാണ്ടു കൂടിക്കൊള്ളുമാറില്ലതാനും. ഉപനയനത്തിന്നു വയററാണ്ടുകൂടി ക്കൊള്ളുന്നു. സൌരവും സാവനവും കൊള്ളുകയുമാം. ഉപനയനത്തിന്നു സൌരംകൊണ്ടു് അയ്യാണ്ടു തികഞ്ഞാൽ പിന്നെ അറുപത്തുനാലു സാവനദിനം വൎജ്ജിക്കെ ഉളയ്ക്കൂരുതു്. ആവശ്യകത്തിങ്കലിത്രെ കണ്ടു ഞായം. ഗൎഭാദിയല്ല. ഏഴ്വാണ്ടുതുടങ്ങുന്നേടം ഗൎഭാദി കാങ്കെയുമാം.

ചോറൂണിന്നു സാവനം കൊള്ളാം എന്നെല്ലാക്കുമെന്നവാദമെല്ലാ. ആപത്തികൽ ചാന്ദ്രംകൂടികൊള്ളാമെന്നെല്ലാക്കുമെന്നവാദം. സൌരംകൂടി കൊള്ളാമെന്നു നിശ്ചയം. ഇവിടെച്ചിലരുണ്ടു സൌരത്തെ അംഗീകരിയാതെയും. സൌരംകൂടികൊള്ളാമെമ്മാൻ ഗ്രന്ഥം.

മാസോƒത്ര സാവനസ്തപിഷ്ട-
ശ്ചാന്ദ്രോƒപ്യത്രാപദിഷ്യതേ
സൌരോƒപി മുഖ്യ ഉദിത-
സ്തേഷ്വേകോ ന ഭവേദ്യദി.
ഷഷ്ഠോƒഷ്ടമോ വാ മാസോƒത്ര
പ്രാശനം ശോഭനം തതഃ.

എന്നു് ആചാരസംഗ്രഹം.

മാസസ്തജ്ജനനാദികോƒർക്കഗതിജഃ
ഷഷ്ഠോƒഷ്ടമോ വാ ശുഭഃ
കൈശ്ചിത് സാവനസംജ്ഞിതോ ഹി ഗദിത-
സ്സോയം തയോരുത്തമഃ
ബാലസ്യ പ്രഥമാന്നഭോജനവിധൌ,

ഇതു മാധവീയം.

ഇനി സൌരത്തെ അംഗീകരിയാത്തഗ്രന്ഥം.

സതാം മതസ്ത്രിശോർഭുക്തൌ
മാസസ്സാവനസംജ്ഞിതഃ
ആപദി വ്യോമബാണേന്ദു-
ദിനേ ച ക്രിയതേ ബുധൈഃ.
ബാലാന്നഭുക്തിരബ്ധ്യാബ്ധി-
ശശാംകദിവസേƒപി ച.

ഇതു മുഹൂർത്തദീപകം.

ഷഷ്ഠേƒന്നപ്രാശനം മാസേ
സാവനേ ചൈന്ദവേƒപി വാ.

ഇതു കാലദീപിക.

എന്നാൽ സൌരംകൊണ്ടാചാരവുമുണ്ടൊ ഇല്ലയൊ എന്നതിന്നും വിചാരിക്ക. ഇവിടെ സൌരചാന്ദ്രങ്ങളെക്കൊണ്ടു കൊള്ളു

ന്നേടത്തുണ്ടു വിചാരിക്കേണ്ടുവത്തു്. സ്ഫുടംകൊണ്ടൊ, മധ്യമം കൊണ്ടൊ അവ കാണേണ്ടു എന്നു്. സൌരംകൊണ്ടു കാണ്മാൻ ആറാംതിങ്ങളുടെ ഒടുക്കത്തെ അവകാശമുള്ളു. ചാന്ദ്രംകൊണ്ടു കാണ്മാൻ ആറാംതിങ്ങളുടെ ആദിയിലും എട്ടാംതിങ്ങളുടെ ആദിയിലും ഇവ രണ്ടേടത്തുമവകാശമുണ്ടു്. ഇവിടെ മധ്യമചാന്ദ്രം കൊണ്ടു് ആറാംതിങ്ങൾ തുടങ്ങിയാൽ കൊള്ളാമെന്നുണ്ടൊരു ഗ്രന്ഥംകണ്ടു.

ശൈലവേദവിധുവാസരാൽ പരം
രാത്രിഷു ത്രിഷു മുഹൂൎത്തമസ്തി ചേൽ
ബാലഭോജനമുശന്തി തദ്വിദഃ.

എന്നു്.

'വിമല' എന്നല്ലൊ മുഹൂൎത്തരത്നത്തിൽ മധ്യമചാന്ദ്രസംവത്സരത്തിന്റെ സാവനദിനസംഖ്യ ചൊല്ലി. അതിന്റെ ദ്വാദശാംശം ഇരുപത്തൊൻപതരസാവനദിനംവരും ഒരു മധ്യമചാന്ദ്രമാസത്തിന്നു്. അമ്മാസങ്ങളഞ്ചു തികയുമ്പോൾ നൂററിനാല്പത്തേഴരസാവനദിനമുണ്ടാം. നൂററിനാല്പത്തെട്ടാംദിവസമസ്തമിച്ചാൽ തുടങ്ങീട്ടുകൊള്ളാം എന്നവർ ചൊല്ലിയതു്. ഇനി സൌരസംവത്സരത്തിന്റെ സാവനദിനസംഖ്യ, 'മാതുല' എന്നല്ലൊ മുഹൂൎത്തരത്നത്തിൽ ചൊല്ലി. അപ്പൊഴൊ അതിൽ പാതിയല്ലൊ ആറു മാസത്തിന്നു വന്ന ഞായം. എന്നിട്ടു നൂറെറൺപത്തുരണ്ടര സാവനദിനം ചെല്ലുവോളം കൊള്ളാമെന്നുണ്ടുചിലർ നിനച്ചിരിക്കുന്നു. അതു മധ്യമംകൊണ്ടൊ സ്ഫുടംകൊണ്ടൊ എന്നുള്ള വിചാരം അവൎക്കില്ല എന്നല്ലല്ലി ഇരിക്കുന്നു എന്നുമറിഞ്ഞീലെ. അതൊ മധ്യമസൌരത്തിനും, സ്ഫുടസൌരത്തിനും ഒരാണ്ടുതികയുമ്പോൾ 'മാതുല' എന്ന സാവനദിനസംഖ്യ ഒക്കും. ആറുമാസത്തെല്ലുമ്പോളെല്ലാനാളുമൊവ്വാ. മന്ദോച്ചത്തിങ്കൽനിന്നുതാൻ, അതിന്റെ ചക്രാൎദ്ധത്തിങ്കൽനിന്നുതാൻ തുടങ്ങുകിലെ അതൊപ്പു. മറെറാരിടത്തുതുടങ്ങിയാലൊവ്വാ. അതൊക്കാത്തപ്രകാരം മേഷസംക്രാന്തി കഴിഞ്ഞു നടെ പിറപ്പു ഒരുത്തൻ. അവന്നു കന്നിഞായർ പോവോളന്നേരം ഉണ്ടു് ആറാംതിങ്ങൾ എന്നൊ നിശ്ചയമല്ലൊ. അവിടെയാറാംതിങ്ങളുടെ സാവനദിനസംഖ്യ, 'സിംഹസ്യ' എന്നു പ്രസിദ്ധമല്ലൊതാനും. അപ്പൊഴവിടെ സ്ഫുടംകൊണ്ടു് ആറുമാസത്തിന്റെ സാവനദിനസംഖ്യ നൂറെറൺപത്തേഴു്. ഇനി അവിടെ ത്തന്നെ മധ്യമംകൊണ്ടു് ആറു സൌരമാസത്തിന്റെ സാവനദിന

സംഖ്യ നൂററെൺപത്തിരണ്ടര. എന്നാൽ സ്ഫുടവും മധ്യമവും ഒക്കായവിടെ എന്നുവരും. ഇനി തുലാഞായർപിറക്കുന്ന നടെ സംക്രാന്തികഴിഞ്ഞു നടെ പിറപ്പു ഒരുത്തൻ. അവനു മീനഞായർ കഴിവോളമുള്ളനേരം ഉണ്ടു് ആറാംതിങ്ങൾ എന്നു നിശ്ചയം. അവിടെ തുലാഞായർതുടങ്ങി മീനഞായർ കഴിവോളമുള്ള സാവനദിനസംഖ്യ അറിവാൻ മാതുലനിൽനിന്നു സിംഹസ്യ എന്നു വാങ്ങി ശേഷിച്ചതു് അവിടത്തെ സാവനദിനസംഖ്യ എന്നു നിശ്ചയം. അപ്പൊഴോ എത്ര ശേഷിച്ചു എന്നതു നൂററെഴുപത്തെട്ടു സാവനദിനമെയുള്ളു. അതിപ്പോൾ ആറു സ്ഫുടസൌരമാസത്തിൻെറ സാവനദിനസംഖ്യ എന്നു നിശ്ചയം. ഇനി ഇവിടെയുമാറു മധ്യമസൌരമാസത്തിൻെറ സാവനദിനസംഖ്യ നൂററെണ്പത്തിരണ്ടര. ഇങ്ങനെ സ്ഫുടംകൊണ്ടും മധ്യമംകൊണ്ടും ആറുമാസം ചെല്ലുമ്പോൾ അവററിൻെറ സാവനദിനസംഖ്യ അവിടെയൊപ്പായുന്ന പ്രകാരം. ഇനി ഈവണ്ണമവിടെയവിടെക്കണ്ടുകൊൾക. ഇനി ഈ വിഭാഗത്തെ നിരൂപിക്കെ ഇളയ്യാം എന്നിട്ടല്ലല്ലീ സൌരത്തെ ഇവിടെച്ചിലർ അംഗീകരിയായിന്നു എന്നുമറിഞ്ഞീലെ. എന്നാൽ സ്ഫുടസൌരംകൊണ്ടത്രെ ആറാംതിങ്ങൾ കാണേണ്ടു. ഇവിടെ മധ്യമംകൊണ്ടല്ല. അതൊ മധ്യമത്തിന്നു് ഒരെടത്തും കാര്യകാരണതപമില്ലല്ലൊ എന്നിട്ടു്. ഇനിച്ചാന്ദ്രമാസം കാൺന്നേടത്തും സ്ഫുടംകൊണ്ടത്രെ കാണേണ്ടു. മധ്യമംകൊണ്ടല്ല. അതിന്നു കാര്യകാരണതപമില്ലായ്കയാൽ. ഇനി സ്ഫുടസൌരചാന്ദ്രങ്ങളെക്കൊണ്ടു് ആറാംതിങ്ങളറിവാനുപായം. സൌരംകൊണ്ടാറാന്തിങ്ങളറിയേണ്ടുമ്പോൾ മുഹൂർത്തനേരത്തെ ആദിത്യസ്ഫുടത്തിൽനിന്നു ജന്മകാലത്തുങ്കലെ ആദിത്യസ്ഫുടത്തെ വാങ്ങിയാൽ ശേഷമാറുരാശി തികവോളമുന്നേരം സൌരംകൊണ്ടു് ആറാംതിങ്ങൾ. ഇനിച്ചാന്ദ്രംകൊണ്ടാറാന്തിങ്ങളെങ്കിലും എട്ടാംതിങ്ങളെങ്കിലും തുടങ്ങുന്നേടമറിയേണ്ടുമ്പോൾ ഇവൻ പണ്ടേതൊരുപക്കം പിറന്നു അപ്പക്കമവിടെ വരുമ്പൊഴുതുതുടങ്ങി ഞായം. അവിടെ ആറാംതിങ്ങൾ തുടങ്ങുന്നേടം അറിയേണ്ടുമ്പോൾ ഇവൻ പിറന്ന ദിവസംതുടങ്ങി നൂററിനാല്പെത്തെട്ടാംദിവസത്തിന്നടുത്തു കാൺക. അവിടെ യാതൊരുപക്കത്തിലുമെത്രനാഴിക ചെന്നപ്പോൾ പിറന്നു എന്നു സൂക്ഷിച്ചുകണ്ടാൽ ഇവിടെ അപ്പക്കത്തിലത്രനാഴിക കഴിയുമ്പോൾ ആറാംതിങ്ങൾ തുടങ്ങും. ഇനി എട്ടാംതിങ്ങൾ തുടങ്ങുന്നേടം അറിയേണ്ടുമ്പോൾ ഇരുനൂറെഴാംദിവസത്തിന്നടുത്തു കാൺക.

അവിടെയും മുന്നേപ്പോലെ കണ്ടുകൊൾക. ഇവിടെ ഇന്നുമുണ്ടൊരു വിചാരം. ഇച്ചൊല്ലിയ മാസങ്ങളുടെ ആരംഭം പിറന്നപക്കം ഇവിടെത്തുടങ്ങുമ്പോൾ തന്നെയത്രെ. അതിലെത്രനാഴികചെന്നു എന്നല്ലാം കാണേണ്ടൂ എന്നല്ലല്ലീ ഇരിക്കുന്നു എന്ന്. ഇതു പ്രമാണഭൂതരോടു കേട്ടു നിർണ്ണയിക്ക. കേൾപ്പാനൊരുക്കമില്ലെങ്കിൽ പണ്ടു പക്കത്തിലെത്രനാഴികചെന്നപ്പോൾ പിറന്നു ഇവിടെയുമത്രനാഴിക അപ്പക്കത്തിൽ കഴിഞ്ഞേ അമ്മാസങ്ങൾ തുടങ്ങൂ എന്നു കണ്ടുകൊൾക. എന്നാൽ ചോറൂണിന്നു സാവനം സമ്മതമായിട്ടു കൊള്ളാം. ആപത്തുംകൽ ആറാംതിങ്ങൾ സ്ഫുടചാന്ദ്രം കൊണ്ടും കൊള്ളാം. സ്ഫുടചാന്ദ്രംകൊണ്ട് എട്ടാംതിങ്ങളും സ്ഫുടസൌരംകൊണ്ട് ആറാംതിങ്ങളും കൊള്ളാം. അതൊ ആചാരസംഗ്രഹത്തിൽ അങ്ങനെയല്ലൊ ചൊല്ലിക്കിടക്കുന്നു എന്നിട്ട്. ഇനി വാതിൽ പിറപ്പെടുവാനും ചോറൂണുപോലെതന്നെയത്രെല്ലൊ പൊഴുതു്. അതു നാലാംതിങ്ങളിൽ യോഗം വരായ്കിൽ ചോറൂണോടുകൂടെയാവൂ എന്നു നിശ്ചയം. എന്നാലതിന്നും സ്ഫുടസൌരംകൊണ്ടും സ്ഫുടചാന്ദ്രംകൊണ്ടും നാലാംതിങ്ങളിൽ വാതിൽ പിറപ്പെടാം. സാവനമൊ മുഖ്യമല്ലൊതാനും. ഇനി മുഹൂർത്തരത്നത്തിൽ ഉണ്ടു സൌരാദിസംവത്സരങ്ങളുടെ സാവനദിനസംഖ്യ ചൊല്ലീട്ട്.

അതു ഗ്രന്ഥം.

മാതുലപാതാലാതുല-
വിമലവരാംഗാന്ന്യഹഃപ്രമാണാനി
സൌരബൃഹസ്പതിസാവന-
ശീതഗുനാക്ഷത്രനാമാനി.

ഇങ്ങനെ.

ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ
കാലദീപകവ്യാഖ്യാനേ ബാലശങ്കരനാമ്നി
സാവനാദികാലമാനനിരൂപണം നാമ
ഏകാദശോഽദ്ധ്യായഃ.

ഇതി ബാലശങ്കരനാമ്നി പൂർവ്വഭാഗഃ സമാപ്തഃ.

---

ശുഭം ഭൂയാത്.